കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി ഡിസംബർ 2012

# സത്യജ്വാല

**രൂപതാമാർച്ച് സ്പെഷ്യൽ**

## മോണിക്കാ – തോമസ് ദമ്പതികൾക്ക് നീതിയുടെ പിറവിത്തിരുനാൾ നേടിക്കൊടുക്കുക

## അച്ചന്മാരെ തോൽപ്പിച്ച പോത്തച്ചൻ

## രൂപ 'താ' യാത്ര



## മോണിക്കായുടെ സമരപരിപാടികൾക്ക് ജെ.സി.സി.യുടെ പൂർണ്ണപിന്തുണ

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം -KCRM- ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി
(For Private Circulation Only)

ഡിസംബർ 2012 | പുസ്തകം 1 | ലക്കം 9



*എഡിറ്റർ*
ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*സംഭാവന അയയ്ക്കേണ്ട വിലാസം:*
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
പാലാ പി.ഒ., കോട്ടയം- 686575
ഫോൺ: 9495188610
E -mail: mtharakunnel@gmail.com

*ബാങ്ക് :* S B T, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120


അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.com

## ഈ ലക്കത്തിൽ


**മോണിക്കാ – തോമസ് ദമ്പതികൾക്ക് നീതിയുടെ പിറവിത്തിരുനാൾ നേടിക്കൊടുക്കുക**
മുഖക്കുറി 3

**മോണിക്കയുടെ സമരപരിപാടികൾക്ക് ജെ. സി. സി – യുടെ പൂർണ്ണപിന്തുണ** 5

**ദൈവത്തിനോ വേദന?** (കവിത)
റവ.ഡോ.ജെയിംസ് ഗുരുദാസ് 8

**രൂപ 'താ' യാത്ര**
മോണിക്കാ തോമസ് 9

**അറയ്ക്കൽ മോണിക്കയുടെ ഭൂമി തിരികെ നൽകുക – ജെ. സി. സി. പ്രമേയം** 11

**അച്ചന്മാരെ തോല്പിച്ച പോത്തച്ചൻ**
സെബി അതിരമ്പുഴ 12

**മോണിക്കാ പത്രങ്ങളിൽ നൽകിയ പരസ്യങ്ങൾ** 13

**Necessity of Church Act:**
Joseph Pulikunnel 14

**ചർച്ച് ആക്ടിന്റെ അനിവാര്യത**
ഇന്ദുലേഖാ ജോസഫ് 15

**അൽമായ ദൈവശാസ്ത്രം പരിഗണിക്കപ്പെടണമെന്ന്, മാർ കല്ലറങ്ങാട്ട്** 17

**മതാദ്ധ്യയനത്തിൽ വീണ്ടും കൃത്രിമം**
സക്കറിയാസ് നെടുങ്കനാൽ 18

**കുർബാന ചൊല്ലാതെ ചെയ്യുവിൻ**
സാമുവൽ കൂടൽ 20

**ഇളംങ്ങുളം പള്ളിയുടെ ഒന്നരവർഷത്തെ ചരിത്രം**
ജോസാന്റണി 23

**പാലാരൂപതവക 'വേദപാഠ'ക്കണക്കു പരീക്ഷ!**
കെ.ജോർജ് ജോസഫ് 24

**പരമ്പരാഗത ക്രൈസ്തവസങ്കൽപങ്ങൾക്ക് മാർപ്പാപ്പാ എതിരുനിൽക്കുന്നുവോ?** 25

**മാർ ആൻഡ്രൂസ് താഴത്ത് താഴിട്ടു**
കെ.ജോർജ് ജോസഫ് 26

**ജീവൻ ടി.വി. തർക്കത്തിലേക്ക് വിശ്വാസികളെ വലിച്ചിഴയ്ക്കരുത്**
കേരള കാത്തലിക്ക് ഫെഡറേഷൻ 26

**സാരാംശം – വളർച്ചയുടെ രഹസ്യം**
ജോസഫ് മറ്റപ്പള്ളി 28

**സഭയുടെ കിരാതനിയമംമൂലം മരിച്ചുവീഴുന്ന ഗർഭിണിമാർ**
ജോസഫ് പടന്നമാക്കൽ 30

**എഴുത്തുകുത്തുകൾ** 32

**ചുമ്മാ! ഒരു വിശ്വാസിയുടെ സംശയങ്ങൾ**
കെ.കുര്യാക്കോസ് ഏലിയാസ് എസ്സ്. 34




**സത്യജ്വാല മാസിക**

| സംഭാവന | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 15 രൂപാ | 70 രൂപാ |
| ഒരു വർഷം | 150 രൂപാ | 750 രൂപാ |
| 5 വർഷം | 600 രൂപാ | 3000 രൂപാ |



5



25



30

*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*
*മുഖചിത്രം: മോണിക്കാ ഭർത്താവ് ഡോ. തോമസ് അറയ്ക്കലിനെ പരിചരിക്കുന്നു*

2012 ഡിസംബർ
സത്യജ്വാല
മുഖക്കുറി

*"സ്വാതന്ത്ര്യത്തിലേക്കാണ് ക്രിസ്തു നമ്മെ മോചിപ്പിച്ചിരിക്കുന്നത്. അതിനാൽ ഉറച്ചു നിൽക്കുക. അടിമത്തത്തിന്റെ നുകത്തിനു കീഴിൽ വീണ്ടും നിങ്ങൾ അമരരുത്"(ഗലാ. 5:1).*

**പ**കൽക്കൊള്ളക്കാർ ചെയ്യാനറയ്ക്കുന്ന കാര്യങ്ങളാണ് കേരളത്തിലെ ചില പുരോഹിത സംഘങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അധർമ്മികളായ ഇവർ, ഭക്തിയുടെയും പ്രാർത്ഥനയുടെയും ആത്മീയതയുടെയും ആട്ടിൻതോൽ ധരിച്ച് സംഘംചേരുന്നു; പള്ളിഭക്തി രോഗികളായ ദുർബലവിശ്വാസികളുടെ വസ്തുവകകൾ ചിരിച്ചുകൊണ്ടടുത്തുചെന്നു തട്ടിയെടുക്കുന്നു! വഞ്ചിക്കപ്പെട്ടവർ ഞെട്ടിത്തരിച്ചു പൊട്ടിക്കരയുമ്പോൾ, കൈക്കലാക്കിയ ആധാരക്കടലാസുകൾ ഉയർത്തിക്കാട്ടി വിജയാട്ടഹാസങ്ങൾ മുഴക്കുന്നു! പള്ളിക്കു ലഭിച്ചതൊന്നും തിരിച്ചുകൊടുത്ത ചരിത്രമില്ലെന്ന് ഊറ്റംകൊള്ളുന്നു....! യേശുവിന്റെ സ്നേഹവായ്പിലും, കരുണയിലും കെട്ടിപ്പടുത്ത സഭയിലാണ്, ഈ ഹൃദയകാഠിന്യം ചില വൈദികരിൽ, കൊടികുത്തിവാഴുന്നത് എന്നോർക്കുക.

ഒരു പാഠം പഠിപ്പിച്ചേ അടങ്ങൂ; അതിനുള്ള ധർമ്മസമരവുമായി താൻ ഏതറ്റംവരെയും പോകും എന്ന നിശ്ചയദാർഢ്യത്തിലാണ് മോണിക്കാ തോമസ്. ഈ ഉദ്യമത്തിൽ അവരുമായി കൈകോർക്കാനും സമരമുഖം വിപുലവും ജനകീയവുമാക്കാനും, പൗരോഹിത്യദുഷ്പ്രഭുത്വത്തിനെതിരെ കേരളത്തിലങ്ങോളമിങ്ങോളം ഉയർന്നുവരുന്ന സ്വതന്ത്രക്രൈസ്തവപ്രസ്ഥാനങ്ങളുടെ കൂട്ടായ്മയായ 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലും രംഗത്തെത്തിയിരിക്കുന്നു.

അങ്ങനെയിതാ, കേരളസഭാന്തരീക്ഷത്തിൽ ഒരു ധർമ്മയുദ്ധത്തിന്റെ കാഹളധ്വനി ഉയരുകയായി. ചുറ്റും തോക്കുചൂണ്ടിനിന്ന സർ സി.പി. പോലീസ്പടയുടെ മുമ്പിൽനിന്ന്, 'വെക്കടാ വെടി' എന്നു നെഞ്ചുയർത്തി വെല്ലുവിളി മുഴക്കിയ അക്കാമ്മ ചെറിയാന്റെ നാടായ കാഞ്ഞിരപ്പള്ളിയിലിതാ, 'കൊന്നോളൂ , പക്ഷേ തോറ്റുതരില്ല' എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട്, മോണിക്കാ തോമസ് എന്ന മറ്റൊരു അക്കാമ്മ ചെറിയാൻ, പുരോഹിതഅധർമ്മികൾക്കെതിരെ ക്രിസ്തുധർമ്മത്തിന്റെ പാഞ്ചജന്യം മുഴക്കുന്നു! സ്വയംനിർമ്മിത നിയമങ്ങളുടെയും രാഷ്ട്രീയ മസിൽപവറിന്റെയും ഇരുമ്പുകവചമണിഞ്ഞുനിൽക്കുന്ന പുരോഹിതഗോലിയാത്തുമാർക്കെതിരെ, 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' എന്ന കൂടാരത്തിൽ, ക്രൈസ്തവ നീതിബോധത്തിന്റെ ഉന്നംതെറ്റാത്ത തെറ്റാലികളുമായി ദാവീദുമാരുടെ ഒരു പടതന്നെ താവളമടിച്ചിരിക്കുന്നു!

# മോണിക്കാ - തോമസ് ദമ്പതികൾക്ക് നീതിയുടെ പിറവിത്തിരുനാൾ നേടിക്കൊടുക്കുക

ഇത്രയും പറഞ്ഞത്, എരുമേലിയിൽ അറയ്ക്കൽ തോമസ്-മോണിക്കാ ദമ്പതികളുടെ, 25 കോടി രൂപായെങ്കിലും വിലമതിക്കുന്ന 5 ഏക്കറിലേറെ സ്ഥലം, 'ആവേ മരിയ' എന്ന ധ്യാനകേന്ദ്രത്തിലെ ചില അച്ചന്മാരുടെ നേതൃത്വത്തിലും കാഞ്ഞിരപ്പള്ളി മെത്രാന്റെ ഒത്താശയിലും വഞ്ചിച്ചെടുത്ത സംഭവത്തിന്റെ പശ്ചാത്തലത്തിലാണ്. മുമ്പും ഇത്തരം സംഭവങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ടെങ്കിലും, തട്ടിപ്പിനിരയായവരെ പിന്തുണയ്ക്കാനോ പ്രശ്നത്തെ ജനകീയമായി ഉയർത്തിക്കൊണ്ടുവരാനോ അന്ന് ആരുമില്ലായിരുന്നു. അതുപോലെതന്നെ, ഇരകളായവരാരും ചെറുത്തുനിൽക്കാനോ പടപൊരുതാനോ ശേഷി പ്രകടിപ്പിച്ചുമില്ല. എന്നാലിവിടെയിപ്പോൾ, ഇവ രണ്ടും ഒത്തുചേർന്നിരിക്കുകയാണ്. ഭർത്താവിനെ മരണക്കിടക്കയിൽ ശുശ്രൂഷിക്കുന്ന തിരക്കിലും യേശുവിന്റെ മുഖംകാട്ടി തന്നെ പറ്റിച്ച പുരോഹിതകശ്മലരെ

ഓർത്തിരിക്കുക - സഭയുടെ അരങ്ങുവാഴുന്ന ദുഷ്ടപുരോഹിതശക്തികൾക്കും, അവരുടെ ഇരകളുടെ നിലവിളികൾക്കെതിരെ കണ്ണും ചെവിയും വായും മൂടിനിൽക്കുന്ന കേരളത്തിലെ കത്തോലിക്കാമെത്രാൻ സമിതിക്കുമെതിരെ ക്രൈസ്തവവി

വിശ്വാസികൾ അങ്കംകുറിക്കുന്ന സുദിനം **2012 ഡിസംബർ 29-ാം തീയതി, ശനിയാഴ്ചയാണ്. അന്നുച്ചയ്ക്കു മൂന്നുമണിക്ക് കാഞ്ഞിരപ്പള്ളി ക്കവലയിൽനിന്നും കാഞ്ഞിരപ്പള്ളി മെത്രാന്റെ അരമനപ്പടിയിലേക്ക് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രകടനം ശ്രീമതി മോണിക്കാ തോമസ് നയി ക്കുന്നു.** അങ്ങേയറ്റം സമാധാനപരമായും ചിട്ടയോ ടുകൂടിയും നടത്തപ്പെടുന്ന ഈ പ്രകടനത്തിന്, 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലിന്റെ നിരവ ധിയായ പ്രമുഖനേതാക്കൾക്കൊപ്പം വൈദികരും മുൻ വൈദികരും കന്യാസ്ത്രീകളുമുൾപ്പെടെ എഴു ത്തുകാരുടെയും സ്വതന്ത്രചിന്തകരുടെയും ഒരു വൻ സംഘം നേതൃത്വം നൽകുന്നു. കേരളത്തി ന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള സ്വതന്ത്ര ക്രൈസ്തവസംഘടനാപ്രവർത്തകരും ഇതിൽ പങ്കെടുക്കുന്നു. കൂടാതെ, ഈ സമരത്തിന്റെ സാമൂഹികമാനത്തെക്കുറിച്ചു ബോധ്യമുള്ള നാനാ ജാതിമതസ്ഥരും നമുക്ക് ഐക്യദാർഢ്യം പ്രഖ്യാ പിച്ച് ഈ പ്രകടനത്തിൽ അണിചേരുന്നുണ്ട്.

**യേശുവിന്റെയും സഭയുടെയും പേരിൽ ഭൂമി തട്ടിയെടുത്ത്, ഇവിടുത്തെ വൈദികസമൂഹത്തി ന്റെയും കേരളസഭയുടെയാകെയും മുഖം വികൃ തമാക്കിയ വൈദികരും അതിനു കൂട്ടുനിന്ന രൂപ താമെത്രാനും ശിക്ഷിക്കപ്പെടണമെന്നും, ഭൂമി മോണിക്കാ-തോമസ് ദമ്പതികൾക്കു തിരിച്ചേൽ പ്പിക്കണമെന്നും ആവശ്യപ്പെട്ടു നടത്തുന്ന ഈ പ്രകടനത്തിൽ ഇത് വായിക്കുന്നവരെല്ലാം കഴി വതും പങ്കെടുക്കണമെന്ന് 'ജോയിന്റ് ക്രിസ് ത്യൻ കൗൺസി'ലിന്റെ പേരിൽ അഭ്യർത്ഥിക്കു ന്നു.** പുരോഹിതപീഡനം നേരിട്ടിട്ടുള്ള എത്രയോ പേർ, എത്രയോ കുടുംബങ്ങൾ, കേരളത്തിലുണ്ട്! തങ്ങളുടെ മനസ്സുകളിൽ അമർത്തിവച്ചിട്ടുള്ള ധാർമ്മികരോക്ഷവും പ്രതിഷേധവും പ്രകടിപ്പി ക്കാൻ ഏറ്റവും പറ്റിയ അവസരവും വേദിയുമാ ണിത് എന്നു മനസ്സിലാക്കി ഇതിൽ പങ്കാളികളാ കാൻ അവരെ പ്രത്യേകം ക്ഷണിക്കുന്നു.

മക്കളുടെ മാമോദീസാ, വിവാഹം, സ്വന്തം മരി ച്ചടക്ക് മുതലായവയ്ക്ക് തടസ്സം വരുമോ എന്ന ഭയംമൂലം ആരും ഇതിൽ പങ്കെടുക്കാതിരിക്കരു ത് എന്നഭ്യർത്ഥിക്കുന്നു. അതിനൊന്നും ഒരു പുരോ ഹിതനും ഇനിമേൽ ധൈര്യപ്പെടുകയില്ല. കൂദാശ കളും മരിച്ചടക്കുമെല്ലാം വിശ്വാസികളുടെ അവകാ ശമാണെന്ന് കോടതിവിധികൾതന്നെയുണ്ട്. ഇനി, ഇതിൽ പങ്കെടുത്തതിന്റെ പേരിൽ ആർക്കെങ്കിലും എന്തെങ്കിലും പ്രശ്നമുണ്ടായാൽ, അതാത് ഇടവ കയിലോ, രൂപതാ ആസ്ഥാനത്തോ 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' നേതാക്കളും പ്രവർത്ത കരും ഒന്നടങ്കമെത്തി അവകാശസമരത്തിന് നേതൃത്വം നൽകുന്നതാണ്.

കേരളസഭയുടെ ഭാവിചരിത്രത്തിൽ തങ്കലിപി കളിൽ എഴുതപ്പെടുമെന്നുറപ്പുള്ള ഈ സംരംഭ ത്തിൽ എത്ര ക്ലേശം സഹിച്ചും എത്തിപ്പെടാൻ, നീതി പുലരണം എന്നാഗ്രഹിക്കുന്ന എല്ലാവരും ഉത്സാഹിക്കുകതന്നെവേണം.

-ക്രിസ്മസ് ദിനം അടുക്കുന്നു. 'ഭൂമിയിൽ സന്മ നസ്സുള്ളവർക്കു സമാധാനം' എന്ന ആശംസാവ ചനങ്ങൾ കോടിക്കണക്കിനു കാർഡുകളിൽ ഇതെ ഴുന്ന സമയത്ത് അച്ചടിക്കപ്പെട്ടുകൊണ്ടിരിക്കു കയാണ്. പക്ഷേ, മൃതമായ വാക്കുകളിൽ! ആ സന്ദേശത്തിന്റെ അർത്ഥമറിയാതെയും ഉൾക്കൊ ള്ളാതെയും അവ അങ്ങോട്ടുമിങ്ങോട്ടുമയച്ച് മനു ഷ്യർ കൃതകൃത്യരാകുകയാണ്! സമാധാനം അങ്ങ കലെ എവിടെയോ നിലകൊള്ളുകയും ചെയ്യുന്നു.

നീതി നടപ്പാക്കപ്പെടുമ്പോഴാണ് സമൂഹ ത്തിലും മനുഷ്യഹൃദയങ്ങളിലും സമാധാനമുണ്ടാ കുന്നത്. അതായത്, നീതിബോധവും നീതിക്കു വേണ്ടി പീഡകളനുഭവിക്കാനുള്ള സന്മനസ്സും മനു ഷ്യനുണ്ടാകുമ്പോഴാണ്, ഭൂമിയിൽ സമാധാനമു ണ്ടാകുന്നത്. അതുകൊണ്ടാണ്, 'നീതിക്കുവേണ്ടി പീഡയനുഭവിക്കുവാൻ തയ്യാറാകൂ; അവരാണ് സ്വർഗ്ഗരാജ്യത്തിനർഹരാകുന്ന അനുഗൃഹീതർ' എന്ന് യേശു പഠിപ്പിക്കുന്നത്.

അതുകൊണ്ട്, വൃദ്ധരും നിസ്സഹായരുമായ മോണിക്കാ-തോമസ് ദമ്പതികൾക്ക് നീതിയുടേ തായ ഒരു പിറവിത്തിരുനാൾ നേടിക്കൊടുക്കുക എന്നതാവട്ടെ, നമ്മുടെ ഇത്തവണത്തെ ക്രിസ്മസ് - പുതുവത്സരാഘോഷം. വിശ്വാസാന്ധത യിൽനിന്ന് ഉറക്കമുണർന്നെണീറ്റ്, ലക്ഷങ്ങൾ വാരി യെറിഞ്ഞ് 'ചർച്ച് ആക്ട്' പരസ്യങ്ങൾ വിവിധ മാധ്യമങ്ങളിൽ കൊടുത്ത് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലിന്റെ മുഖ്യമുദ്രാവാക്യത്തിനു ശക്തി പകർന്നുകൊണ്ടിരിക്കുന്ന, അവർ നമ്മുടെയെല്ലാം പിന്തുണയും സഹായവും അർഹിക്കുന്നുതാനും.

നീതിബോധമുള്ളവരുടെയും നീതിക്കുവേണ്ടി പീഡകളനുഭവിക്കുന്നവരുടെയും നീതിനിഷേധിക്ക പ്പെട്ടവരുടെയും ഒരു ഒത്തുചേരലാണ്, ധാർമ്മിക ശക്തി പ്രകടനമാണ്, ഡിസംബർ 29-ാം തീയതി കാഞ്ഞിരപ്പള്ളിയിൽ നടക്കുന്നത്. ഇതിൽ പങ്കെ ടുത്ത്, അതിമഹത്തായ ഒരു ചരിത്രസംഭവത്തിൽ പങ്കാളിയാകാൻ കഴിഞ്ഞുവെന്ന് പിന്നീട് അഭിമാന ത്തോടെ ഓർക്കാൻ ഇതു വായിക്കുന്ന ഓരോരു ത്തർക്കും ഇടവരട്ടെ!

- എഡിറ്റർ

# മോണിക്കായുടെ സമരപരിപാടികൾക്ക് ജെ.സി.സി. യുടെ പൂർണ്ണപിന്തുണ

[എരുമേലി ഭൂമിതട്ടിപ്പ് വിഷയത്തിൽ നവംബർ 24-ന് ജെ.സി.സി. പാലായിൽ നടത്തിയ ചർച്ചാസമ്മേളനത്തിന്റെ റിപ്പോർട്ട്. ഫോട്ടോകൾക്ക് കവർ 3 കാണുക - എഡിറ്റർ]



**മോ**ണിക്കയുടെ പത്രപ്പരസ്യങ്ങൾ ഫലം ചെയ്തു. ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നവം-24-നു പാലായിൽ നടത്തിയ ചർച്ചാസമ്മേളനത്തിൽ കോഴിക്കോട്ടു നിന്നുവരെ ആളുകളെത്തി. കള്ളും കപ്പേം പന്നീം കൊതിച്ചെത്തുന്ന പ്രകടനത്തൊഴിലാളികളായിരുന്നില്ല, അവരാരും. തീവ്രമായ മൂല്യബോധം കൊണ്ടുണർന്ന ബുദ്ധിജീവികകളും ചിന്തകരും വിപ്ലവകാരികളുമായിരുന്നു, അവരിലേറെയും. 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലിന്റെ സംസ്ഥാന പ്രസിഡന്റ് ലാലൻ തരകൻ, വർക്കിംഗ് പ്രസിഡന്റ് ജോസഫ് വെളിവിൽ, ജന. സെക്രട്ടറി ആന്റോ കോക്കാട്ട്, ട്രഷറർ അഡ്വ. വർഗീസ് പറമ്പിൽ, ക്നാനായ കത്തോലിക്കാ നവീകരണ സമിതി ചെയർമാൻ ടി.ഒ. ജോസഫ്, ലാറ്റിൻ കാത്തലിക് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഇ.ആർ. ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു.

കെ.സി.ആർ.എം. സെക്രട്ടറി കെ.കെ. ജോസ് കണ്ടത്തിൽ സ്വാഗതം പറഞ്ഞു. താനുൾപ്പെടുന്ന കെ.സി.ആർ.എം. കമ്മിറ്റി ഇതുവരെ മോണിക്കാസംഭവത്തിൽ ഇടപെട്ടതെങ്ങനെ എന്നദ്ദേഹം വിശദീകരിച്ചു. ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ പ്രസിഡന്റ് ലാലൻ തരകന്റെ അദ്ധ്യക്ഷപ്രസംഗമായിരുന്നു തുടർന്ന്. യേശുവിന്റെ ആദർശങ്ങളിൽ നിന്നകന്ന് കഴുത്തറപ്പൻ കച്ചവടപ്പാതയിൽ പ്രവേശിച്ച സഭ തീവെട്ടിക്കൊള്ളയ്ക്കും മടിക്കില്ലെന്നുള്ളതിന്റെ ഉത്തമോദാഹരണമാണ് മോണിക്കാസംഭവമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തുടർന്നദ്ദേഹം, മോണിക്കയെ തന്റെ തിക്താനുഭവം പങ്കുവയ്ക്കുന്നതിനു ക്ഷണിച്ചു. ഇത്രയേറെ കഴിവും ലോകപരിചയവുമുള്ള ഇവർക്കെങ്ങനെ ഇങ്ങനെയൊരബദ്ധം സംഭവിച്ചു എന്ന് സദസ് അത്ഭുതപ്പെടത്തക്കവിധത്തിൽ, ഭംഗിയായി, മോണിക്കാ അവർ വഞ്ചിക്കപ്പെട്ട കഥ വിശദീകരിച്ചു. രാഷ്ട്രപതിമാരും പ്രധാനമന്ത്രിമാരും ശാസ്ത്രജ്ഞന്മാരും ബുദ്ധിജീവികളുംവരെ ആൾദൈവങ്ങളുടെ മുമ്പിൽ കുമ്പിടുന്നതു കണ്ടിട്ടുള്ളവർക്ക് ഇതിലത്ഭുതം തോന്നേണ്ട കാര്യമില്ല. ദൈവഭക്തി നല്ലതുതന്നെ. പക്ഷേ അതു പുരോഹിതഭക്തിയായി തരംതാഴരുത്. അധികമായാൽ അമൃതും വിഷം! ദൈവഭക്തിയാണെങ്കിലും അതു ലഹരിയായി പരിണമിക്കുമ്പോൾ മദ്യലഹരിയേക്കാൾ ആപൽക്കരമാണ്. മദ്യലഹരിക്കടിമപ്പെട്ട എത്രയോ സമർത്ഥന്മാർ എന്തെല്ലാം കോപ്രായങ്ങൾ കാട്ടിക്കൂട്ടിയിരിക്കുന്നു. ഇടശ്ശേരി എഴുതുന്നു.

> 'ഭക്തിയാം ചൂണ്ടയൊരിക്കൽ വിഴുങ്ങിയ
> ബുദ്ധിവിഹീനനു മുക്തിയില്ലൊരിക്കലും'

ഇവിടെ 'ഭക്തി'യുടെ സ്ഥാനത്ത് 'ഭക്തിലഹരി' എന്നൊരു തിരുത്തൽ കൊടുത്താൽ നമുക്കും സ്വീകാര്യമാണ്. വളരെ ബുദ്ധിപൂർവ്വം ആസൂത്രണം ചെയ്ത നാടകത്തിന്റെ പരിസമാപ്തിയായിരുന്നു തന്റെ നേരെ നടന്ന തട്ടിപ്പെന്ന് മോണിക്ക ഭംഗിയായി സമർത്ഥിച്ചു. ശക്തമായൊരു സമരപാതയിലേക്ക് താനിറങ്ങുകയാണെന്ന് അവർ പ്രഖ്യാപിക്കുകയും ചെയ്തു.

തുടർന്ന്, ജോസഫ് വെളിവിലിന്റെ പ്രസംഗമായിരുന്നു. ധാരാളം സമരങ്ങൾ നയിച്ച് അനുഭവസമ്പത്തുള്ള അദ്ദേഹം, ഇക്കാര്യത്തിൽ അണുവിട വിട്ടുവീഴ്ചയില്ലാതെ പൊരുതണമെന്ന് ആഹ്വാനം ചെയ്തു. ജന. സെക്രട്ടറി ആന്റോ കോക്കാട്ട് മോണിക്കായുടെ സമരത്തിന് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിലി'ന്റെ നിർല്ലോപമായ പിന്തുണ പ്രഖ്യാപിച്ചു. ആലോചനായോഗത്തിൽത്തന്നെ ഇത്രയേറെ ബഹുജനപങ്കാളിത്തമുണ്ടായത് ശുഭസൂചനയാണെന്ന് ടി.ഒ. ജോസഫ് ഓർമ്മിപ്പിച്ചു. ക്നാനായ നവീകരണസമിതി കോട്ടയത്തു നടത്തിയ യോഗത്തിലും പ്രകടനത്തിലും അയ്യായിരത്തിലേറെപ്പേർ പങ്കെടുത്തതു ചൂണ്ടിക്കാട്ടി, പുരോഹിതധാർഷ്ട്യത്തിനെതിരെ ആഞ്ഞടിക്കുന്ന മുട്ടാടുകളുടെ എണ്ണം കൂടിവരുന്നു എന്നദ്ദേഹം സമർത്ഥിച്ചു. ഇ.ആർ. ജോസഫ് തന്റെയും കോട്ടയം ജില്ലയിലെ ലത്തീൻ കത്തോലിക്കരുടെയും പിന്തുണ മോണിക്കയ്ക്കുണ്ടായിരിക്കുമെന്ന് ഉറപ്പുകൊടുത്തു. മോണിക്ക നടത്തുന്ന സമരങ്ങൾക്കും നയിക്കുന്ന പ്രകടനങ്ങൾക്കും തൊട്ടുപിറകേതന്നെ താൻ ഉണ്ടായിരിക്കുമെന്ന് കുമാരി ഇന്ദുലേഖാ ജോസഫ് പ്രഖ്യാപിച്ചു. അരമനകൾക്കു മുമ്പിൽ കുത്തിയിരിക്കാനും താൻ മുമ്പിലുണ്ടാവും. അഞ്ചാം വയസിൽ തോക്കിന്റെ തുമ്പത്ത് നൃത്തം ചവിട്ടിയ പാരമ്പര്യമാണു തനിക്കുള്ളതെന്നും കത്തോലിക്കാമാഫിയായെ തനിക്കു തരിമ്പും ഭയമില്ലെന്നും ഇന്ദുലേഖ ആവേശഭരിതയായി പറഞ്ഞു. ഈ സമരത്തിൽ പങ്കെടുക്കുന്നതിന്റെ പേരിൽ ആർക്കെങ്കിലും കൂദാശകൾക്കു തടസ്സമുണ്ടായാൽ, അതാതു പള്ളികൾക്കുമുമ്പിൽ സത്യഗ്രഹം ഇരിക്കാൻ വരാനും താൻ തയ്യാറാണ്, ഇന്ദുലേഖ വാഗ്ദാനം ചെയ്തു.

വെളിവിലിന്റെ പ്രസംഗത്തിനിടയിൽ ഒരു നാടകീയ സംഭവമുണ്ടായി. ഒരു ചേട്ടൻ എഴുന്നേറ്റുനിന്ന് ഇടപെടുവാൻ ശ്രമിച്ചു. താൻ പറഞ്ഞുതീർന്നിട്ടു പറയാമെന്ന് വെളിവിൽ പറഞ്ഞു. സദസിലുള്ളവരും അതുതന്നെ ആവർത്തിച്ചു. എന്നിട്ടും അദ്ദേഹം വെളിവിലിനുനേരെ നടക്കാൻ തുടങ്ങി. യോഗം കലക്കാൻ മെത്രാന്മാർ പറഞ്ഞുവിട്ട വിശുദ്ധഗുണ്ടയാണെന്നുതന്നെ എല്ലാവരും കരുതി. പക്ഷേ, ആന്റി ക്ലൈമാക്സ് സന്തോഷകരമായിരുന്നു. അദ്ദേഹം വികാരഭരിതനായി ഉറച്ചസ്വരത്തിൽ വെളിവിലിനോടു പറഞ്ഞു: 'കേരളത്തിലെ ഒരു മെത്രാന്റെ പെങ്ങളുടെ മകനാണ് ഞാൻ. കൂടെക്കിടക്കുന്നവനല്ലേ രാപ്പനി അറിയൂ'! എന്നിട്ടദ്ദേഹം കൂട്ടിച്ചേർത്തു: 'ഈ ചേച്ചിക്കുവേണ്ടി കഴുത്തു കണ്ടിച്ചിടാനും ഞാൻ തയ്യാറാണ്'. ഉടനടി സദസിൽനിന്ന് കരഘോഷം മുഴങ്ങി.

> വന്നവരിൽ അപൂർവ്വം ചിലർ പുരോഹിത മാഫിയാസംഘത്തിന്റെ ചാരന്മാരായിരുന്നു. അവർക്ക് മോണിക്കായെ കൊത്തിപ്പറിക്കുന്നതിലായിരുന്നു കൗതുകം. അവരുടെ മട്ടു കണ്ടാൽ തോന്നും, അതിനീചമായ തീവെട്ടിക്കൊള്ള നടത്തിയ കത്തോലിക്കാ മാഫിയയെക്കാൾ വലിയ തെറ്റു ചെയ്തത്, ഒരു ദുർബലനിമിഷത്തിൽ ഭക്തിലഹരിക്കടിപ്പെട്ട് സ്വത്തുക്കൾ നഷ്ടപ്പെടുത്തിയ മോണിക്കയാണെന്ന്!

അഡ്വ. വറുഗീസ് പറമ്പിൽ നിയമനടപടികളും പ്രക്ഷോഭപരിപാടികളും സമാന്തരമായി കൊണ്ടുപോകണമെന്ന് നിർദ്ദേശിച്ചു. പ്രക്ഷോഭപരിപാടികളിൽ പങ്കെടുത്താൽ സഭാധികൃതർ കൂദാശകൾ നിഷേധിക്കുമെന്ന ഭയം വിശ്വാസികൾക്കു പാടില്ലെന്നും, കൂദാശകൾ വിശ്വാസികളുടെ അവകാശമാണെന്ന് ഊന്നിപ്പറഞ്ഞുള്ള കോടതിവിധികൾ കേരളത്തിലുണ്ടായിട്ടുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പോപ്പു കേരളത്തിൽ വന്നപ്പോൾ പോപ്പിന്റെ കൈയിൽനിന്നും കുർബാന സ്വീകരിച്ച ഒരു ഉത്തമവിശ്വാസിക്ക് സഭാധികൃതർ പള്ളിസിമിത്തേരിയിൽ സംസ്കാരം നിഷേധിച്ചു. അയാളെ പൊതുശ്മശാനത്തിൽ അടക്കേണ്ടിവന്നു. ജോസഫ് വെളിവിലിന്റെ നേതൃത്വത്തിൽ കേസുകൊടുത്തു. അദ്ദേഹത്തിന്റെ മൃതശരീരം പൊതുശ്മശാനത്തിൽനിന്നും മാന്തിയെടുത്ത് പള്ളിശ്മശാനത്തിൽ സംസ്കരിക്കാൻ ബഹു. കോടതി ഉത്തരവിട്ടു. അമ്പതിനായിരം രൂപാ അദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കാനും വിധിച്ചു. അമ്പതിനായിരം രൂപയേ നഷ്ടപരിഹാരമായി ചോദിച്ചുള്ളു; അല്ലായിരുന്നെങ്കിൽ, കൂടുതൽ തുക വിധിച്ചേനെയെന്നു ജഡ്ജി കൂട്ടി

ച്ചേർത്തു. മരിച്ചടക്ക് നിഷേധിച്ച വികാരിക്കുതന്നെ സഭാപരമായ മൃതസംസ്കാരം നടത്തിക്കൊടുക്കേണ്ടിവന്നു. ഈ സംഭവം അഡ്വ. വറുഗീസ് വിശദീകരിച്ചത് സദസ് കരഘോഷങ്ങളോടെയാണ് ശ്രവിച്ചത്.

വന്നവരിൽ അപൂർവ്വം ചിലർ പുരോഹിത മാഫിയാസംഘത്തിന്റെ ചാരന്മാരായിരുന്നു. അവർക്ക് മോണിക്കായെ കൊത്തിപ്പറിക്കുന്നതിലായിരുന്നു കൗതുകം. അവരുടെ മട്ടു കണ്ടാൽ തോന്നും, അതിനീചമായ തീവെട്ടിക്കൊള്ള നടത്തിയ കത്തോലിക്കാ മാഫിയയെക്കാൾ വലിയ തെറ്റു ചെയ്തത്, ഒരു ദുർബലനിമിഷത്തിൽ ഭക്തിലഹരിക്കടിപ്പെട്ട് സ്വത്തുക്കൾ നഷ്ടപ്പെടുത്തിയ മോണിക്കയാണെന്ന്! കത്തോലിക്കാ മാഫിയായുടെ രാക്ഷസീയമായ ആർത്തിയിൽ അമർഷമുള്ള ചിലരും, സ്വർണ്ണമാല നഷ്ടപ്പെടുത്തിയ പൊന്നുമോനെ മാതാപിതാക്കൾ സ്നേഹബുദ്ധ്യാ ശാസിക്കുന്നതുപോലെ, മോണിക്കയെ കുറ്റപ്പെടുത്തുന്നുണ്ടായിരുന്നു. പക്ഷേ മോണിക്കായെ സ്നേഹബുദ്ധ്യാപോലും ശാസിക്കാൻ കൂടിയ യോഗമല്ലിത് എന്ന കാര്യം വേദിയിലിരുന്നവർ ഓർമ്മിപ്പിച്ചു. അത്തരം ശാസനകൾ ആ പാവം മുത്തശ്ശിക്ക് ബന്ധുമിത്രാദികളിൽനിന്നു വേണ്ടതിലധികം കിട്ടുന്നുണ്ട്.

പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം സാറിന്റെ പ്രസംഗമാണ് ചർച്ചയുടെ ഗതി തിരിച്ചുവിട്ടത്. കത്തോലിക്കാ മാഫിയായ്ക്ക് ഈ ദുനിയാവിൽ ആരെയെങ്കിലും ഭയമുണ്ടെങ്കിൽ അതു മാധ്യമങ്ങളെ മാത്രമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിലാണദ്ദേഹം അതു വിശദീകരിച്ചത്. ചങ്ങനാശ്ശേരി രൂപതയിലെ ഒരച്ചൻ ഒരു പെൺകുട്ടിയെ ഗർഭിണിയാക്കി. പ്രശ്നം രൂപതാകോടതിയിലെത്തി. അച്ചൻ കുറ്റമേറ്റു. എന്നിട്ടും അച്ചന് കൊടുത്ത ശിക്ഷ ഒരു സ്ഥലംമാറ്റം മാത്രം! അച്ചന്മാരുടെ ഒരു പാനൽ തയ്യാറാക്കിയ വിധിയുടെ പകർപ്പ് ഒരച്ചൻ സാറിനു കൈമാറി. സാറത് ഡോ. സി.പി. മാത്യുവിന് കൈമാറി. അദ്ദേഹം ധാർമ്മികരോഷംകൊണ്ടു ജ്വലിച്ചു. തന്റെ വീട്ടിൽവച്ചദ്ദേഹം ഇടവകയിലെ പ്രതികരണശേഷിയുള്ളവരുടെ ഒരു യോഗം വിളിച്ചുചേർത്തു. അതിന്റെ പ്രത്യാഘാതം ഭയങ്കരമായിരുന്നു. രാത്രി ഡോക്ടറുടെ വീടും കാറും വിശുദ്ധഗുണ്ടകൾ അടിച്ചുതകർത്തു. ഇതൊക്കെ പത്രങ്ങൾ തമസ്കരിച്ചു. വട്ടമറ്റം സാർ സംഭവം ബുദ്ധിജീവികളുടെ ശ്രദ്ധയിൽപെടുത്താൻ ഒരു യോഗം വിളിച്ചുചേർത്തു. ചെറുകര സണ്ണി ലൂക്കോസ് വിഷയം കേരളശബ്ദത്തിൽ വിശദമായി റിപ്പോർട്ടു ചെയ്തു. കത്തോലിക്കാ മാഫിയായുടെ ഇമേജ് കേരളത്തിലുടനീളം തകരാൻ ആ റിപ്പോർട്ടു കാരണമായി. കൂട്ടത്തിൽ പറയട്ടെ, മാധ്യമങ്ങൾ തമസ്കരിച്ച ഇന്ദുലേഖ പ്രശ്നവും മാധ്യമലോകത്ത് ആദ്യം പൊട്ടിച്ചത് സണ്ണി ലൂക്കോസായിരുന്നു. ശ്രീ. സണ്ണി ലൂക്കോസ് ഈ യോഗത്തിലും എത്തിച്ചേർന്നിട്ടുണ്ടെന്നകാര്യം ഇപ്പൻ വട്ടമറ്റം സാറിനെ അറിയിച്ചു. സാറും സദസും ആഹ്ലാദപൂർണമായിട്ടാണതു കേട്ടത്. അദ്ദേഹം മോണിക്കാപ്രശ്നം റിപ്പോർട്ടു ചെയ്യാനെത്തിയതായിരുന്നു. (2012 ഡിസം. 2-ന് ഇറങ്ങിയ 'കേരളശബ്ദ'ത്തിൽ മോണിക്കാവിഷയത്തിൽ നാലുപേജുള്ള സ്വചിത്രലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്-എഡിറ്റർ).

അതുകൊണ്ട്, കേസുകൾക്കു സമാന്തരമായി കത്തോലിക്കാമാഫിയായുടെ ഇമേജ് തകർക്കുക എന്ന യുദ്ധതന്ത്രമാണ് നമ്മൾ സ്വീകരിക്കേണ്ടത്, അദ്ദേഹം പറഞ്ഞു. ഇതിനു രണ്ടു ഫലമുണ്ട്:

1) മോണിക്കയുടെ 25 കോടി രൂപാ ഉത്തരത്തിൽ നിന്നെടുക്കാൻ നോക്കുമ്പോൾ, കക്ഷത്തിലുള്ള 25000 കോടി അവർക്കു നഷ്ടപ്പെടും. അതെങ്ങനെ? കത്തോലിക്കാമാഫിയാ ഒരു തട്ടിപ്പുകമ്പനിയാണെന്നും മെത്രാന്മാരിൽ പലരും സന്തോഷ് മാധവന്മാരേക്കാൾ നാണംകെട്ട തട്ടിപ്പുകാരാണെന്നും വിശ്വാസികളറിയുമ്പോൾ, അവർ പണം നേർച്ചക്കുറ്റിയിലിടാതെ ആ പണംകൊണ്ട് ചുറ്റുവട്ടത്തുള്ള ദുരിതബാധിതരെ സഹായിക്കാൻ ശ്രമിക്കും. അങ്ങനെ കർത്താവിന്റെ ജീവകാരുണ്യാദർശം പ്രയോഗത്തിൽ വരും.
2) പ്രതിച്ഛായ തകർന്നുകഴിയുമ്പോൾ അതു മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇടത്തേ കക്ഷത്തിലിരിക്കുന്ന 25000 കോടി രൂപാ കൂടി കത്തോലിക്കാമാഫിയയ്ക്കു ചാരിറ്റിക്കുവേണ്ടി വിനിയോഗിക്കേണ്ടിവരും. അങ്ങനെ അദ്ദേഹം ലോജിക്കലായി കാര്യങ്ങൾ വിശദീകരിച്ചു.

ഇപ്പന് വട്ടമറ്റം സാറിന്റെ പ്രസംഗം മൃതസഞ്ജീവനിയായി. നമ്മളിവിടെ സമ്മേളിച്ചിരിക്കുന്നത് ചേച്ചിയെ കുറ്റപ്പെടുത്താനല്ല. മറിച്ച്, ചേച്ചിയെ ആശ്വസിപ്പിക്കാനും അവർക്ക് സമരാവേശവും ഉന്മേഷവും ആത്മവിശ്വാസവും ശുഭപ്രതീക്ഷയും പകർന്നുകൊടുക്കാനുമാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ കേസിനോടൊപ്പം പ്രക്ഷോഭപരിപാടികൾ അതിശക്തമായി മുന്നോട്ടുകൊണ്ടുപോകേണ്ട കാര്യം ഇപ്പൻ ഓർമ്മിപ്പിച്ചു. ഇവിടെക്കൂടിയിരിക്കുന്ന നമ്മളെല്ലാം പുലിക്കുന്നന്റെ ഓശാന പെറ്റ പുലിക്കുട്ടികളാണെന്നും, ഈ പാവം അമ്മ നമ്മെ

അഭയംപ്രാപിച്ചിരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ മുത്തശ്ശി, കത്തോലിക്കാമാഫിയാ തലയിലെടുത്തുവെച്ച കൊഞ്ചുകുട്ടയാണെന്നും, കൊഞ്ചിന്റെ വിലയോർത്ത് ആർത്തിമൂത്ത അവർ, തങ്ങൾ എത്ര നാറിയാലും കുട്ട താഴെവയ്ക്കില്ലെന്ന വാശിയിലാണെന്നും, നാറ്റം വത്തിക്കാൻ വരെയെത്തുമ്പോൾ പോപ്പു മൂക്കും പൊത്തിക്കൊണ്ട് 'കുട്ട താഴെ വയ്ക്കിനെടാ' എന്ന് ചാക്രികമായി ഗർജ്ജിക്കുമെന്നും, ഇപ്പൻ തന്റെ സ്വതഃസിദ്ധമായ ശൈലിയിൽ ഈ സമരത്തിനുണ്ടാവാൻ പോവുന്ന വിജയസമാപ്തിയെ ദീർഘദർശനം ചെയ്തു. തുടർന്ന്, മോണിക്കയുടെ സമരത്തിന്റെ വിജയസാദ്ധ്യതയെ ഇപ്പൻ ഇങ്ങനെ അപഗ്രഥിച്ചു:

1) കോടിയിലൊരു സ്ത്രീയേ ഇങ്ങനെയൊരു പോരാട്ടത്തിനു തയ്യാറാവൂ. അതുകൊണ്ടുതന്നെ, മോണിക്കയുടെ നടത്താനിരിക്കുന്ന സമരങ്ങൾ വിപുലമായ മാധ്യമശ്രദ്ധ പിടിച്ചുപറ്റും.
2) അവർക്കു പോരാടണമെന്നേയുള്ളൂ; ജയിക്കണമെന്നില്ല.
3) തന്നെ കൊല്ലാനേ പറ്റൂ തോല്പിക്കാനാവില്ല എന്നവർ ഊറ്റം കൊള്ളുന്നു. ചെഗുവേര മാത്രമേ ഇതുവരെ ഇങ്ങനെ പറഞ്ഞിട്ടുള്ളൂ.
4) അവരുടെ അത്യസാധാരണമായ ധീരതയ്ക്കുദാഹരണമാണ്, മാധ്യമങ്ങളിൽ അവർ സ്വന്തം ഫോട്ടോവച്ച് കൊടുക്കുന്ന പരസ്യങ്ങൾ.
5) അവരിന്നും തീർത്തും ദരിദ്രയല്ല. സ്വന്തം പേരിലുള്ളതുമുഴുവൻ നഷ്ടപ്പെട്ടെങ്കിലും, മക്കളില്ലാത്ത അവർ ഭർത്തൃസ്വത്തിനും അവകാശിയാണ്. ഉള്ള കാശ് ചങ്കുവെറ കൂടാതെ കേസുകൾക്കും പരസ്യങ്ങൾക്കും പ്രക്ഷോഭപരിപാടികൾക്കുമായി വാരിയെറിയാനും അവർക്കു മടിയില്ല.
6) അവരെ പിന്തുണയ്ക്കുന്നത്, മെത്രാന്മാരുടെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങൾക്കുവേണ്ടി നാവും വെളിക്കിട്ടിരിക്കുന്ന നായ്ക്കുട്ടികളല്ല, പുലിക്കുന്നന്റെ ഓശാന പ്രസവിച്ച പുപ്പുലികളാണ്. തന്റെ കാര്യം സാധിച്ചില്ലെങ്കിലും, തന്നെ മണ്ടിയാക്കിവരെ ഒരു പാഠം പഠിപ്പിക്കണമെന്ന അത്യസാധാരണമായ വാശി അവർക്കുണ്ട്. ഈ വാശിയുടെ സാമൂഹികമായ മാനത്തെക്കുറിച്ച് അവർക്കു നല്ല ബോദ്ധ്യവുമുണ്ട്. തനിക്കു സംഭവിച്ചത് ലോകത്തിനിയൊരു സ്ത്രീക്കും കത്തോലിക്കാമാഫിയായിൽനിന്നുണ്ടാകരുതെന്ന ശ്രേഷ്ഠമായ ലക്ഷ്യമാണവരെ നയിക്കുന്നത്.

2 pm -ന് ആരംഭിച്ച പരിപാടി 6 pm വരെ നീണ്ടു. ഈ പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട്, ശ്രേഷ്ഠമെത്രാപ്പോലിത്തായ്ക്കും എല്ലാ മെത്രാന്മാർക്കും അയച്ചുകൊടുക്കുന്നതിനായി തയ്യാറാക്കിയ പ്രമേയം KCRM ചെയർമാൻ ശ്രീ കെ. ജോർജ് ജോസഫ് വായിച്ചവതരിപ്പിക്കുകയും എല്ലാവരും അതു കൈയ്യടിച്ചംഗീകരിക്കുകയും ചെയ്തു. സമരപരിപാടികൾക്കു രൂപംകൊടുക്കാൻ KCRM കമ്മറ്റിയെയും JCC നേതാക്കളെയും യോഗം ചുമതലപ്പെടുത്തി.

ചർച്ചയ്ക്കുശേഷം, ശ്രീ ചാക്കോ കളരിക്കൽ രചിച്ച 'സഭാനവീകരണത്തിലേക്ക് ഒരു വഴി' എന്ന പുസ്തകത്തിന്റെ പ്രകാശനമായിരുന്നു. ജെ.സി.സി പ്രസിഡന്റ് ശ്രീ ലാലൻ തരകനാണ്, 'സത്യജ്വാല' എഡിറ്റർ ശ്രീ. ജോർജ് മൂലേച്ചാലിനു പുസ്തകം നൽകി പ്രകാശനകർമ്മം നിർവ്വഹിച്ചത്. സഭാനവീകരണം ലക്ഷ്യംവെച്ച്, ഒരു തപസ്യയെന്നോണം പുസ്തകരചന നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ശ്രീ കളരിക്കലിനെ ശ്ലാഘിച്ച് ഇരുവരും സംസാരിച്ചു.

ശ്രീമതി അലോഷ്യാ ജോസഫിന്റെ നന്ദിപ്രസംഗത്തോടെ പരിപാടി പര്യവസാനിച്ചു.

**– കെ.കെ.ജോസ് കണ്ടത്തിൽ** (സെക്രട്ടറി, KCRM)

# ദൈവത്തിനോ വേദന?

**റവ. ഡോ. ജയിംസ് ഗുരുദാസ്**



['മോചനകാഹളം' എന്ന കവിതാസമാഹാരത്തിൽ നിന്ന് - എഡിറ്റർ]

സക്രാരിയാകുന്ന കാരാഗൃഹത്തിൽ, തൻ
കർത്താവിനാശ്വാസമില്ലെന്ന തോന്നലാൽ
മുട്ടിന്മേൽനിന്നു കരഞ്ഞു കണ്ണീർ ചിന്തും
ഭക്താ നിൻ കർത്താവിനില്ല മനോദുഃഖം.

ഇല്ലാ വിശപ്പും വിഷാദവും ദൈവത്തി–
നില്ലാ വിയർക്കുന്ന മൂർത്തമാം ദേഹവും.
ഇല്ലാത്തൊരല്ലൽ നിനച്ചു കേഴും നിന്നിൽ
കല്ലിന്നു തുല്യമായില്ലേ കരൾ ചിരം.

എല്ലൂന്തി നിൻമുമ്പിൽ നില്ക്കുന്ന സോദരർ–
ക്കില്ലേ വിശപ്പിന്റെ ക്രൂരമാം വേദന?
എങ്കിൽ നിറുത്തൂ വിലാപവും തേങ്ങലും
നിൻ കരം നീട്ടുവിൻ, പോറ്റുവിൻ മർത്ത്യരെ.



# രൂപ 'താ'യാത്ര

മോണിക്കാ തോമസ്

[കലാകൗമുദി, ചിന്ത, ദേശാഭിമാനി, മംഗളം എന്നീ വാരികകളിലും മലയാളം, കന്യക എന്നീ ദൈവാരികകളിലും ശ്രീമതി മോണിക്കാ തോമസ് കൊടുത്ത പരസ്യം - എഡിറ്റർ]

**അ**ർദ്ധനഗ്നനായ ഒരപ്പൂപ്പൻ വേച്ചുവേച്ച് വിറച്ചുവിറച്ച് വടിയും കുത്തിപ്പിടിച്ച് കടൽത്തീരത്തെത്തി, ഒരു കുഞ്ഞുചട്ടിയിൽ അൽപം കടൽവെള്ളമെടുത്ത് കുറുക്കിപ്പറ്റിച്ച് ലേശം ഉപ്പുണ്ടാക്കുക. ഒരുമുത്തശ്ശി തന്റെ സർവ്വസ്വവും കൊള്ളയടിച്ച കാഞ്ഞിരപ്പള്ളി മെത്രാന്റെ അരമനപ്പടിയിലേക്ക് ഏതാനും ചുവടുകൾ നടക്കുക- പ്രത്യക്ഷത്തിൽ വളരെ നിസ്സാരമായ രണ്ട് സംഭവങ്ങൾ! പക്ഷേ, അപ്പൂപ്പൻ അന്നു നടന്നപ്പോൾ സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അസ്തിവാരംവരെ ഇളകിക്കുലുങ്ങി. നിങ്ങൾ സഹകരിക്കുമെങ്കിൽ, ഈ മുത്തശ്ശി **29.12.'12, ശനിയാഴ്ച, ഉച്ചകഴിഞ്ഞ് 3 മണിക്ക്, കാഞ്ഞിരപ്പള്ളി പേട്ടക്കവലയിൽനിന്ന് കാഞ്ഞിരപ്പള്ളി മെത്രാന്റെ അരമനയിലേക്ക്, ചതിച്ചു വാങ്ങിയ രൂപ'താ'എന്നാവശ്യപ്പെട്ടു നടത്തുന്ന മാർച്ച്** ലോകരാഷ്ട്രീയത്തെത്തന്നെ നിയന്ത്രിക്കുന്ന കത്തോലിക്കാ മാഫിയായുടെ അസ്തിവാരത്തെ വിറപ്പിക്കും.

അമേരിക്കയിൽ അടിമകൾക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ അവർ ആദ്യം ചങ്ങല അഴിക്കാൻ കൂട്ടാക്കിയില്ലത്രേ! അങ്ങനെ ഒരു അവസ്ഥയിലാണ് കേരളത്തിലെ കത്തോലിക്കരും. മെത്രാന്മാരുടെ രാക്ഷസീയമായ ആർത്തിക്കെതിരെ രൂപംകൊണ്ട 12 അൽമായസംഘടനകളുടെ കൂട്ടായ്മയായ 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിലി'ന്റെ ചുണക്കുട്ടികൾ കത്തോലിക്കർക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്തിരിക്കുന്നു. പക്ഷേ, അവരത് ആഘോഷിക്കാൻ കൂട്ടാക്കുന്നില്ല. സഭയുടെ ഇന്നത്തെ അവസ്ഥയിൽ ഭൂരിപക്ഷംപേരും അസംതൃപ്തരാണ്. പക്ഷേ, പലരും പ്രതികരിക്കാൻ ധൈര്യപ്പെടുന്നില്ല. കൊച്ചുമക്കളുടെ മാമ്മോദീസായ്ക്കും മക്കളുടെ കല്യാണത്തിനും സ്വന്തം മരിച്ചടക്കിനും മുടക്കം നേരിടുമോയെന്ന ഭയമാണ് അവരെ നയിക്കുന്നത്. ഈ മാർച്ചിൽ പങ്കെടുക്കുന്നതിന്റെ പേരിൽ ആർക്കെങ്കിലും കൂദാശകൾക്കു മുടക്കം നേരിട്ടാൽ ഞാൻ 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിലി'ന്റെചുണക്കുട്ടികളോടൊപ്പം എവിടെയും സത്യഗ്രഹമിരിക്കുവാൻ വരാൻ തയ്യാറാണ്.

'ജോയിന്റ് ക്രിസ്ത്യൻ കൗൺസിലി'ന്റെ നേതാക്കന്മാരായ ലാലൻ തരകൻ, ആന്റോ കോക്കാട്ട്, ജോസഫ് വെളിവിൽ, അഡ്വ. വർഗ്ഗീസ് പറമ്പിൽ, ഫെലിക്സ് പുല്ലൂടൻ, ജോയിപോൾ പുതുശ്ശേരി, എം.എൽ ജോർജ്, വി.കെ.ജോയി, റ്റി.ഒ. ജോസഫ്, ഈ. ആർ.ജോസഫ്, കെ.ജോർജ് ജോസഫ്, കെ.കെ.ജോസ്, ജോർജ് മൂലേച്ചാലിൽ, സാമുവൽ കൂടൽ, മറിയമ്മ, ബേബി പള്ളത്ത്, മാത്യു തകിടി

മന്ദമരുതി വനത്തിൽ കൊലചെയ്യപ്പെട്ട മറിയക്കുട്ടിയുടെ മകൻ ജോയിമോനും ഭാര്യയും രണ്ട് പെൺമക്കളും എന്നോടൊപ്പം ഏറ്റവും മുൻപിൽതന്നെ ഉണ്ടാകും. ഫാ. ബെനഡിക്ടിനെ പുണ്യവാനായി നാമകരണം ചെയ്യുന്ന 'അഗ്നിശുദ്ധി' എന്ന ഗ്രന്ഥത്തിന്റെ കവർപേജിൽ വെളുക്കെ ചിരിക്കുന്ന കളർഫോട്ടോസഹിതം ആശംസ എഴുതിയത് മാർ മാത്യു അറയ്ക്കലാണ്. പുരോഹിതന്റെ പാപഭാരം നിഷ്കളങ്കനായ കാഞ്ഞിരപ്പള്ളിക്കാരൻ ഡോക്ടറുടെ പിടലിക്ക് വെച്ചുകെട്ടുകയായിരുന്നെന്ന കാര്യം മറ്റാരുമറന്നാലും കാഞ്ഞിരപ്പള്ളിക്കാർ മറക്കരുതേ!

യേൽ, കെ.സി.വർഗ്ഗീസ്, പി.കെ. മാത്യു, ഫാ. ഏബ്രഹാം വെള്ളാംതടം, സിസ്റ്റർ മരിയാ തോമസ്, ജോസ് പുളിക്കക്കുന്നേൽ, അഡ്വ. ലിജാ ജെയിംസ്, സെലസ്റ്റിൻ ഡിസ്മസ്, പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം, പ്രൊഫ. ജോസഫ് വർഗ്ഗീസ് എന്നിവരാണ് ഈ മാർച്ച് നയിക്കുന്നത്. ഇവരെല്ലാവരും ചിന്തകരും എഴുത്തുകാരും മതപരിഷ്കർത്താക്കളുമാണ്.

മന്ദമരുതി വനത്തിൽ കൊലചെയ്യപ്പെട്ട മറിയക്കുട്ടിയുടെ മകൻ ജോയിമോനും ഭാര്യയും രണ്ട് പെൺമക്കളും എന്നോടൊപ്പം ഏറ്റവും മുൻപിൽത്തന്നെ ഉണ്ടാകും. ഫാ. ബെനഡിക്ടിനെ പുണ്യവാനായി നാമകരണം ചെയ്യുന്ന 'അഗ്നിശുദ്ധി' എന്ന ഗ്രന്ഥത്തിന്റെ കവർപേജിൽ, വെളുക്കെ ചിരിക്കുന്ന കളർഫോട്ടോസഹിതം, ആശംസ എഴുതിയത് മാർ മാത്യു അറയ്ക്കലാണ്. പുരോഹിതന്റെ പാപഭാരം നിഷ്കളങ്കനായ കാഞ്ഞിരപ്പള്ളിക്കാരൻ ഡോക്ടറുടെ പിടലിക്ക് വെച്ചുകെട്ടുകയായിരുന്നെന്ന കാര്യം മറ്റാരു മറന്നാലും കാഞ്ഞിരപ്പള്ളിക്കാർ മറക്കരുതേ! മെത്രാന്മാരുടെ ധാർഷ്ട്യത്തിനെതിരെ പ്രതികരിച്ചതിനാൽ ജോലി നഷ്ടപ്പെട്ട സിസിലി തോമസും, പിതാവ് മതവിമർശന ഗ്രന്ഥം എഴുതിയതിന്റെ പേരിൽ അരുവിത്തുറ സെന്റ് ജോർജ് കോളജിൽനിന്നും ആട്ടിപ്പുറത്താക്കപ്പെട്ട – അഞ്ചാം വയസ്സിൽ പാർലമെന്റിന്റെ മുമ്പിൽ നൃത്തം ചവിട്ടി പ്രതിഷേധിച്ച – ഇന്ദുലേഖാ ജോസഫും, ജോയിമോന്റെയും കുടുംബത്തിന്റെയും തൊട്ടുപുറകെതന്നെയുണ്ടാകും. സിപിയുടെയും സായിപ്പിന്റെയും തോക്കിന്റെ മുൻപിൽ നിവർന്നു നിന്ന് 'വെക്കെടാ വെടി' എന്നു ഗർജ്ജിച്ച അക്കാമ്മ ചെറിയാന്റെ നാടാണ് കാഞ്ഞിരപ്പള്ളി. അവിടുത്തെ അമ്മമാർ എന്നോടൊപ്പം ഉണ്ടാകുമെന്നാണ് എന്റെ പ്രതീക്ഷ.

'ഒരു വൈദികന്റെ ഹൃദയമിതാ' എന്ന ആത്മകഥ എഴുതി പുരോഹിത സദാചാരക്കോട്ടയുടെ കടയ്ക്കൽ ബോംബുപൊട്ടിച്ച ഷിബു അച്ചനും, പൊതുശ്മശാനത്തിൽ അടക്കിയ ആളുടെ മൃതശരീരം കേസു കൊടുപ്പിച്ച് മാന്തി എടുപ്പിച്ച് പള്ളി സെമിത്തേരിയിൽ അടക്കിപ്പിച്ച ജോസഫ് വെളിവിലും, കൂദാശകൾ വിശ്വാസികളുടെ അവകാശമാണെന്ന കോടതിവിധി സമ്പാദിച്ച പോൾസൺ കയ്പമംഗലവും, തട്ടുങ്കൽ മെത്രാനെ കെട്ടുകെട്ടിച്ച എറണാകുളത്തെ സിംഹക്കുട്ടികളും ഈ അമ്മയ്ക്ക് പിന്തുണ പ്രഖ്യാപിച്ചിരിക്കുകയാണ്. അവരും എത്തുന്നുണ്ട്. നോക്കൂ! മക്കളില്ലാത്ത ഈ അമ്മയ്ക്ക് ഒരാപത്തു വന്നപ്പോൾ പരമകാരുണികനായ യേശു എത്ര മക്കളെയാണ് സമ്മാനിക്കുന്നത്!

'ഒരു വൈദികന്റെ ഹൃദയമിതാ' എന്ന ആത്മകഥ എഴുതി പുരോഹിത സദാചാരക്കോട്ടയുടെ കടയ്ക്കൽ ബോംബുപൊട്ടിച്ച ഷിബു അച്ചനും, പൊതുശ്മശാനത്തിൽ അടക്കിയ ആളുടെ മൃതശരീരം കേസു കൊടുപ്പിച്ച് മാന്തി എടുപ്പിച്ച് പള്ളി സെമിത്തേരിയിൽ അടക്കിപ്പിച്ച ജോസഫ് വെളിവിലും, കൂദാശകൾ വിശ്വാസികളുടെ അവകാശമാണെന്ന കോടതിവിധി സമ്പാദിച്ച പോൾസൺ കയ്പമംഗലവും, തട്ടുങ്കൽ മെത്രാനെ കെട്ടുകെട്ടിച്ച എറണാകുളത്തെ സിംഹകുട്ടികളും ഈ അമ്മയ്ക്ക് പിന്തുണ പ്രഖ്യാപിച്ചിരിക്കുകയാണ്.

ഞാൻ എന്റെ കർത്താവിന്റെ സഭയെ നാറ്റിക്കുന്നുവത്രെ! എന്റെ ശത്രുക്കൾ അങ്ങനെ ഒരു ആരോപണം എന്റെ നേരെ ഉന്നയിക്കുന്നുണ്ട്. ഞാനൊരു നേഴ്സായിരുന്നു. വ്രണംവച്ചു കെട്ടുന്നതിനുമുമ്പ് പഴുപ്പും ദുഷിച്ച ചോരയും ചലവും ചളിയും ഞങ്ങൾ ഞെക്കിച്ചാടിക്കാറുണ്ട്. അപ്പോൾ രോഗിക്കു വേദനയും ചുറ്റും നിൽക്കുന്നവർക്കു ദുർഗന്ധവും അനുഭവപ്പെടും. എന്തു ചെയ്യാം? രോഗം ഭേദമാകണമെങ്കിൽ രോഗിയും ഡോക്ടറും നേഴ്സും ബന്ധുക്കളും അത് സഹിച്ചേ മതിയാകൂ.

മുത്തശ്ശിയുടെ കാര്യത്തിനുവേണ്ടി ഞങ്ങൾ എന്തിന് ബുദ്ധിമുട്ടണമെന്ന് ആരും വിചാരിക്കരുതേ. ഒരു രോഗിയെ ബാധിച്ച മരുന്നില്ലാത്ത മാരകരോഗത്തിനു കണ്ടുപിടിക്കുന്ന മരുന്ന് അയാൾക്കുമാത്രമല്ല, ലോകത്തിനുമുഴുവനും അനന്തര തലമുറകൾക്കും പ്രയോജനപ്പെടുന്നു. അതുപോലെ എന്റെ പ്രശ്നത്തിന് പരിഹാരമായാൽ, നിങ്ങളുടെ വരുവാനിരിക്കുന്ന ഒരുപാട് പ്രശ്നങ്ങൾക്കു പരിഹാരമാകും.

സർവ്വസ്വവും കൊള്ളയടിക്കപ്പെട്ട ഞാൻ വിധവയുടെ കൊച്ചുകാശുകൊണ്ടാണ് ഈ പരസ്യം ഇടുന്നത്. എന്റെ ഭർത്താവ് മരണക്കിടക്കയിലാണ്. **ഡിസംബർ 29–ാം തീയതി 3 പിഎം–ന്** ഞാൻ നടത്തുന്ന രൂപ'താ'മാർച്ചിന്റെ കാര്യം പരമാവധിപേരോടു പറഞ്ഞുപരത്തണേ. കഴിയുമെങ്കിൽ, ഈ പരസ്യത്തിന്റെയും കഴിഞ്ഞ പരസ്യത്തിന്റെയും ഫോട്ടോസ്റ്റാറ്റുകൾ എടുത്ത് പരമാവധിപേർക്ക് വിതരണം ചെയ്യണമേ. പോലീസിനെയും വിശുദ്ധ ഗുണ്ടകളെയും ഭയന്ന് ആരും വരാതിരിക്കരുതേ. ഇത് അമ്മമാർ നടത്തുന്ന സമരമാണ്. പോലീസുകാരും വിശുദ്ധഗുണ്ടകളും അമ്മമാർ ഉള്ളവരാണ്. പുരോഹിതശാപം ഭയന്നും ആരും വരാതിരിക്കരുതേ. ഈ മാർച്ചിൽ പങ്കെടുത്താൽ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യണമെന്ന് പഠിപ്പിച്ച യേശുവിന്റെ അനുഗ്രഹം നിങ്ങൾക്ക് സമൃദ്ധമായി ലഭിക്കും.

# അറയ്ക്കൽ മോണിക്കയുടെ ഭൂമി തിരികെ നൽകുക

[2012 നവംബർ 24-നു റ്റോംസ് ചേംബർ ഹാളിൽ ചേർന്ന പൊതുയോഗം അംഗീകരിച്ച പ്രമേയം- എഡിറ്റർ]

**2012** ഓഗസ്റ്റ് മാസം മുതൽ വിവിധ അച്ചടി ദൃശ്യമാധ്യമങ്ങളിൽ വാർത്തയായും പരസ്യമായും പ്രത്യക്ഷപ്പെടുകയും ഇപ്പോഴും തുടരുകയും ചെയ്യുന്ന ഒരു സംഭവം എന്ന നിലയിൽ, വളരെയേറെ പൊതുജനശ്രദ്ധ നേടിക്കഴിഞ്ഞ ഒരു വിഷയമാണ് കൊരട്ടിയിലെ ആവേ മരിയ ധ്യാനകേന്ദ്രവുമായി ബന്ധപ്പെട്ട ഭൂമി വിവാദം. അതിനാൽത്തന്നെ, 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലിന്റെ ഘടകസംഘടനയായ പാലായിലെ 'കേരളകത്തോലിക്കാ സഭാനവീകരണ പ്രസ്ഥാന'ത്തിന്റെ ഭാരവാഹികൾ അതുമായി ബന്ധപ്പെട്ട നിജസ്ഥിതി അന്വേഷിക്കാൻ തയ്യാറായി. തുടർന്ന്, ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിന്റെ യോഗം ചേർന്ന് വിഷയം ചർച്ച ചെയ്തു. പ്രസ്തുത ഭൂമിവിഷയവുമായി ബന്ധപ്പെട്ട് മനസ്സിലായ കാര്യങ്ങൾ താഴെച്ചേർക്കുന്നു:

1. അറയ്ക്കൽ തോമസ്(കാഞ്ഞിരപ്പള്ളി മെത്രാന്റെ പിതൃസഹോദരപുത്രൻ) വൃദ്ധനും രോഗിയും ഇപ്പോൾ മൂകനുമാണ്. ഭാര്യയായ മോണിക്കാ ഇതിൽ വളരെ ദുഃഖിതയും ആശങ്കാഭരിതയുമാണ്. ഈ ദമ്പതികൾക്ക് കുട്ടികളില്ല. 40 വർഷമായി ഇവർ ജർമനിയിൽ വസിക്കുന്നവരുമായിരുന്നു. ഇവർ പ്രാർഥനയിൽ അമിതാസക്തി ഉള്ളവരായിരുന്നു.

2. പഴയ കൊരട്ടിയിലെ 'ആവേ മരിയ' ധ്യാനകേന്ദ്രത്തിൽ ഇവർ സ്ഥിരമായി പോകാറുണ്ടായിരുന്നു. ധ്യാനകേന്ദ്രത്തിന്റെ ഇപ്പോഴത്തെ ചുമതലക്കാരനായ ഫാ. ജോർജ് നെല്ലിക്കൽ ഇവരുടെ ദൗർബല്യം മനസ്സിലാക്കി സ്വാധീനവലയത്തിലാക്കി.

3. നിരന്തരമായ സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കുമൊടുവിൽ, ടി ദമ്പതികളിൽ ഭർത്താവിന്റെ പേരിലുള്ള 55 സെന്റ് ഭൂമി 2010 ജൂലൈ മാസത്തിൽ ധ്യാനകേന്ദ്രത്തിനു നൽകാൻ ഇവർ സമ്മതിക്കുകയുണ്ടായി. തുടർന്ന്, രജിസ്ട്രാറെ പടികെട്ടി വീട്ടിൽ കൊണ്ടുവന്ന് ഫാ. നെല്ലിക്കനും കൂട്ടരും 5 ഏക്കർ 5 സെന്റ് ഭൂമി ധ്യാനകേന്ദ്രത്തിനുവേണ്ടി ആധാരം രജിസ്റ്റർ ചെയ്തു. ടി ദമ്പതികളുടെ സ്വന്തക്കാരോ ബന്ധുക്കളോ ഇതൊന്നും അറി ഞ്ഞില്ല. അന്ന് ശ്രീ തോമസ് അത്രയ്ക്ക് അവശ നായിരുന്നില്ല.

4. ഇവരുടെ അറിവോ സമ്മതമോ ഇല്ലാതെ ആയിരം റബർ മരങ്ങൾ ആറു വർഷത്തേയ്ക്ക് 33 ലക്ഷം രൂപയ്ക്ക് ടാപ്പിങ്ങിനായി ഫാ. നെല്ലിക്കന്റെ ബിനാമിക്ക് വിട്ടുകൊടുത്തു. നാട്ടുനടപ്പനുസരിച്ച് ഒരു കോടി രൂപയോളം കിട്ടേണ്ടതായിരുന്നു.

5. ഫാ. ജോർജ് നെല്ലിക്കലിനെക്കുറിച്ച് പൊതുവെ നല്ല അഭിപ്രായമില്ല. 'ആവേ മരിയ' ധ്യാനകേന്ദ്രം ആരംഭിച്ച തോമസച്ചൻ ഇന്നു നല്ല രീതിയിൽ ദാമ്പത്യജീവിതം നയിക്കുകയാണ്.

6. അറയ്ക്കൽ ഭൂമിയിൽ ധ്യാനകേന്ദ്രം നടത്തുന്നതിനെതിരെ ആ പ്രദേശത്തെ ആളുകൾക്ക് എതിർപ്പുണ്ട്. അവിടെ നടക്കുന്ന പ്രവർത്തനങ്ങളിൽ അവർ അസംതൃപ്തരാണ്. അവർ കോടതിയെ സമീപിച്ച് പ്രവർത്തനാനുമതി തടഞ്ഞിട്ടുമുണ്ട്. നിലവിൽ ധ്യാനകേന്ദ്രം അവിടെ നിയമാനുസൃതം പ്രവർത്തിക്കുന്നില്ല.

7. താൻ വഞ്ചിക്കപ്പെട്ടുവെന്നു ശ്രീമതി മോണിക്ക പരാതിപ്പെടുന്നു. ടി സാഹചര്യങ്ങളിലും നടപടികളിലുംനിന്ന് അതു ബലപ്പെടുകയും ചെയ്യുന്നു. അവർ കോടതിയെ സമീപിക്കുകയും, കോടതി നടത്തിയ അദാലത്തിൽ അവരുടെ ആവശ്യം അംഗീകരിക്കുവാൻ മജിസ്ട്രേറ്റ് പുരോഹിതരെ ഉപദേശിക്കുകയുമുണ്ടായി.പക്ഷേ പുരോഹിതർ അതിനു തയ്യാറായിട്ടില്ല.

8. പൗരോഹിത്യം എന്നത് ബിസിനസ് നടത്താനുള്ള ലൈസൻസായി മാറുന്നു എന്ന് ആളുകൾ ആക്ഷേപിക്കുന്നത് സഭയ്ക്കോ സമുദായത്തിനോ ഭൂഷണമല്ല. വൻകിട റിസോർട്ടുകളുടെ രൂപഭാവങ്ങൾ കൈക്കൊള്ളുന്ന ധ്യാനകേന്ദ്രങ്ങളും മറ്റും പുരോഹിതരെക്കുറിച്ചുള്ള മതിപ്പ് അനുദിനം തകരുന്നതിനുമാത്രമേ ഉപകരിക്കുന്നുള്ളു.

9. സഭയുടെ ഏതാവശ്യത്തിനും പിരിവുകളിലൂടെയും സംഭാവനകളിലൂടെയുമാണ് പണം കണ്ടെത്തുന്നത്. പാശ്ചാത്യരാജ്യങ്ങളിൽനിന്നു വ്യത്യസ്തമായിട്ടുള്ള ഒരു വിശ്വാസിസമൂഹം ഇവിടെയുണ്ട്. പിന്നെന്തിനാണ് ഈ ആർത്തി? സഭയ്ക്കാകെ അപമാനകരമായ ഇത്തരം ഇടപാടുകൾ പുരോഹിതർ നടത്തുന്നതെന്തിനെന്നു മനസ്സിലാകുന്നില്ല. ഉള്ള വിശ്വാസംകൂടി നശിപ്പിക്കുന്ന ഇത്തരം നടപടികളെ വിശ്വാസിസമൂഹം ചെറുത്തുതോല്പിക്കേണ്ടിയിരിക്കുന്നു.

വഞ്ചനയിലൂടെയോ അവിഹിതമാർഗത്തിലൂടെയോ യാതൊന്നും സമ്പാദിക്കരുതെന്നുള്ളത് നിയമപരമായും ധാർമികമായും പാലിക്കേണ്ട കടമയാണ്. അതിവിടെ പാലിക്കപ്പെട്ടിട്ടില്ല. ഇടപാടുകളിൽ ഉണ്ടാകേണ്ട സുതാര്യതയും ഇതിലുണ്ടായിട്ടില്ല. എല്ലാറ്റിനുമുപരി, സാധാരണ ക്രൈസ്തവരുടെയത്രപോലും നീതിയോ ധാർമികതയോ ഉന്നത ശ്രേണിയിലുള്ള പുരോഹിതരിൽ നിന്നുണ്ടായില്ല എന്നത് ഞെട്ടലും വേദനയും,

# അച്ചന്മാരെ തോൽപ്പിച്ച പോത്തച്ചൻ

**സെബി അതിരമ്പുഴ**

**പു**രോഹിതരാൽ കബളിപ്പിക്കപ്പെട്ടു വഴിയാധാരമായ അറയ്ക്കൽ തോമസ്-മോണിക്കാ ദമ്പതിമാർ നീതിക്കായി പടപൊരുതിക്കൊണ്ടിരിക്കുന്നതായി മാധ്യമങ്ങളിൽ വായിച്ചു. ഇത്തരുണത്തിൽ, ഇതിനു സമാനമായ ഒരു സംഭവം ഏതാണ്ട് മുപ്പതു മുപ്പത്തഞ്ചു വർഷങ്ങൾക്കു മുമ്പ് കോട്ടയം മാന്നാനത്ത് അരങ്ങേറിയതിനെക്കുറിച്ച് എഴുതുന്നത് സഹായകരമായിരിക്കും എന്നു കരുതുന്നു.

ഒരു സന്ന്യാസാശ്രമത്തിനു ഇഷ്ടദാനമായി ഒരു ഭക്തൻ എഴുതിക്കൊടുത്ത അഞ്ചേക്കർ ഭൂമി, 25 വർഷത്തെ നിയമയുദ്ധത്തിനുശേഷം ഇന്ത്യൻ സുപ്രീം കോടതി അദ്ദേഹത്തിന്റെ അനന്തരവർക്ക് തിരിച്ചു കൊടുക്കുവാൻ ഉത്തരവിടുകയുണ്ടായി. കത്തോലിക്കാ സഭയ്ക്കെതിരെ ഒരത്മായൻ നേടിയ ഒരപൂർവ വിജയമായിരുന്നു അത്. മോണിക്കാ-തോമസ് ദമ്പതിമാർക്ക് ഈ വിധി ഒരു പ്രചോദനവും സഹായവുമാകട്ടെ!

ഏക മകനായതിനാൽ പുരോഹിതനാകണമെന്ന ആഗ്രഹം മാതാപിതാക്കളുടെ നിർബന്ധത്താൽ ബലി കഴിക്കേണ്ടിവന്ന ആളാണ്, മാന്നാനം തയ്യിൽ പോത്തച്ചൻ. എങ്കിലും, ബ്രഹ്മചര്യം ഒരു വിളിയായി പരിഗണിച്ച് അവിവാഹിതനായി അദ്ദേഹം ജീവിച്ചു. മാതാപിതാക്കളുടെ കാലശേഷം ലൗകികസുഖങ്ങൾ ഉപേക്ഷിച്ച് ഏതെങ്കിലും സന്ന്യസ്തരോടൊത്തു ആത്മീയകാര്യങ്ങളിൽമാത്രം ശ്രദ്ധകേന്ദ്രീകരിച്ച്, പ്രാർത്ഥനാജീവിതം നയിച്ചു ജീവിച്ചുമരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ശിഷ്ടായുസ്സ് മുഴുവൻ തങ്ങളുടെ ആശ്രമത്തിൽ, അത്മായഅന്തസ്സിലാണെങ്കിലും, പൂർണമായ ആത്മീയജീവിതം നയിക്കാം എന്ന പരസ്പരധാരണയിൽ, കാരിത്താസ് ആശുപത്രിക്കടുത്തുള്ള അഞ്ചേക്കറോളം വരുന്ന കുടുംബസ്വത്ത് മുഴുവൻ അദ്ദേഹം ഒരു സന്ന്യാസസഭയ്ക്ക് ഇഷ്ടദാനമായി എഴുതിക്കൊടുത്തു. ലൗകിക ജീവിതം ഉപേക്ഷിച്ച് അദ്ദേഹം അവരോടൊപ്പം ജീവിക്കുവാനും തുടങ്ങി.

താമസംവിനാ, പോത്തച്ചനും ആശ്രമാധികാരികളുമായുള്ള ബന്ധത്തിൽ കല്ലുകടി അനുഭവപ്പെടുവാൻ തുടങ്ങി. ആശ്രമത്തിൽ പോത്തച്ചൻ ഒരധികപ്പറ്റായിമാറി. ഏക സഹോദരിയെ സന്ദർശിക്കുവാൻപോലുമുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനു നിഷേധിക്കപ്പെട്ടു. മരുമക്കൾ സ്വാധീനിച്ച് സ്വത്തുവകകൾ അദ്ദേഹത്തെക്കൊണ്ട് തിരിച്ചു ചോദിപ്പിക്കും എന്ന ഭയംകൊണ്ടാകാം, അധികാരികൾ അദ്ദേഹത്തെ ഒരുതരം വീട്ടുതടങ്കലിലാക്കി. പോര് സഹിക്കവയ്യാതായപ്പോൾ അദ്ദേഹം ആശ്രമം വിട്ടുപോകുവാൻ തീരുമാനിക്കുകയും താൻ ദാനമായി കൊടുത്ത സ്വത്തുവകകൾ തിരിച്ചു ചോദിക്കുകയും ചെയ്തു. മറുപടിയായി കൈ മലർത്തിക്കാട്ടുകയാണ് ആശ്രമാധികാരികൾ ചെയ്തത്. ഗത്യന്തരമില്ലാതെ വെറും

---

സമുദായംഗങ്ങളെന്നനിലയിൽ അപമാനവും ഉളവാക്കുന്നു.

വ്യവസ്ഥാപിതമായ ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള ഈ ഇടപാടിൽ നിന്നു കരാർലംഘനവും വഞ്ചനയും ആരോപിച്ച് ശ്രീമതി മോണിക്കാ പിന്മാറിയിരിക്കുന്നു എന്നതിനാൽ, ഇടപാടുതന്നെ അസാധുവായിരിക്കുകയാണ്. അതിനാൽ, സാങ്കേതികത്വവും മുടന്തൻ ന്യായങ്ങളും മുട്ടാപ്പോക്കും ഉന്നയിച്ച് ഈ പ്രശ്നം കൂടുതൽ വഷളാക്കാതെ സാമൂഹികവും സാമുദായികവുമായ ചേരിതിരിവിനും സംഘർഷത്തിനുമുള്ള സാധ്യത ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോടതിവ്യവഹാരങ്ങളിലൂടെ വിശ്വാസികളുടെ പൊതുസ്വത്ത് ദുർവ്യയം ചെയ്യാതെ തർക്കഭൂമി ഉടമയ്ക്ക് തിരികെ കൊടുക്കേണ്ടതാണ്. കാഞ്ഞിരപ്പള്ളി മെത്രാൻ മാർ മാത്യു അറക്കൽ മാത്രം ശ്രമിച്ചാൽ പരിഹരിക്കാവുന്ന ഈ പ്രശ്നം എത്രയും പെട്ടെന്നു അവസാനിപ്പിക്കാൻ തയ്യാറാകണമെന്ന് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലിന്റെ ഈ യോഗം ആവശ്യപ്പെടുന്നു.

ചെയർമാൻ: **ലാലൻ തരകൻ**
ജനറൽ സെക്രട്ടറി: **ആന്റോ കോക്കാട്ട്**
വർക്കിങ് പ്രസിഡന്റ്: **ജോസഫ് വെളിവിൽ**
വൈസ് ചെയർമാൻ: **ജോർജ് കാട്ടേക്കര**
ട്രഷറർ: **അഡ്വ. വർഗീസ് പറമ്പിൽ**

കൈയോടെ ആശ്രമംവിട്ട് അദ്ദേഹം മാന്നാനത്തുള്ള സ്വന്തം സഹോദരിയുടെ വീട്ടിൽ അഭയം തേടി.

നിഷ്ഠൂരമായി വഞ്ചിക്കപ്പെട്ടിട്ടും, സർവതും നഷ്ടപ്പെട്ടിട്ടും, ആധ്യാത്മികജീവിതം അദ്ദേഹം ഒരു നിമിഷത്തേക്കുപോലും ഉപേക്ഷിച്ചില്ല. ദൈവത്തെയോ പുരോഹിതരെയോ അദ്ദേഹം വെറുത്തില്ല. പ്രത്യുത, ജോബിനെപ്പോലെ അദ്ദേഹം ദൈവത്തിൽ കൂടുതൽ ശരണപ്പെട്ടു. എങ്കിലും, തന്നെ വഞ്ചിച്ചവർക്കെതിരെ കോടതിയെ സമീപിക്കുവാൻ അദ്ദേഹം അമാന്തം കാണിച്ചില്ല. സഭയോടു പയറ്റി ജയിക്കുക അസാധ്യം എന്ന് പ്രമുഖ അഭിഭാഷകർ അഭിപ്രായപ്പെട്ടു. എങ്കിലും, സ്വതസിദ്ധമായ പ്രത്യാശ കൈവെടിയാതെ അദ്ദേഹം പോരാടി. വളരെക്കാലത്തെ നിയമയുദ്ധത്തിനുശേഷം കേരളഹൈക്കോടതി പോത്തച്ചനനുകൂലമായി വിധി പ്രഖ്യാപിച്ചു. എങ്കിലും തോറ്റുകൊടുക്കാൻ ആശ്രമാധികാരികൾ തയ്യാറായില്ല. സമയം തങ്ങളുടെ സൈഡിൽ ആണ് എന്ന ഉറപ്പിൽ അവർ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. നീണ്ട 25 വർഷത്തെ നിയമപ്പയറ്റിന് അന്ത്യം കുറിച്ചുകൊണ്ട്, ഉദ്ദേശം 5 വർഷം മുമ്പ്, സുപ്രീം കോടതി കേരളഹൈക്കോടതിയുടെ വിധി ശരിവച്ചു. വൈകിയെങ്കിലും അദ്ദേഹത്തിനു നീതി ലഭ്യമായി. എന്നാൽ, അതേറ്റു വാങ്ങാൻ അദ്ദേഹം ജീവിച്ചിരിപ്പുണ്ടായിരുന്നില്ല.

ഇഷ്ടദാനമായി അദ്ദേഹം പ്രസ്തുത ആശ്രമത്തിനു എഴുതിക്കൊടുത്ത കോടിക്കണക്കിനു രൂപ വിലമതിക്കുന്ന വസ്തുവകകളൊക്കെയും, അദ്ദേഹത്തിന്റെ അനന്തിരവന്മാർക്ക് നിരുപാധികം തിരിച്ചു കൊടുക്കുവാൻ ഉത്തരവിട്ട സുപ്രീം കോടതി, അതിശക്തമായ വിമർശനമാണ് ആശ്രമാധിപർക്കെതിരെ നടത്തിയത്. 'ഈ കോടതി കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വ്യക്തവും നികൃഷ്ടവുമായ വഞ്ചനയാണ് വിശ്വാസത്തിന്റെ പേരിൽ ആത്മീയഗുരുക്കൾ എന്ന വേഷം കെട്ടുന്നവർ ഇവിടെ നടത്തിയിരിക്കുന്നത് ' എന്ന് കോടതി പ്രസ്തുത വിധിന്യായത്തിൽ ആരോപിച്ചു.

കൈവശാവകാശം സ്ഥാപിക്കാൻ ആശ്രമാധികൃതരും അവരുടെ ഗുണ്ടകളും ഒറ്റ രാത്രികൊണ്ട് പടുത്തുയർത്തിയ കുരിശുപള്ളിയുൾപ്പെടെ പോത്തച്ചന്റെ എല്ലാ വസ്തുവകകളും ഇന്ന് അദ്ദേഹത്തിന്റെ അനന്തിരവന്മാരുടെ കൈവശാവകാശത്തിലാണ്. സുപ്രീംകോടതിയുടെ വിധി വന്ന ശേഷം, അത് നടപ്പിലാക്കാനെടുത്ത രണ്ടു മൂന്നാഴ്ച്ചയ്ക്കകം പ്രസ്തുത പുരയിടത്തിലുണ്ടായിരുന്ന ലക്ഷക്കണക്കിന് രൂപ വില മതിക്കുന്ന പടുവൃക്ഷങ്ങൾ അച്ചന്മാരും അവരുടെ ഗുണ്ടകളുംകൂടി മുറിച്ചുമാറ്റി എന്ന കാര്യംകൂടി എടുത്തു പറഞ്ഞുകൊള്ളട്ടെ.

വഞ്ചിതനായ തയ്യിൽ പോത്തച്ചനു നീതി കിട്ടിയത് ദൈവത്തിന്റെ പ്രതിനിധികളും അഭിഷിക്തരും ചമഞ്ഞു വേദം പ്രസംഗിക്കുന്ന പുരോഹിതരിൽ നിന്നല്ല; പ്രത്യുത, ഇന്ത്യയുടെ പരമോന്നതനീതിന്യായക്കോടതിയിൽ നിന്നാണ് എന്നത് മോണിക്കാ തോമസ് ദമ്പതികൾക്ക് പ്രതീക്ഷയ്ക്കു വകനൽകുന്നു. ■

## മോണിക്കാ പത്രങ്ങൾക്ക് നൽകിയ പരസ്യങ്ങളിൽ ചിലത്

'വിശ്വാസികളുടെ നേർച്ചപ്പണവും വോട്ടുബാങ്കുവഴിയുള്ള രാഷ്ട്രീയസ്വാധീനവും വ്യക്തികളായ മെത്രാന്മാരിൽ കേന്ദ്രീകരിക്കുന്നത് പൊതുസമൂഹത്തിന് ആപത്താണ്. അതുകൊണ്ട് കേരളത്തിലിനിമേൽ സാഗരങ്ങളുടെ ഗർജ്ജനങ്ങളും കാട്ടാറുകളുടെ നിലവിളികളും കിളികളുടെ കളകൂജനങ്ങളും തരുലതാദികളുടെ ദലമർമ്മരങ്ങളും 'ചർച്ച് ആക്ട് ചർച്ച് ആക്ട്' എന്നാവട്ടെ!'

---

'എല്ലാ മതങ്ങളിലും സമ്പത്ത് ഭരിക്കുന്നത് വിശ്വാസികൾ തിരഞ്ഞെടുക്കുന്ന സമിതികളാണ്. കത്തോലിക്കാ സഭയിൽമാത്രം മതസമ്പത്ത് - വിശ്വാസികളുടെ ചോരപ്പണം-ബിഷപ്പന്മാരുടെ സ്വകാര്യ സ്വത്താണ്. അവരത് പുട്ടടിച്ചു തീർത്താലും ആരും ചോദിക്കാനില്ല. നിയമം നിർമ്മിച്ച് ഈ ദുരവസ്ഥ പരിഹരിക്കൂ. ഗർഭസ്ഥശിശുക്കൾപോലും മുഷ്ടിചുരുട്ടി ഗർജ്ജിക്കട്ടെ! 'ചർച്ച് ആക്ട് പാസ്സാക്കൂ!.'

---

'ഈ പരസ്യപരമ്പര വായിച്ചിട്ട് അച്ചന്മാരെല്ലാം മോശക്കാരാണെന്ന് ആരെങ്കിലും ധരിച്ചാൽ അത് എനിക്ക് പരമസങ്കടമാണ്. കർത്താവിന്റെ സഭയെ അണിയറയിൽ ഇരുന്ന് നിയന്ത്രിക്കുന്ന ദുഷ്ടശക്തികളോട് മാത്രമാണ് ഞാൻ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത്. ധ്യാനഗുരുക്കന്മാരെല്ലാം തട്ടിപ്പുകാരാണെന്നും ഞാനുദ്ദേശിച്ചിട്ടില്ല. പക്ഷേ ഒരു കാര്യം. കരിസ്മാറ്റിക്ക്പ്രസ്ഥാനം ഒരു സ്വയം വിമർശനത്തിന് തയ്യാറാകേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.'

---

### 'രൂപ'താ' മാർച്ച്!

വഞ്ചിച്ചെടുത്ത രൂപ, താ എന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ, കാഞ്ഞിരപ്പള്ളി പേട്ടക്കവലയിൽനിന്നും മാർ മാത്യു അറയ്ക്കലിന്റെ അരമനപ്പടിയിലേക്ക് 29-12-2012 ഉച്ചകഴിഞ്ഞ് 3 മണിക്ക് മാർച്ച് ചെയ്യുന്നു. 'ജോയിന്റ് ക്രിസ്റ്റ്യൻ കൗൺസി'ലിന്റെ നേതാക്കന്മാരും സിംഹക്കുട്ടികളും എന്നോടൊപ്പമുണ്ടാകും'

CHURCH ACT

# NECESSITY OF A LAW FOR THE ADMINISTRATION OF THE PROPERTIES OF THE CHURCHES IN INDIA

(അവസാനഭാഗം)



**ജോസഫ് പുലിക്കുന്നേൽ**

[ചർച്ച് ആക്ടിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധം ഇന്ത്യയിലാകമാനമുള്ള ക്രൈസ്തവരിൽ വ്യാപിക്കുകയാണ്. ഈ പ്രക്രിയയെ സഹായിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ്, 'ചർച്ച് ആക്ടി'ന്റെ അനിവാര്യത ഭരണഘടനാപരമായും സുവിശേഷപരമായും ചരിത്രപരമായും സമർത്ഥിച്ചുകൊണ്ട്, ഇംഗ്ലീഷിൽത്തന്നെ ഇത്തരമൊരു രചന ശ്രീ. ജോസഫ് പുലിക്കുന്നേലിൽ നിർവ്വഹിച്ചിരിക്കുന്നത്. ആധികാരികരേഖകളുടെ ഒരു സമാഹാരവും കൂടിയായ ഈ ചെറുഗ്രന്ഥം, ഈ വിഷയത്തിൽ എക്കാലത്തെയും ഒരു റഫറൻസ് ഗ്രന്ഥമായിരിക്കുമെന്ന കാര്യം തീർച്ചയാണ്.

ഈ ലക്കത്തോടെ ഈ പംക്തി സമാപിക്കുന്നു. – എഡിറ്റർ]

**Arch Bishop Mar Joseph Powathil: "***the* ***padorado*** *and* ***propanganda bishops*** *from the West established themselves in India in the 16th century, contemporaneously with colonial expansion. Full ecclesial communion was mutually recognized but within a century the Latin Church had deprived Thomas Christians of their hierarchy, mutilated the liturgy, and propagated a Western form of theological and spiritual formation with the intention, on the part at least of some Latin ecclesiastics, of completely conforming them to the Latin practices. This process, unfortunately, continues even today.* ***The hankering after these artificial elements introduced by the prelates from the West is an evidence of a mental enslavement to the recent past"*** (Acts of the synod of bishops of the Syro-Malabar Church, P-71).

**Rev. Dr. Xavier Koodapuzha:** *"Unfortunately the Church in India from the 16th century inherited foreign tradition of religious authority with a juridical emphasis. The association with the Portuguese marked the beginning of this new tradition which was found in conflict with '****The Law of Thomas'****"* (Ecclesial Identity of St. Thomas Christians, P-84).

**Rev. Dr. Jose Kuriyedath:** *"As the authoritarian rule of the foreigners got entrenched in Kerala, the structure of administration-mainly the office of the archdeacon and of the yogam- underwent substantial changes"* (Authority in the Catholic community in Kerala, p-130).

"The bishop and his vicar were all powerful, subject only to control from above. Though there was a parish council (yogam) it was purely an advisory body. The vicar enjoyed the power of veto over any decisions of the council. The council consisted of only the heads of the influential families in the parish. The common people had no voice in the administration of the parish and were generally uninterested in the matter" (Ibid, p-142)

**Conclusion:**

1. It is mandatory as per the constitution to enact a law for the administration of the temporalities of the churches
2. Any such law should be in conformity with the teaching of our Lord Jesus and Apostates as seen in the Gospel
3. It should be according to tradition of Christians of India.

There was an intrude into our tradition during the colonial period. It is the desire of the church to have a law as per the tradition.

# ചർച്ച് ആക്ടിന്റെ അനിവാര്യത

കാനോൻ നിയമമനുസരിച്ച് ഇന്ത്യയിലെ കത്തോലിക്കാ സഭയുടെ സാമ്പത്തികഭരണത്തിന്റെ പരമാധികാരി ഒരു വിദേശരാഷ്ട്രത്തലവൻ കൂടിയായ മാർപ്പാപ്പായാണ്. മാർപ്പാപ്പാ നിയമിക്കുന്ന മെത്രാന്മാരാണ് സഭയുടെ സ്വത്തു ഭരിക്കുന്നത്. ഈ മെത്രാന്മാർ മാർപ്പാപ്പായുടെ താൽപര്യത്തിന് വിരുദ്ധമായി പ്രവർത്തിച്ചാൽ അവരെ സ്ഥാനഭ്രഷ്ടരാക്കാനുള്ള അധികാരവും മാർപ്പാപ്പായ്ക്കുണ്ട്. മാർപ്പാപ്പായോട് ഇന്ത്യയിലെ മെത്രാന്മാർ പുലർത്തുന്ന ഈ രാഷ്ട്രീയവിധേയത്വം യഥാർത്ഥത്തിൽ സ്വതന്ത്രറിപ്പബ്ളിക്കായ ഭാരതത്തോടുള്ള അവഹേളനമാണ്.



ഇന്ദുലേഖാ ജോസഫ്

**ക്രൈ**സ്തവരുടെ പൊതുസമ്പത്ത് ഭരിക്കാൻ ഒരു നിയമം ഇന്നേവരെ നിലവിൽ വന്നിട്ടില്ല എന്നത് ആശങ്കാജനകമാണ്. ഭാരതത്തിലെ ഇതരമതസമൂഹങ്ങളുടെ പൊതുസ്വത്ത് ഇന്ത്യൻ നിയമങ്ങളിലധിഷ്ഠിതമായാണ് ഭരിക്കപ്പെടുന്നത്. മുസ്ലീങ്ങളുടെ വഖഫ് നിയമവും, ഹിന്ദുക്കളുടെ ദേവസ്വംബോർഡ് നിയമവും, സിഖുകാരുടെ ഗുരുദ്വാരാനിയമവും ഇതിന് ഉത്തമദൃഷ്ടാന്തങ്ങളാണ്.

ഭരണഘടനയുടെ 25-ാം വകുപ്പനുസരിച്ച് മതസംബന്ധമായ സാമ്പത്തികമോ രാഷ്ട്രീയമോ ആയ എന്തെങ്കിലും പ്രവർത്തനങ്ങളെ ക്രമപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ ആയ നിയമങ്ങൾ കൊണ്ടുവരാൻ രാഷ്ട്രത്തിന് അധികാരമുണ്ട്.

ഭരണഘടനയുടെ 14-ാം വകുപ്പനുസരിച്ച് എല്ലാ പൗരന്മാരും നിയമത്തിനുമുമ്പിൽ തുല്യരാണ്. 25-ഉം, 14-ഉം വകുപ്പുകൾ ചേർത്തുവായിച്ചാൽ, ഇതരസമുദായങ്ങളുടെ സ്വത്തു ഭരിക്കുവാൻ നിയമം നിലവിലിരിക്കെ, ക്രൈസ്തവസഭയുടെ സമ്പത്ത് പുരോഹിതഭരണത്തിനു വിട്ടുകൊടുക്കുന്നത് ഭരണഘടനയുടെ പതിന്നാലാം വകുപ്പ് ഉറപ്പുനൽകുന്ന മൗലികാവകാശത്തിന്റെ പ്രത്യക്ഷമായ ലംഘനമാണ്. രണ്ടു തലത്തിലുള്ള അവകാശലംഘനമാണ് ഇവിടെ നടക്കുന്നത്. ഒന്നാമതായി, ക്രൈസ്തവരുടെമാത്രം സ്വത്തു ഭരിക്കാൻ നിയമം നിർമ്മിക്കാത്തതുവഴി ഇതരസമുദായങ്ങളോട് ഗവൺമെന്റ് വിവേചനം പുലർത്തുന്നു. രണ്ടാമതായി, ക്രൈസ്തവസമുദായത്തിലെ പൊതുസ്വത്തുഭരണം പുരോഹിതന്മാർക്കു വിട്ടുകൊടുത്ത് തങ്ങളുടെ സ്വത്തുക്കൾ ജനാധിപത്യപരമായി ഭരിക്കാനുള്ള ക്രൈസ്തവരുടെ അവകാശം നിഷേധിക്കപ്പെടുന്നു. ക്രൈസ്തവർക്കു മാത്രമായുള്ള ഈ അവകാശനിഷേധം മതവിവേചനമാണ്.

അതുകൊണ്ടുതന്നെ, ഒരു നിയമത്തിനും വിധേയമാകാതെ തുടരുന്ന ക്രൈസ്തവസ്വത്തുക്കളുടെ പുരോഹിതഭരണം ഭരണഘടനാവിരുദ്ധവും സമൂഹത്തിനെതിരെ ഉയർന്നുനിൽക്കുന്ന ഏറ്റവും വലിയ വിപത്തുമാണ്.

ഇന്ത്യയിലിന്നു കാണപ്പെടുന്ന പല മതവിഭാഗങ്ങളും ഓരോ കാലഘട്ടങ്ങളിലെ വൈദേശികാധിനിവേശങ്ങളുടെ പരിണതഫലമാണ്. യൂറോപ്യന്മാരുടെ അധിനിവേശത്തെത്തുടർന്നു രൂപംകൊണ്ടവയാണ്, ഇന്ത്യയിലിന്നു കാണപ്പെടുന്ന ക്രൈസ്തവവിഭാഗങ്ങൾ. യഥാർത്ഥത്തിൽ, അവയിന്നു മതങ്ങളായല്ല; മറിച്ച്, ഇന്ത്യയുടെ രാഷ്ട്രീയഭൂപടത്തെ നിയന്ത്രിക്കുന്ന രാഷ്ട്രീയശക്തിയായിട്ടാണു പ്രവർത്തിക്കുന്നത്.

ഈ 'ക്രൈസ്തവ'അധിനിവേശത്തിന്റെ ഉൾവേരുകൾ ഇന്നും പ്രബലമാണ്. അതിന്നും ഭാരതത്തെ വീർപ്പുമുട്ടിക്കുന്നു. പ്രത്യക്ഷമായ അധിനിവേശം പരോക്ഷമായ അധിനിവേശത്തിന് വഴിമാറിക്കൊടുത്തിരിക്കുന്നു എന്നുമാത്രം. കാനോൻ നിയമമനുസരിച്ച് ഇന്ത്യയിലെ കത്തോലിക്കാസഭയുടെ സാമ്പത്തികഭരണത്തിന്റെ പരമാധികാരി ഒരു വിദേശരാഷ്ട്രത്തലവൻകൂടിയായ മാർപ്പാപ്പായാണ്. മാർപ്പാപ്പാ നിയമിക്കുന്ന മെത്രാന്മാരാണ് സഭയുടെ സ്വത്തു ഭരിക്കുന്നത്. ഈ മെത്രാന്മാർ മാർപ്പാപ്പായുടെ താൽപര്യത്തിന് വിരുദ്ധമായി പ്രവർത്തിച്ചാൽ അവരെ സ്ഥാനഭ്രഷ്ടരാക്കാനുള്ള അധികാരവും മാർപ്പാപ്പായ്ക്കുണ്ട്. മാർപ്പാപ്പായോട് ഇന്ത്യയിലെ മെത്രാന്മാർ പുലർത്തുന്ന ഈ രാഷ്ട്രീയവിധേയത്വം

യഥാർത്ഥത്തിൽ സ്വതന്ത്രറിപ്പബ്ളിക്കായ ഭാരത ത്തോടുള്ള അവഹേളനമാണ്.

ഒരു വിദേശഭരണാധികാരി നമ്മുടെ സ്വത്തുഭരിക്കുന്ന അവസ്ഥ ദേശാഭിമാനികളായ ഇന്ത്യൻ ക്രിസ്ത്യാനികൾക്ക് സഹിക്കാവുന്ന തിലും അപ്പുറത്താണ്. നമ്മുടെ പൂർവ്വികർ ചോര നീരാക്കി നമുക്കു നേടിത്തന്ന സ്വാതന്ത്ര്യത്തിന്മേ ലുള്ള കടന്നുകയറ്റം എന്തുവിലകൊടുത്തും തട യുവാൻ നാം ബാധ്യസ്ഥരാണ്. ഇതു നാം തട ഞ്ഞില്ലെങ്കിൽ, വമ്പിച്ച സാമ്പത്തിക-രാഷ്ട്രീയാ ധികാരങ്ങളുടെ കാവലാളായ വിദേശാധികാരിക്ക് ഓശാനപാടുവാൻ, വോട്ടുബാങ്ക് ലക്ഷ്യംവയ്ക്കുന്ന നമ്മുടെ രാഷ്ട്രീയക്കാർ തയ്യാറാകും. അതു കൊണ്ടുതന്നെ ക്രൈസ്തവരുടെ പൊതുസ്വത്ത് ഭരിക്കുവാൻ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ കമ്മീ ഷൻ ശിപാർശ ചെയ്ത ചർച്ച് ആക്ട് നിലവിൽ വന്നേതീരൂ.

'ചർച്ച് ആക്ട്' അഥവാ, 'ദി കേരള ചർച്ച് പ്രോപ്പർട്ടീസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ' പ്രകാരം, 18 വയസ്സിനുമുകളിലുള്ള എല്ലാ ഇടവകാംഗങ്ങളും ചേർന്നാണ് സഭയുടെ സമ്പത്ത് നിയമപരമായി ഭരിക്കുവാനുള്ള ട്രസ്റ്റംഗങ്ങളെ തിര ഞ്ഞെടുക്കുന്നത്. വരവു-ചെലവുകണക്കുകൾ ശരി യായ രീതിയിൽ രേഖപ്പെടുത്തുവാനും, ഓഡിറ്റിങ്ങിന് വിധേയമാക്കുവാനും ഈ ട്രസ്റ്റുകൾക്കു കടമയുണ്ട്.

ചുരുക്കത്തിൽ, ചർച്ച് ആക്ട് എന്നാൽ സഭയിൽ ജനാധിപത്യം കൊണ്ടുവരുക എന്നതാണ്. ജനാധിപത്യത്തിനും പരിമിതികളുണ്ടെന്നു സമ്മതി ക്കുന്നു. എന്നാൽ, ഏകാധിപത്യത്തെ അപേക്ഷിച്ച് ജനാധിപത്യത്തിനുള്ള മേന്മ ചരിത്രം തെളിയിച്ചതാ ണ്. ലോകം കണ്ടതിൽവച്ച് ഏറ്റവും തിന്മ കുറഞ്ഞ ഭരണക്രമവും ജനാധിപത്യമാണ്.

ഇവിടെ സഭയുടെ സമ്പത്ത് അത്മായർ തിര ഞ്ഞെടുക്കുന്ന പ്രതിനിധികൾ ഭരിക്കുന്നതിലൂടെ ജന ങ്ങളുടെ അവകാശമാണ് സംരക്ഷിക്കപ്പെടുന്നത്. ഒരു പുരോഹിതന്റെയോ മെത്രാന്റെയോ ഇംഗിതത്തിനനു സരിച്ച് സ്വത്തുക്കൾ ദുർവ്യയം ചെയ്യാൻ ചർച്ച് ആക്ട് അനുവദിക്കുന്നില്ല.

ചർച്ച് ആകട് സഭയുടെ ആത്മീയകാര്യ ങ്ങളിൽ ഇടപെടുന്നേയില്ല; സാമ്പത്തികകാര്യങ്ങൾ നോക്കിനടത്താൻ അത്മായരെ ചുമതലപ്പെടുത്തുക മാത്രമാണതു ചെയ്യുന്നത്. സമ്പത്തിന്റെ ഭരണം അൽമായരിൽ നിക്ഷിപ്തമാകുന്നതോടെ അവരുടെ ഉപബോധമനസ്സിൽ പ്രതിഷ്ഠിതമായിരിക്കുന്ന പുരോ ഹിതപ്പേടിയും പുരോഹിതശാപഭീതിയും ഒഴിഞ്ഞു മാറും. അവർ ആത്മാഭിമാനമുള്ളവരും ധീരന്മാരുമായി മാറും. അതുപോലെതന്നെ, സമ്പത്തിന്റെ കടിഞ്ഞാൺ നഷ്ടപ്പെട്ടു എന്ന് മനസ്സിലാക്കുന്നതുമുതൽ, സമ്പത്ത് ലാക്കാക്കി സഭയിൽ കയറിപ്പറ്റുന്ന ഇത്തിൾക്കണ്ണി കൾ സഭയെ വിട്ടുപോകുന്നു. അങ്ങനെ സഭ ശുദ്ധീ കരിക്കപ്പെടുന്നു.

ഇന്ന് യാഥാർത്ഥത്തിൽ ജനാധിപത്യമല്ല, പണാധിപത്യമാണ് സഭയിൽ നടമാടുന്നത്. രൂപതക ളെല്ലാം, 'രൂപ താ', 'രൂപ താ' എന്നു മുറവിളി കൂട്ടുന്ന ഒരു ദുരവസ്ഥ! ന്യൂനപക്ഷാവകാശ ത്തിന്റെപേരിൽ പ്രക്ഷോഭങ്ങൾ നടത്തുന്ന സഭാ ധികാരികൾ യഥാർത്ഥത്തിൽ ന്യൂനപക്ഷപീഡക രാണ്. ആരാണ് ഈ ന്യൂനപക്ഷം? യേശുവിന്റെ ആദർശങ്ങൾക്കു വിരുദ്ധമായി പ്രവർത്തിച്ചു കൊണ്ട് അമിതലാഭം കൊയ്യാൻ സ്ഥാപനങ്ങൾ നടത്തുന്ന വൈദികരോ, അതോ അവിടുത്തെ ആദർശങ്ങൾ സഭയിൽ പുലരണമെന്ന് ആഗ്രഹി ക്കുന്ന യഥാർത്ഥ ക്രിസ്ത്യാനികളോ? തങ്ങളുടെ മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ ഫീസ് വർദ്ധനയെ ന്യൂനപക്ഷാവകാശമായി ഉയർത്തി ക്കാണിക്കുന്ന പുരോഹിതന്മാർ സത്യത്തിൽ അശരണരായ ക്രൈസ്തവന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ ധ്വംസിക്കുകയല്ലേ ചെയ്യുന്നത്?

ഇതിനെല്ലാമുള്ള പ്രതിവിധിയായി ചർച്ച് ആക്ടിനെ കാണാവുന്നതാണ്. നിർദ്ദിഷ്ട ചർച്ച് ആക്ട് നിയമമാക്കിക്കൊണ്ട് സമ്പത്തിന്റെ സുതാ ര്യമായ വിനിയോഗം ഉറപ്പുവരുത്തിയാൽ തീരുന്ന പ്രശ്നങ്ങളാണവയെല്ലാം.

ഇന്നത്തെ അവസ്ഥയിൽ ചർച്ച് ആക്ട് എങ്ങനെ നടപ്പിലാക്കിയെടുക്കാം എന്നതാണ് യഥാർത്ഥ പ്രശ്നം. അതിന് ആദ്യം വേണ്ടത് ആശയരൂപീകരണമാണ്. അത് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ, ജസ്റ്റീസ് കെ.റ്റി. തോമസ്, ജോസഫ് പുലിക്കുന്നേൽ തുടങ്ങിയ ക്രാന്തദർശികളിലൂടെ ഏതാണ്ടു നടന്നു കഴിഞ്ഞിട്ടുണ്ട്. രണ്ടാമതായി വേണ്ടത് ആശയപ്രചരണമാണ്. കാതലായ ആശയങ്ങൾ ഉടലെടുത്താൽമാത്രം പോരാ; മറിച്ച്, അത് സമൂഹമനസ്സാക്ഷിക്കുമുമ്പിൽ സമർപ്പിക്കു കയും വേണം. അങ്ങനെ സമൂഹത്തിന്റെ ഒരാവ ശ്യമായി ചർച്ച് ആക്ട് പരിണമിക്കണം. ഈ ആശ യപ്രചരണാർത്ഥമാണ് ഞാൻ മാധ്യമങ്ങളിൽ പര സ്യപരമ്പരകൾ കൊടുത്തുവരുന്നത്. പലരും ചോദിക്കും, ഇതൊരു പബ്ളിസിറ്റി സ്റ്റണ്ടല്ലേ, സ്വന്തം പ്രശസ്തിക്കുവേണ്ടിയല്ലേ എന്നൊക്കെ. ഒന്നോർക്കുക ഇതു നൽകുന്നത് 'ചോക്ലേറ്റ് പ്രശസ്തി'യല്ല; മറിച്ച്, അത്യധികം ആപത്കര മായ പ്രശസ്തിയാണ്. 'കൊല്ലാനേപറ്റൂ, തോൽപ്പി ക്കാനാവില്ല' എന്ന ചെഗുവേരയുടെ പ്രസ്താവന എന്നെ എന്നും പ്രചോദിപ്പിക്കാറുണ്ട്.

ഇന്നിതാ, 'ചർച്ച് ആക്ട് നടപ്പാക്കുക' എന്ന തലക്കെട്ടോടുകൂടി ശ്രീമതി മോണിക്കാ തോമ

➔

# അല്മായ ദൈവശാസ്ത്രം പരിഗണിക്കപ്പെടണമെന്ന്, മാർ ജോസഫ് കല്ലറങ്ങാട്ട്

*[മംഗളം പത്രത്തിൽ 2012 നവംബർ 30-ാം തീയതി വന്ന വാർത്തയാണ് താഴെ കൊടുത്തിരിക്കുന്നത് - എഡിറ്റർ]*

"**പാലാ:** അല്മായദൈവശാസ്ത്രം ഈ കാലഘട്ടത്തിൽ സജീവമായി പരിഗണിക്കപ്പെടണമെന്ന് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. രൂപതാ കൂരിയ, പ്രസ്ബിറ്ററൽ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ എന്നിവയുടെ സംയുക്തയോഗത്തിൽ സീറോ-മലബാർ സഭാതാരങ്ങളായ ഡോ. എ.റ്റി. ദേവസ്യാ, ഡോ. സിറിയക് തോമസ്, ജോൺ കച്ചിറമറ്റം എന്നിവരെ അനുമോദിക്കാൻ ബിഷപ്സ് ഹൗസിൽ കൂടിയ യോഗത്തിൽ സന്ദേശം നല്കുകയായിരുന്നു മാർ ജോസഫ് കല്ലറങ്ങാട്ട്.

അല്മായ പ്രബോധനത്തിന്റെ പ്രാധാന്യവും പ്രസക്തിയും വർദ്ധിച്ചിരിക്കുകയാണ്. അല്മായരുടെ ഇടയിൽ ഒരു പ്രബോധനസ്വരമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സുവർണ്ണജൂബിലി വർഷത്തിൽ അല്മായരുടെ പുതിയ ഉണർവിന് സഭയും സമൂഹവും പ്രാധാന്യം കൊടുക്കണം. സഭയുടെ ചരിത്രത്തിൽ അല്മായ പ്രബോധനങ്ങൾക്ക് തെറ്റുപറ്റിയിട്ടില്ലെന്നും സഭ വ്യതിചലിച്ച പല ഘട്ടങ്ങളിലും അല്മായരാണ് സത്യപ്രബോധനം മുറുകെ പിടിച്ചതെന്നും മാർ കല്ലറങ്ങാട്ട് പറഞ്ഞു........."

*-അങ്ങനെ അവസാനമിതാ, 'കേരള കത്തോലിക്കാ സഭാനവീകരണപ്രസ്ഥാന'ത്തെയും, 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിലി'നെയുമൊക്കെ പാലാ മെത്രാൻ അംഗീകരിച്ചിരിക്കുന്നു! കല്ലുവെട്ടത്തു കുട്ടപ്പന്മാർക്കു മരിച്ചടക്കു നിഷേധിച്ചും, മോണിക്കാമാരുടെ വസ്തുവകകൾ ഇല്ലാവചനം പറഞ്ഞു പറ്റിച്ചു കൈയ്ക്കലാക്കിയുമൊക്കെ ആധികാരികസഭ സത്യപ്രബോധനത്തിൽനിന്നു വ്യതിചലിക്കുമ്പോൾ, അതിനെല്ലാമെതിരെ യേശുവിന്റെ സത്യപ്രബോധനത്തിൽ മുറുകെപ്പിടിച്ച് തിരുത്തൽ ശക്തിയായി, പ്രവാചകശക്തിയോടും പ്രബോധനസ്വരത്തോടും കൂടി പ്രവർത്തിക്കുന്ന സ്വതന്ത്ര അത്മായപ്രസ്ഥാനങ്ങളെ പാലാ മെത്രാൻ ശരിയായ അർത്ഥത്തിൽ വിലയിരുത്തിത്തുടങ്ങിയിരിക്കുന്നു എന്നു കാണുന്നതിൽ 'സത്യജ്വാല'യ്ക്കു സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.*

●

---

സും പണം മുടക്കി പരസ്യങ്ങൾ നൽകുന്നു. ഭർത്താവിന്റെ രോഗം മാറി അദ്ദേഹത്തിന് സംസാരശേഷി ലഭിക്കും എന്ന മോഹനവാഗ്ദാനം നൽകി 25 കോടിയുടെ സ്വത്ത് മോണിക്ക എന്ന പാവം സ്ത്രീയിൽനിന്ന് കൈക്കലാക്കാൻ ഒരു കൂട്ടം വൈദികർക്ക് കഴിഞ്ഞു. ചർച്ച് ആക്ട് പോലൊരു നിയമമുണ്ടായിരുന്നെങ്കിൽ ഈ പുരോഹിതചൂഷണം സാധ്യമാകുമായിരുന്നില്ലതന്നെ. ഈ അനീതിക്കെതിരെ എത്ര ശക്തമായാണ് ആ സ്ത്രീ പ്രതികരിക്കുന്നത്!

മൂന്നാമതായി വേണ്ടത്, സേവനസന്നദ്ധരായ അംഗങ്ങളോടുകൂടിയ ഒരു സംഘടനയാണ്. അതിന്ന് ഭാഗ്യവശാൽ നമുക്കുണ്ട്. 12 അത്മായ സംഘടനകളുടെ കൂട്ടായ്മയായ 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' ഇതിനായി അരയും തലയും മുറുക്കി രംഗത്തുണ്ട്.

അവസാനമായി വേണ്ടത്, ചങ്കുവെറ കൂടാതെ പ്രവർത്തിക്കാൻ കഴിയുക എന്നതാണ്. കത്തോലിക്കാസഭയെ അണിയറയിലിരുന്ന് നിയന്ത്രിക്കുന്ന ദുഷ്ടശക്തികൾക്കെതിരെ ദർഭസ്ഥശിശുക്കൾപോലും മുഷ്ടിചുരുട്ടി പ്രതികരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതുകൊണ്ട്, അഴിമതിക്കും അനീതിക്കുമെതിരെ ആഞ്ഞടിക്കാനും ചർച്ച് ആക്ട് നടപ്പിലാക്കുന്നതിനുവേണ്ടി പ്രവർത്തിക്കാനും കേരളത്തിലെ ചോരത്തിളപ്പുള്ള യുവാക്കൾ തയ്യാറാകണം. സഭയുടെ നന്മയെ ആഗ്രഹിക്കുന്ന വൈദികരും സന്ന്യസ്തരുംകൂടി അതിനു തയ്യാറാകേണ്ടിയിരിക്കുന്നു. ●

# മതാദ്ധ്യയനത്തിൽ വീണ്ടും കൃത്രിമം



സക്കറിയാസ് നെടുങ്കനാൽ

**പു**രോഹിതർക്ക് യഥാർത്ഥത്തിൽ ഇല്ലാത്ത സ്ഥാനം വിശ്വാസികളുടെ മനസ്സിൽ ഉറപ്പിച്ചെടുക്കാനായി മതാദ്ധ്യയനത്തിൽ വരുത്തിയിട്ടുള്ള കൃത്രിമങ്ങളെപ്പറ്റി ഒരു കുറിപ്പ് ഒക്ടോബർ ലക്കം 'സത്യജ്വാല'യിൽ എഴുതിയിരുന്നല്ലോ. അതിൽ ചൂണ്ടിക്കാണിച്ച വിവാഹകാർമ്മികത്വത്തെപ്പറ്റിയുള്ള വളരെ തെറ്റായ ഭാഗം നാലാം ക്ലാസ്സിലെ പുസ്തകത്തിലും ആവർത്തിച്ചിട്ടുണ്ട് (ജീവന്റെ നീർച്ചാലുകൾ, താള് 76). ഈ കുറിപ്പ് അതിന്റെ ബാക്കിയാണ്.

ഏതു ക്ലാസ്സിലെ വേദപാഠപുസ്തകം മറിച്ചുനോക്കിയാലും, ഇത്തരം അസത്യത്തിരുകലുകൾ കാണാനുണ്ട്. ഒരു ഉദാഹരണമിതാ: "ജനത്തിനുവേണ്ടി കർത്താവിനു ബലിയർപ്പിക്കാനും അവിടുത്തെ നാമത്തിൽ അവരെ ആശീർവദിക്കാനുമാണ് പുരോഹിതൻ നിയമിതനായത്" എന്നെഴുതിയിരിക്കുന്നു! "ഇസ്രായേലിനു ദൈവത്തോടുള്ള ബന്ധത്തിന്റെ പ്രതീകമായിരുന്നു പൗരോഹിത്യം'' എന്നാണു തുടക്കം (പുസ്തകം: 'രക്ഷയുടെ പാതയിൽ' 5, താള് 90).

വേദപാഠം ഒൻപതാം ക്ലാസ്സിലെ 'പ്രകാശത്തിന്റെ പാതകൾ' എന്ന പുസ്തകത്തിന്റെ 26-ാം താളിൽ കോഴ കൊടുക്കുന്നത് പാപമാണെന്നു കുറിച്ചിട്ടുണ്ട്. എന്നാൽ കോഴ വാങ്ങുന്നതിനെക്കുറിച്ച് ഒരു വാക്കുപോലും കൊടുത്തിട്ടില്ല. ഇതിലൊരു ഒളിച്ചുകളിയുണ്ടെന്നുവേണം കരുതാൻ. അതായത്, ആവശ്യം വരുമ്പോൾ വിശ്വാസികൾ സ്വന്തം റിസ്കിൽ കോഴ കൊടുത്ത് പാപികളായിക്കൊള്ളട്ടെ; അത് കോഴ വാങ്ങുന്ന അധികൃതരുടെ പ്രശ്നമല്ല. അവർ പാപികളാകുന്നുമില്ല! ഇങ്ങനെയാണോ കുട്ടികൾ മനസ്സിലാക്കേണ്ടത്?

ഇതേ പാഠപുസ്തകത്തിന്റെ 31, 32 താളുകളിൽ സത്യത്തിനെതിരായ പാപങ്ങളെപ്പറ്റിയുള്ള ബോധനത്തിൽ, മോഷണം ശ്രദ്ധയിൽപ്പെട്ടാൽ, തിരുത്താൻ ബാധ്യതയുള്ളവരോട് അതു വെളിപ്പെടുത്തണം എന്ന് പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ അത്, തിന്മയ്ക്ക് (കാര്യലാഭം) സാക്ഷ്യം വഹിക്കലാണ്, ഭീരുത്വമാണ്, എന്നും എഴുതിയിട്ടുണ്ട്. സഭാധികാരികൾ നിത്യേനയെന്നോണം കള്ളത്തരം കാണിക്കുന്നതും കള്ളസാക്ഷി പറയുന്നതും നിയമനടപടികളിൽ സ്വന്തം ഭാഗം ജയിക്കാൻ വക്കീലന്മാരെയും വിധികർത്താക്കളെയും സ്വാധീനിക്കുന്നതും കാണുന്ന വിശ്വാസികൾ അതൊക്കെ വാക്കാലും എഴുത്തിലൂടെയും രേഖപ്പെടുത്തുമ്പോൾ, അവർക്കെതിരെ ശാപവാക്കുകളുമായി തിരിയുന്ന പട്ടക്കാരെ അപ്പോൾ എന്തു ചെയ്യണം? അവർതന്നെ പറയട്ടെ. വേദപാഠക്ലാസുകളിലെ കുട്ടികൾക്കും സാമാന്യവിവരം ഉണ്ടല്ലോ. ഇങ്ങനെയൊക്കെ പഠിപ്പിക്കുകയും പ്രവൃത്തിയിൽ അവയൊക്കെ പാടേ മറക്കുകയും ചെയ്യുന്ന സഭയെപ്പറ്റി അവർ എങ്ങനെ ചിന്തിക്കുന്നു എന്ന് വേദാദ്ധ്യാപകർ ഒരിക്കലെങ്കിലും ആത്മശോധന നടത്തുന്നുണ്ടോ?

37-ാം താളിൽ, ശമരിയാക്കാരിയുമായുള്ള യേശുവിന്റെ സംഭാഷണമാണ് പ്രതിപാദ്യവിഷയം. എന്നാൽ അതിലെ അതിപ്രധാനമായ, 'ദൈവത്തെ മലകളിലോ പള്ളികളിലോ അല്ല; മറിച്ച്, ഓരോരുത്തരുടെയും ഹൃദയമാകുന്ന ദൈവാലയത്തിൽ സത്യത്തിലും അരൂപിയിലുമാണ് ആരാധിക്കേണ്ടത്' എന്ന സംഭാഷണഭാഗം പാടേ ഉപേക്ഷിച്ചുകളഞ്ഞിരിക്കുന്നു. ഒരുപക്ഷേ, ഈ കാണുന്ന എണ്ണമറ്റ ആരാധനാലയങ്ങളും അവയുടെ അകാലങ്ങളിലുള്ള ധൂർത്തുനിറഞ്ഞ പുതുക്കിപ്പണിയലുമൊക്കെ എന്തിന് എന്ന് ബുദ്ധിയുള്ള ഏതെങ്കിലും കുട്ടികൾ എഴുന്നേറ്റുനിന്ന് ചോദിക്കാനിടവരാതിരിക്കാനാവണം ഇത്.

44-ാം താളിൽ, വിശ്വാസകാര്യങ്ങളിൽ ബുദ്ധി ഉപയോഗിക്കരുത്, അക്കാര്യത്തിൽ സഭയുടെ വാക്ക് അന്തിമമാണ്, എന്നാണു പഠിപ്പിക്കുന്നത്. സുബദ്ധിയുള്ള കുഞ്ഞുങ്ങളെ, അവരുടെ ബുദ്ധി അല്പംകൂടി വികസിക്കുമ്പോൾ, അവിശ്വാസികളും ഒരു പക്ഷേ

നിരീശ്വരരും ആക്കി മാറ്റാനുള്ള ആദ്യ പടിയാണ് ഈ പാഠം.

യേശുവിന്റെ ശരീര-രക്തങ്ങൾ പാപമോചനത്തിനായി ബലിയർപ്പിച്ചതിനെക്കുറിച്ചുള്ള പാഠമാണ് 57-ാം പേജിൽ. വാസ്തവത്തിൽ, ശരീരവും രക്തവുമെന്ന ദ്വന്ദ്വം അപക്വവും വികലവുമായ ചിന്തയുടെ സൃഷ്ടിയല്ലേ? കാരണം, ശരീരത്തിന്റെതന്നെ ഭാഗമാണ് രക്തം. കുരങ്ങിനാണോ അതിന്റെ വാലിനാണോ കൂടുതൽ നീളം എന്നൊരാൾ ചോദിച്ചാൽ, ചോദ്യം തെറ്റാണെന്നും അതുകൊണ്ട് അതിനു ഉത്തരമില്ലെന്നും മാത്രമേ പറയാനാകൂ. (മാർ കൂറിലോസ് പറഞ്ഞ ഉദാഹരണം). കാരണം, വാൽ കുരങ്ങിന്റെ ഭാഗം തന്നെയാണല്ലോ. പഴയനിയമത്തിലെ പുസ്തകങ്ങൾ എഴുതപ്പെട്ട കാലത്തെ ഭാഷയിൽ, ശരീരവും രക്തവും എന്നതിന് ഒരു ജീവസത്തയെന്നേ അർത്ഥമുള്ളൂ. വേർതിരിവിന്റെ ഒരു ലാഞ്ഛനപോലും അന്ന് അതിലില്ലായിരുന്നു.

മറ്റൊന്ന്, യേശുവിന്റെ ബലിയുടെ പ്രത്യേകതയായി പറഞ്ഞിരിക്കുന്നത്, 'ദൈവമക്കളുടെ രക്ഷക്കായി ഒരു തവണമാത്രം അർപ്പിച്ച ബലി' എന്നാണ്; 'പാപമോചനത്തിന് ഇനിയൊരു ബലിയില്ല' എന്നുമാണ്. അപ്പോൾപ്പിന്നെ, പള്ളികളിൽ ബലിയർപ്പണമെന്ന പേരിൽ നിത്യേന നടത്തുന്ന കുർബാനയ്ക്ക് എന്താണു പ്രസക്തി? കുർബാനയ്ക്കു യേശുവിന്റെ ബലിയിൽനിന്ന് ഒരു വ്യത്യാസവുമില്ലെന്നും, ഓരോ കുർബാനയുടെയും വില അപാരമാണെന്നും മറ്റുമുള്ള പരമ്പരാഗതമായ വേദപാഠപഠനവും പ്രസംഗങ്ങളുമൊക്കെ അർത്ഥശൂന്യമല്ലേ? സത്യത്തോടും ദൈവമക്കളോടുമുള്ള അവഹേളനമല്ലേ?

# 'സഭാനവീകരണത്തിലേക്ക് ഒരു വഴി' പ്രസിദ്ധീകരിച്ചു

സഭാനവീകരണം ലക്ഷ്യമാക്കിയുള്ള പുസ്തകരചന ഒരു തപസ്യയാക്കിയിരിക്കുന്ന ശ്രീ.ചാക്കോ കളരിക്കലിന്റെ നാലാമത്തെ പുസ്തകമായ 'സഭാനവീകരണത്തിലേക്ക് ഒരു വഴി' എന്ന പുസ്തകത്തിന്റെ പ്രകാശനം, 2012 നവംബർ 24-ന് ജോയിന്റ് ക്രിസ്റ്റ്യൻ കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. ലാലൻ തരകൻ നിർവ്വഹിച്ചു. ശ്രീശങ്കരാചാര്യ സർവ്വകലാശാല മുൻ പ്രൊഫസറും എഴുത്തുകാരനും വാഗ്മിയുമായ ഡോ. സ്കറിയാ സക്കറിയായാണ് അവതാരിക എഴുതിയിരിക്കുന്നത്. പുസ്തകത്തെ പരിചയപ്പെടുത്തുന്നതിനായി, അവതാരികയിൽനിന്നും ഏതാനും വാക്യങ്ങൾ താഴെക്കൊടുക്കുന്നു:

"ശ്രീ.ചാക്കോ കളരിക്കലിന്റെ വിമർശനാത്മക മതരചനയാണ് 'സഭാനവീകരണത്തിലേക്ക് ഒരുവഴി. ഒൻപത് അദ്ധ്യായത്തിൽ ക്രൈസ്തവമതത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ, ചരിത്രം, ഭാവി എന്നിവ തത്വനിഷ്ഠമായി ചർച്ച ചെയ്യുന്നു. രേഖാനിഷ്ഠമായി വിവരങ്ങൾ ശേഖരിച്ചവതരിപ്പിച്ച് ഹൃദയപൂർവ്വം ഭാവിക്കുവേണ്ടി ഭാവനാത്മകമായി ചിന്തിക്കുന്നു. ബൈബിൾ, വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ, നസ്രാണിപാരമ്പര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് ചർച്ചയും വിശകലനവും. വിവിധ വിഷയങ്ങളിൽ ഗ്രന്ഥകർത്താവ് നൽകുന്ന വ്യാഖ്യാനങ്ങൾ തുറവിയുള്ളവയാണ്. അവ വെളിപാടുകളല്ല, കല്പനകളല്ല; ചിന്തയിലൂടെ തെളിച്ചെടുക്കുന്ന സാധ്യതകളാണ്. നിങ്ങൾക്ക് പലമട്ടിൽ ഇടപെട്ട് ഇതിനെ പൂരിപ്പിക്കാം. അതാണ് ഈ കൃതിയുടെ സംവിധാനപരമായ മേന്മ.

...ആത്മാർത്ഥതയും പക്വതയും പഠിപ്പും അനുഭവവും ഇടകലർന്ന ഈ രചനയ്ക്ക് ചരിത്രപ്രാധാന്യമുണ്ട്. അതിന്റെ മഹത്വം വായനക്കാർ അനുഭവിച്ചറിയട്ടെ. കണ്ണുള്ളവൻ വായിക്കട്ടെ, കാതുള്ളവൻ കേൾക്കട്ടെ, ഹൃദയമുള്ളവർ അനുഭവിച്ചറിയട്ടെ".

## 'പരിപാവനങ്ങളായ അസംബന്ധങ്ങൾ'

### സേവ്യർ വില്യം

**വിവ: എം. പി. സദാശിവൻ**

അന്ധവിശ്വാസത്തിലൂന്നിയ അസഹിഷ്ണുതയാണ് മതസംഘർഷങ്ങൾക്കും മതപീഡനങ്ങൾക്കും പിന്നിൽ. കുറേപ്പേർ വിശ്വസിക്കുകയും ആവർത്തിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം ഒന്നും സത്യമാകുന്നില്ല. അന്ധവിശ്വാസം, മതം, മതനിഷേധം തുടങ്ങി മനുഷ്യനും സമൂഹവുമായുള്ള ബന്ധത്തിന്റെ മനഃശാസ്ത്രപരവും യുക്തിപൂർവകവുമായ ചിന്തയും ചരിത്രവിശകലനവുമാണ് ഈ പഠനഗ്രന്ഥം. പുരോഗമനവാദത്തിന്റെ വാതായനങ്ങൾ തുറന്നിടുന്ന അപൂർവജനുസിൽ പിറന്ന ഒരു ഗ്രന്ഥമാണ് 'പരിപാവനങ്ങളായ അസംബന്ധങ്ങൾ'.

*(ഈ രണ്ടു പുസ്തകങ്ങളും 'സത്യജ്വാല'വിതരണംചെയ്യുന്നു)*

*-എഡിറ്റർ*



# കുർബ്ബാന ചൊല്ലാതെ, ചെയ്യുവിൻ!

സാമൂവൽ കൂടൽ

'അൽമായശബ്ദം' ബ്ലോഗിലും 'സത്യജ്വാല' മാസികയിലും ശ്രീ.ജോസഫ്.കെ.കുളിരാനിയുടെ 'യേശുവിന്റെ അന്ത്യഅത്താഴമേശ-അർത്ഥവും ദൗത്യവും'എന്ന ലേഖനം വായിക്കാനിടയായി. ഞാൻ ഭ്രൂണാവസ്ഥയിലായിരുന്നപ്പോഴേ എന്റെ മാതാവ് എന്നെ ദൈവവേലയ്ക്കായി സമർപ്പിച്ചതുകൊണ്ടും, എന്റെ പന്ത്രണ്ടാം വയസ്സുമുതൽ അൾത്താരബാലനായി ദിവ്യബലി തിരശ്ശീലയ്ക്കുള്ളിലും പുറത്തുമായി കണ്ടുപഠിക്കാൻ എനിക്ക് അവസരം ലഭിച്ചതുകൊണ്ടും ഇതെഴുതിപ്പോകുന്നു.



അപ്പത്തെയും വീഞ്ഞിനെയും കാവ്യാത്മകമായി സ്വശരീര-രക്തങ്ങളെന്നു ഭാവനചെയ്തു ശിഷ്യന്മാർക്കു പങ്കിട്ടുകൊടുക്കുകയും, ഒപ്പം 'നിങ്ങളും ഇപ്രകാരം ചെയ്യുവിൻ' എന്നവരെ ഉൽബോധിപ്പിക്കയും ചെയ്തു, യേശു . അവരും സ്വയം ത്യാഗബലികളായി അനേകർക്കുവേണ്ടി പങ്കിടപ്പെടുവാൻ, സ്വാർത്ഥതയില്ലാത്ത ജീവിതമൂല്യങ്ങൾ ഉള്ളവരാകാൻ, പ്രേരിപ്പിക്കയായിരുന്നു അവിടുന്ന്. യേശുവിനെ അനുകരിക്കുന്ന നാമും നമുക്കുള്ളവ ത്യാഗബലി എന്നവണ്ണം സ്വമേധയാ പങ്കുവയ്ക്കുവാൻ കടപ്പെട്ടവരാണ്. പങ്കുവയ്ക്കലിലൂടെ മാത്രമേ ത്യാഗത്തിന്റെ സ്വർഗ്ഗീയസുഖം അനുഭവിക്കാനാവൂ; അതുവഴിമാത്രമേ ക്രിസ്തീയത ഓരോ ഹൃദയത്തിലും മുളപൊട്ടുകയുള്ളൂ, മൂല്യങ്ങൾ വിളയുകയുള്ളൂ.

എന്നാൽ, സ്വയം പങ്കിടപ്പെടണമെന്ന ഈ ഉപദേശത്തെ മറികടന്ന് പുരോഹിതൻ വീണ്ടും അൾത്താരയിൽ യേശുവിനെ പങ്കിടുന്നു! അവനെ വീണ്ടും കീറിമുറിക്കുന്നു, രക്തവും ശരീരവും ആഹരിക്കുന്നു! ദഹനപ്രക്രിയ കാരണം, പിറ്റേന്ന് ഒരു തടസ്സവുമില്ലാതെ മറപ്പുരയിൽ വിസർജ്ജിക്കുകയും ചെയ്യുന്നു. 'എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ' എന്ന അവന്റെ മൊഴിയിലെ, 'ചെയ്യുവിൻ' എന്നതുമാറ്റി, പകരം 'ചൊല്ലുവിൻ' എന്നാക്കി, പുരോഹിതൻ ഷിഫ്റ്റ് കുർബ്ബാനകൾ നടത്തി യേശുവിന്റെ ഉൽബോധനത്തെ അപഹസിക്കുന്നു. പുരോഹിതന്റെ കുബുദ്ധിയിൽ വിളഞ്ഞ് അരങ്ങേറുന്ന ഈ സംഗീതനാടകത്തിന് ഓരോ സഭയും ഓരോവിധം ഗാന-സംഭാഷണ രചനകളും സംവിധാനവും നടത്തി ചിട്ടപ്പെടുത്തിയിരിക്കുകയാണ്. യേശുവിന്റെ തിരുവചനങ്ങളിലെ ദിവ്യഭാവന പാടേ മറന്ന്, കത്തോലിക്കന് ദിവസവും എത്ര പ്രാവശ്യം വേണമെങ്കിലും (മറ്റുള്ള സഭകൾക്ക് ഞായറാഴ്ചയും വിശേഷ ദിവസങ്ങളിലും മാത്രം) കർത്താവിനെ ഭുജിക്കാം. രക്തമെന്ന പേരിൽ വീഞ്ഞ് കൂടെക്കൂടെ കുർബ്ബാനചൊല്ലി കുടിക്കുന്നതുകാരണം കത്തനാർക്ക് മത്തുപിടിച്ച് എന്നും സ്വർഗ്ഗത്തിലുമെത്താം. കത്തനാർക്ക് മത്തായി, തൊഴിലായി, കീശയും വീർത്തു ! യേശുവിനോ? കേൾക്കാൻ ചെവിയുള്ളവനില്ല എന്ന ദുഃഖവും!



അപ്പോസ്തോലൻമാർ ആദിമകാലത്ത് സഭാമക്കളുടെ സ്വത്തുവകകൾ കോമൺപൂളിങ്ങിൽ കൊണ്ടുവന്നതായി ബൈബിളിൽ നാം പഠിക്കുന്നു. എന്നാൽ ഇന്നത് നടപ്പില്ല. എങ്കിലും, അവന്റെ 'രണ്ടുള്ളവൻ ഒന്നില്ലാത്തവനു കൊടുക്കട്ടെ' എന്ന വചനം നടപ്പിലാക്കാൻ നാം ധനം ദാനം ചെയ്തേ മതിയാവു. മീഡിയേറ്റർ കളിക്കുന്ന ചൂഷകനായ പുരോഹിതനെ ഒഴിവാക്കി, ഓരോ മനുഷ്യനും ഇതു സ്വയം ചെയ്യാൻ ഒരുങ്ങണം. സി.പി.എം.കാരുടെ മനുഷ്യച്ചങ്ങല മാതിരി അയൽക്കാരനെ സ്നേഹിക്കലും ലോകമെല്ലാം വ്യാപിക്കണം. എല്ലാ മനുഷ്യരും സഭകളും രാജ്യങ്ങളും ഈ ത്യാഗത്തിന്റെ ബലിയിൽ പങ്കെടുക്കണം; പങ്കിടീലിന്റെ ചങ്ങലയിൽ കണ്ണികളാകണം. ത്യാഗം ചെയ്യൽവഴി മാത്രമേ നിത്യജീവനെ പ്രാപിക്കാനാകൂ എന്ന് തന്നെ പരീക്ഷിക്കാൻ വന്ന നീതിശാസ്ത്രിയോട് യേശു പറയുന്നു. നല്ല ശമറിയാക്കാരന്റെ കഥ പറഞ്ഞതിനുശേഷം, 'നീയും നിത്യജീവൻ പ്രാപിക്കാൻ ഇതുപോലെ ചെയ്യൂ', എന്ന് അവനോട് പറയുന്നത് ലൂക്കോസ് 10-ന്റെ 25 മുതൽ നാം വായിക്കുന്നു. ഒരിക്കൽ തന്റെ ശിഷ്യനാകാൻ വന്ന ധനികനോട് യേശു 'നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുത്തിട്ട് എന്റെ പിന്നാലെ വരൂ' എന്നു പറയുന്നതായും നാം പഠിക്കുന്നു.

ക്രിസ്തീയതയെന്നാൽ സ്നേഹം, ദയ, പങ്കിടീൽ, ശുശ്രൂഷ എന്നീ മൂല്യങ്ങൾ കർമ്മത്തിൽ വരുത്തുകയെന്നതാണ്. യോഹന്നാന്റെ 13 മുതൽ ഇതാണെന്റെ കർത്താവിന്റെ വാമൊഴി. തമ്മിൽത്തമ്മിൽ സ്നേഹിച്ചുകൊണ്ട് സ്നേഹത്തിൽ വസിക്കാൻ ആ സ്നേഹഗായകൻ തന്റെ സ്നേഹമന്ത്രങ്ങളിലൂടെ നമ്മോട് ആജ്ഞാപിക്കുന്നു. കാലുകഴുകൽ കർമ്മം നടത്തിക്കാട്ടിക്കൊണ്ട്, സഹോദരന്റെ കാൽ കഴുകുന്നവൻ ഭാഗ്യവാനാണെന്ന്, അനുഗൃഹീതനാണെന്ന്, കർത്താവ് പ്രഖ്യാപിക്കുന്നു. ഞാൻ ഓർത്തുപോകുന്നു, അമൃത്സർ ഗോൾഡൻ ടെമ്പിളിൽ എന്റെ ചെരുപ്പു വാങ്ങി ടോക്കൺ തന്ന് എന്നെ സേവിച്ചത് അന്നത്തെ പഞ്ചാബ് ഡി.ജി.പി. ആയിരുന്നു! സ്വയം അഹംഭാവം കളഞ്ഞ്, അഹംബോധമായി, മാനവസേവ ചെയ്യുന്നതുവഴി ഒരുവൻ ഈശ്വരസേവയാണ് ചെയ്യുന്നത്. പാണ്ഡവരുടെ അശ്വമേധയാഗശാലയിൽ യാഗം തുടങ്ങും മുൻപ് ഗുരുദക്ഷിണ കൊടുക്കാൻ ലോകഗുരുവായ കൃഷ്ണനെ അന്വേഷിച്ച് പാണ്ഡവന്മാരും പാഞ്ചാലിയും യാഗശാലയാകെ തെരയുന്നതും, ഒടുവിൽ യാഗശാലയ്ക്കു വെളിയിൽ യാഗത്തിനെത്തുന്ന ബ്രാഹ്മണരുടെ കാലുകഴുകുന്ന ഭഗവാനെക്കണ്ട് അവർ അമ്പരക്കുന്നതും മഹാഭാഗവതത്തിൽ നാം വായിക്കുന്നു. ഇന്നു സഭകൾ, വീട്ടിലും നാട്ടിലും, പഠിപ്പിലും മര്യാദയിലും, കൊള്ളരുതാത്തവനെ കത്തനാരാക്കുന്നു! വീട്ടുകാർ ശല്യം സഭയെ ഏൽപ്പിക്കുന്നു; സഭ വിശ്വാസികളെ അടിമകളാക്കാൻ ഈ കൂദാശച്ചട്ടമ്പിയെ ദൂരെദൂരെ പള്ളികളിലേക്ക് നാടുകടത്തുന്നു. കൂടലിലെ കൊള്ളരുതാത്തവനെ കത്തനാരാക്കി കൂത്താട്ടുകുളത്തിനും, അവിടത്തെ ചട്ടമ്പിയെ കൂദാശ ചൊല്ലാൻ കൊട്ടാരക്കരയ്ക്കും പോസ്റ്റ് ചെയ്യുന്നു. ഇങ്ങനെ സഭകൾ മത്സരിച്ച് ആളെച്ചേർത്ത് ജനത്തിന്റെ ഇല്ലാക്കാശു പിരിച്ചെടുത്ത്, മുക്കിനുമുക്കിനു പള്ളികൾ- 50 അടി അകലത്തിൽപ്പോലും പള്ളികൾ!- പണിത് ദൈവത്തെ അപമാനിക്കുകയും, ജനത്തെ ആത്മീയാന്ധകാരത്തിലേക്ക് നയിക്കുകയുമാണ്! ഇങ്ങേപ്പള്ളിയിൽ ഒരുപാട്ട് , അങ്ങേപ്പള്ളിയിൽ വേറൊരു

മട്ടിലും താളത്തിലും മറ്റൊരു പാട്ട് ! കേൾക്കാൻ വിധിക്കപ്പെട്ട പാവം ദൈവം കാതിൽ വിരലിട്ടു പോകുന്നു. മാലാഖമാർ കോലാഹലംകാരണം ഭയന്നോടുന്നു.

ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ, ഇത്ര മേൽ പോപ്പുമാരും മെത്രാന്മാരും ബാവാ മാരും കത്തനാരന്മാരും കർദ്ദിനാളന്മാരും ഷിഫ്റ്റ് കുർബ്ബാനകളും പൂരക്കുർബ്ബാനകളും ചൊല്ലി കർത്താവിനെ ഭക്ഷിക്കുന്നു. എന്നാൽ അങ്ങനെ കർത്താവിനെ ഭക്ഷിച്ചവരിൽ എത്രപേർ അവന്റെ തേൻമൊഴിയിലേ സൂക്ഷ്മമൂല്യങ്ങൾ ജീവിത ത്തിന്റെ കർമ്മവേദിയിലാക്കിയിട്ടുണ്ട്? ജനവുമില്ല പുരോഹിതനാരുമില്ല. 'ദിവ്യബലി'എന്നു വിശേഷി പ്പിച്ചതുകൊണ്ടുമാത്രം, കുർബാന വെറുതെ ചൊല്ലുന്നതും കാണുന്നതും ബലിയാകുന്നതെ ങ്ങനെ? പങ്കുവയ്ക്കലാകുന്നതെങ്ങനെ, ക്രിസ്തീയമൂല്യങ്ങളുടെ ആവിഷ്കാരമാകുന്നതെ ങ്ങനെ? കൂദാശകൾവഴി ചിന്ത നശിച്ച പോഴന്മാരെ അടിമകളാക്കി അവരുടെ വിയർപ്പിന്റെ വിലയിൽ സുഖിച്ചു വാഴുന്ന പുരോഹിതൻ അർപ്പിക്കുന്നതു ബലിയാണത്രെ! കുളിരാനി സാർ എഴുതിയതുപോ ലെ, അതും ഒരു 'ബലി' യാണ് - ചക്കാത്തുബ ലി! .

ജനമേ, ചൂഷിതരേ, പള്ളിയിൽ പ്രാർത്ഥിക്കാൻ പോകാതെ ഈ ചൂഷകരെ ഹൃദയങ്ങളിൽനിന്നും ജീവിതത്തിൽനിന്നും പിരിച്ചുവിടൂ. അവരും പണിയെടുത്തു ജീവിക്കട്ടെ. അവരുടെ വിയർപ്പ് നേടുന്ന അപ്പം അവരും പങ്കിടട്ടെ. എങ്കിലേ മിശിഹാ മഹത്വപ്പെടുകയുള്ളു, പള്ളിവഴക്കു തീരുകയുള്ളു. 'ഞാനും പിതാവും ഒന്നാകുന്നു. എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' എന്ന കർത്താവിന്റെ മൊഴി ഓരോരുത്തരും ഉള്ളിലറിഞ്ഞു മനസ്സിലാക്കണം. എന്റെ ഉള്ളി ന്റെയുള്ളിലെ ചൈതന്യമായ ദൈവത്തെ ഞാൻ എന്റെ ധ്യാനംകൊണ്ട് മനസ്സിന്നുള്ളറയിൽ കണ്ടറിഞ്ഞു എന്നതാകണം മനോബലം. സ്വയം അറിഞ്ഞാൽ അറിവായി, അറിവുതാൻ ആത്മ മോദം .

കല്ലുകൊണ്ടുണ്ടാക്കിയ പ്രതിമയിൽ തന്ത്രിമാർ ഈശ്വരചൈതന്യം ആവാഹിച്ചിറക്കി അതിനു പൂജചെയ്യാനും, ദേവനായി സങ്കൽപ്പിച്ച് ആരാധിക്കാനും വിഗ്രഹാരാധനക്കാരെ ശീലിപ്പിച്ച തുപോലെ, ക്രൈസ്തവരെയും വിഗ്രഹാരാധകരാ ക്കുകയല്ലേ, കുർബ്ബാനയിൽ ഗോതമ്പപ്പവും വീഞ്ഞും യേശുവിന്റെ ശരീര-രക്തങ്ങളാക്കി രൂപാന്തരപ്പെടുന്നു എന്നു വിശ്വസിപ്പിച്ചുകൊണ്ട് പുരോഹിതർ ചെയ്യുന്നത് ? ക്ഷേത്രത്തിൽ കല്ലിൽ ദൈവത്തെ കാണുന്നു. നാമോ, അപ്പത്തിലും

ഞായറാഴ്ചകളിൽ, അല്ലെങ്കിൽ മാസ ത്തിലൊരിക്കലെങ്കിലും, ഒത്തുകൂടട്ടെ. പള്ളിയിൽ പോകുന്നതിനുപകരം അ യൽപക്കത്തുള്ളവർ ഒത്തുകൂടി സുഖദുഃഖങ്ങൾ പങ്കുവയ്ക്കട്ടെ. ഉള്ളവൻ ഇല്ലാത്തവനെ കരുണയോടെ കണ്ട് ത്യാഗബലി ചെയ്ത് നല്ല ശമറായനാകട്ടെ.

വീഞ്ഞിലും യേശുക്രിസ്തുവിനെ കാണുന്നു. രണ്ടും വിഗ്രഹാരാധന! പിതാവായ തേറഹിന്റെ ഈ ആചാരത്തെ വെറുത്ത് അബ്രഹാം വിശ്വാസികളുടെ പിതാവായെങ്കിൽ, ഇന്ന് അബ്രഹാമ്യസന്തതിയെ തേറഹിന്റെ പിന്തുടർച്ച ക്കാരനാക്കാൻ കത്തനാർ കുർബ്ബാനവഴി പഴയ മനസ്സിന്റെ ശീലത്തിലാക്കുന്നു. പ്രാകൃതം വീണ്ടും പ്രകൃതമാകുന്നു. ഇന്നു പലർക്കും പള്ളി ഒരു സോഷ്യൽ ഗാതറിങ്ങ് പ്ലെയ്സ് ആയി എന്നതാണു സത്യം. പ്രർത്ഥന മനസ്സിന്റെ ഉള്ളറയിൽ; ഹൃദയം ദൈവാലയം. എങ്കിലേ യേശു ജയിക്കുന്നു എന്നു പറയാനൊംക്കൂ.

ശ്രീ. ജോസഫ്.കെ. കുളിരാനി പറഞ്ഞതു പോലെ, ഗ്രാമങ്ങൾതോറും ക്രിസ്തീയ അയൽ ക്കൂട്ടങ്ങൾ ഞായറാഴ്ചകളിൽ, അല്ലെങ്കിൽ മാസ ത്തിലൊരിക്കലെങ്കിലും, ഒത്തുകൂടട്ടെ. പള്ളിയിൽ പോകുന്നതിനുപകരം അയൽപക്കത്തുള്ളവർ ഒത്തുകൂടി സുഖദുഃഖങ്ങൾ പങ്കുവയ്ക്കട്ടെ. ഉള്ളവൻ ഇല്ലാത്തവനെ കരുണയോടെ കണ്ട് ത്യാഗബലി ചെയ്ത് നല്ല ശമറായനാകട്ടെ.

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്നാകണമെങ്കിൽ, മനം നന്നാകണം, അതിനു മനനമുണ്ടാകണം, പുരോഹിതൻ ഇല്ലാതെ യാകണം; നാമോരോരുത്തരും ദൈവമക്കളാക ണം; 'ഈശാവാസ്യമിദം സർവ്വം' എന്ന ബോധ മുണരണം. 'ദൈവമേ, ഞങ്ങളെ രക്ഷിക്ക ണമേ' എന്നതിനു പകരം, ഇനിമേൽ 'ലോകാ സമസ്താ സുഖിനോ ഭവന്തു!' എന്നാകട്ടെ മനസ്സുകളുടെ പ്രാർത്ഥനാമന്ത്രം!

'കുർബ്ബാന ചൊല്ലാനല്ല, ചെയ്യുവിൻ നിങ്ങളെന്റെ ഓർമ്മയ്ക്കായ് കാലത്തോളം എന്നേശു വിതുമ്പുന്നു' ●

# ഇളങ്ങുളം പള്ളിയുടെ ഒന്നരവർഷത്തെ ചരിത്രം



**ജോസാന്റണി**

**ആ**റു കോടി രൂപയുടെ ഇളങ്ങുളം പള്ളിമുറിനിർമ്മാണം ഉയർത്തിയ വിവാദങ്ങളുടെ നിജസ്ഥിതി അറിയാൻ നടത്തിയ ഒരു ലഘു അന്വേഷണത്തിൽ, ഞെട്ടിക്കുന്ന വിവരങ്ങളാണ് അറിയാൻ കഴിഞ്ഞത്. കുതന്ത്രജ്ഞനായ ഒരു വികാരിക്ക് എങ്ങനെയെല്ലാം തോന്ന്യാസം കാണിക്കാമെന്നറിയണമെങ്കിൽ, ഇളങ്ങുളം പള്ളിയുടെ കഴിഞ്ഞ ഒന്നര വർഷത്തെ ചരിത്രംമാത്രം പഠിച്ചാൽ മതി. ലക്ഷങ്ങൾ മിച്ച ബജറ്റ് ഉണ്ടായിരുന്ന പള്ളിക്ക് ഇപ്പോഴുള്ളത് കടം. പണം പോയ വഴി ഏതെന്നു ചോദിച്ചാൽ ചൂണ്ടിക്കാണിക്കാൻ ധാരാളമുണ്ട്.

മുത്തനാട്ടച്ചൻ വികാരിയായതിനുശേഷം നിരവധി പരിഷ്കാരങ്ങൾ പള്ളിയിൽ നടന്നു. ഒന്നാന്തരം ഒരു പാരിഷ് ഡയറക്ടറിയുണ്ടാക്കി ആദ്യം വിശ്വാസികളെ കൈയിലെടുത്തു. അൾത്താരയിൽ എന്നും പുതുപൂക്കൾ വെയ്ക്കാൻ ഓരോ വീടും 500 രൂപാവച്ചു കൊടുക്കണമെന്നു നിർദ്ദേശിച്ചപ്പോഴും, ഒരു പെരുന്നാൾ നടത്താൻവേണ്ടി, ഉണ്ടായിരുന്ന മുത്തുക്കുടകൾക്കുപുറമേ, പുതിയ 300 മുത്തുക്കുടകൾ (3 ലക്ഷംരൂപാ! ഇപ്പോൾ സൂക്ഷിക്കാൻ ഇടം തപ്പുന്നു; പലതും എലി കരണ്ടു.) വാങ്ങാൻ സംഭാവന ആവശ്യപ്പെട്ടപ്പോഴുമൊന്നും അപകടം മണക്കാതിരുന്ന വിശ്വാസികൾ, ആ പ്രദേശത്തെ കുട്ടികൾമാത്രം പഠിക്കുന്ന പള്ളിക്കൂടത്തിനുവേണ്ടി സ്കൂൾ ബസ് വാങ്ങിയപ്പോഴും, കമ്പ്യൂട്ടർ ലാബിനു വേണ്ടി എട്ടു ലക്ഷം പിരിക്കാനിറങ്ങിയപ്പോഴും, നല്ലതെന്നേ ചിന്തിച്ചുള്ളൂ. ഇപ്പോൾ ആർക്കും അറിയില്ലാത്തത്, പള്ളിയുടെ പണം മുഴുവൻ എവിടെപ്പോയി എന്നാണ്. കുടുംബക്കൂട്ടായ്മകളുടെ പേരിൽ, 33 കൂട്ടായ്മകൾക്കുംകൂടി ചെലവഴിക്കേണ്ടി വന്നത് ഏകദേശം 6 ലക്ഷം രൂപാ! ആണ്ടിൽ ആഘോഷങ്ങളും പെരുന്നാളുകളുമായി പതിനഞ്ചോളം എണ്ണം! മിക്കതിനും 1500-ഓളം പേർക്കു സദ്യ! സദ്യ സ്ഥിരം പരിപാടിയായപ്പോൾ പള്ളി വാങ്ങിയത് ആയിരം സ്റ്റീൽ പ്ലേറ്റുകൾ!! സ്കൂൾ ബസ്സിനു ഷെഡ്ഡ് കെട്ടുക, ഏതാനും മാസങ്ങൾക്കുള്ളിൽ പൊളിച്ചു മാറ്റുക അങ്ങനെ ലക്ഷങ്ങൾ കളയുക തുടങ്ങിയവയും അടുത്തകാലത്തു നടന്ന തമാശകൾ. സേവനനിരതനായിരുന്ന വികാരി, പക്ഷേ, ഒന്നിന്റെയും ശരിയായ കണക്ക് ആരെയും ബോദ്ധ്യപ്പെടുത്തിയിട്ടില്ല എന്നാണ് അറിയുന്നത്. എല്ലാവർക്കും രസീത് കൊടുത്തു ബുദ്ധിമുട്ടിപ്പിക്കുന്ന സ്വഭാവവും അദ്ദേഹത്തിനില്ല എന്നുമറിയുന്നു.

വികാരിയച്ചന്റെ ഒരു സ്ഥിരം പരിപാടി, വിശുദ്ധനാട് ടൂർ ക്രമീകരിക്കുക, എല്ലാവരെയും ബസ്, കപ്പൽ, ട്രെയിൻ, വിമാനയാത്രകൾക്ക് ഒരുക്കുക എന്നിവയാണ്. ഒരു വൈദികന്റെ ജോലിയാണോ ഇതൊക്കെയെന്ന് ഇപ്പോൾ ഇടവകക്കാർ ചോദിക്കുന്നു. ടൂർ ഓപ്പറേറ്റർമാർ കുറഞ്ഞതു പത്തിലൊന്നു കമ്മീഷൻ കൊടുക്കാറുള്ള ഈ ഇടപാടുകളുടെ കണക്കും രഹസ്യം! ഇക്കാലയളവിൽ വിശുദ്ധനാട്ടിലേക്കു പോയവർതന്നെ നൂറിലേറെപ്പേർ വരും. ഇതിനിടെ നടന്ന ഏറ്റവും രസകരമായ ഒരു സംഗതി രജിസ്റ്റർ വിവാഹം ചെയ്ത് ഒരുമിച്ചു ജീവിച്ചിരുന്ന ദമ്പതികളെ നല്ലൊരു തുക വാങ്ങി വിവാഹം നടത്തിക്കൊടുത്ത് അനുഗ്രഹിച്ചതാണ്. വെറുതെ ഒരു കുറി വാങ്ങാൻ ചെന്നാൽ, ഒരുക്കധ്യാനം മുതൽ നമസ്കാരം കേൾക്കലും, പസ്സാരം കൊടുക്കലും തുടങ്ങി നിരവധി കടമ്പകൾ കടക്കാൻ ഓരോ കുഞ്ഞാടും നിർബന്ധിക്കപ്പെട്ടപ്പോഴാണ്, ഈ ദയാദാക്ഷിണ്യം! കൂട്ടായ്മകളിൽ നിന്ന് പാരീഷ്കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് ഒട്ടും സുതാര്യമല്ലാത്ത നറുക്കെടുപ്പിലൂടെയാക്കിയത്രെ, ഈ വികാരി.

പള്ളിയുടെ നഷ്ടക്കണക്കുകൾ ആവശ്യപ്പെടുകയും, 6 കോടിയുടെ പള്ളിമുറി ആവശ്യമില്ലാ എന്നു പറയുകയും ചെയ്ത ഒരു മുതിർന്ന അംഗത്തിന്റെ മുൻകാലചരിത്രം പഠിച്ചൊരുങ്ങിയായിരുന്നുവത്രെ, അടുത്ത പൊതുയോഗത്തിൽ വികാരി എത്തിയത്! പക്ഷേ, ആ സമീപനത്തെ അനുകൂലിക്കാൻ യോഗം തയാറായില്ല. പള്ളിയിൽ കൃത്യമായി കാര്യങ്ങൾ വിളിച്ചു പറയാറുണ്ടായിരുന്നല്ലോ എന്നായിരുന്നു, വികാരിയച്ചന്റെ വാദം. മുമ്പൊരാൾ പള്ളിയിൽവച്ച് കോട്ടുവാ വിട്ടതുപോലും പ്രശ്നമായ പള്ളിയാണിതെന്നോർക്കുക. പള്ളിക്കുള്ളിൽവച്ച് അഭിപ്രായം പറയണമായിരുന്നുവത്രെ! അതിസമർത്ഥനായ ഈ വികാരിയച്ചൻ മുമ്പിരുന്ന ഇടവകകളും പാപ്പരാക്കിയിരുന്നുവെന്നു കേൾക്കുന്നു.

●

# പാലാരൂപത വക ‘വേദപാഠ’ക്കണക്കുപരീക്ഷ!



കണക്കധ്യാപകരെ തിരഞ്ഞെടുക്കുന്ന പരീക്ഷയാണ്. ഇക്കഴിഞ്ഞ നവം.24-ന് പാലാ കോർപ്പറേറ്റ് മാനേജ്മെന്റാണ് പരീക്ഷ നടത്തിയത്. വിഷയം കടുകട്ടിയായ കണക്കല്ലേ; ദിവസങ്ങൾ ഉറക്കമിളച്ചിരുന്ന് പഠിച്ചിട്ടാണ് ഉദ്യോഗാർത്ഥികൾ എത്തിയത്. പക്ഷേ, ചോദ്യങ്ങൾ കണ്ട് അവർ അന്ധാളിച്ചുപോയി.

ചോദ്യം1 കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം ഏതാണ്?

ചോദ്യം 2 വിശ്വാസവർഷം എന്നു മുതൽ എന്നു വരെ? ആ തീയതികളുടെ പ്രാധാന്യം എന്ത്?

ചോദ്യം 3 1967-ലെ വിശ്വാസവർഷാചരണത്തിന്റെ പശ്ചാത്തലം എന്തായിരുന്നു?......

ഇങ്ങനെ ആദ്യത്തെ 52 ചോദ്യങ്ങൾ കത്തോലിക്കാ വേദപാഠം!

കണക്കദ്ധ്യാപകരല്ലേ, ഇനി കുറെ പൊതുവിജ്ഞാനമാകട്ടെ എന്നു കരുതിയിട്ടാവാം, 53-ാമത്തെ ചോദ്യം മുതൽ മട്ടുമാറുന്നു.

ചോദ്യം 53 മഹാകവി അക്കിത്തത്തിന്റെ ഏതു കൃതിക്കാണ് 2012-ലെ വയലാർ അവാർഡ് ലഭിച്ചത്? *(പാപം! കത്തോലിക്കർക്കു ചോദിക്കാൻ പററിയ ചോദ്യമാണോ ഇത്!)*

ചോദ്യം 54 മലാല യൂസഫായി ആരാണ്? *( ദേ, പിന്നേം വിശ്വാസം നശിപ്പിക്കുന്ന ചോദ്യം! ഇയാളുടെ കൈപോകാനുള്ള സാധ്യത കാണുന്നുണ്ട്.)* ......

ഇങ്ങനെ, 62-ാം ചോദ്യമുൾപ്പെടെ 10 ചോദ്യങ്ങളിലാണ് പൊതുവിജ്ഞാനം! നാലു മാർക്കുള്ള അത്യുഗ്രൻ വേദപാഠ ഗുണ്ടോടെ വെടിക്കെട്ടു തീരുന്നു! -വിശ്വാസപ്രമാണം (നിഖ്യാ) എഴുതുക എന്നതാണത്.

എങ്ങനെയുണ്ട് കാര്യങ്ങൾ? കണക്കധ്യാപകരെ തിരഞ്ഞെടുക്കാനുള്ള പരീക്ഷയിൽ കണക്കുമായി ബന്ധപ്പെട്ട ഒറ്റ ചോദ്യംപോലും ഇല്ലായെന്നത് ആരെയാണ് അമ്പരപ്പിക്കാത്തത്!


കഷ്ടപ്പെട്ട് ഗണിതശാസ്ത്രം പഠിച്ച് അധ്യാപകനാവാൻ ശ്രമിക്കുന്നവർ, മരിച്ചു സ്വർഗത്തിലെത്തി മാലാഖക്കുഞ്ഞുങ്ങളെ പഠിപ്പിച്ചുകൊള്ളട്ടെ, എന്നാകും രൂപതാനിലപാട്. പിന്നെ, മര്യാദയ്ക്കു നിൽക്കുന്നവർക്ക് തങ്ങളുടെ വക ഇംഗ്ലീഷ് മീഡിയത്തിലോ മറ്റോ 2500- 3000 രൂപയ്ക്കു പണി കൊടുത്തേക്കാമെന്ന ഉദാരചിന്തയുമുണ്ടാകും. പള്ളിക്കും പട്ടക്കാർക്കും കൊടുക്കുന്നത് പുണ്യമായതിനാൽ കൂടുതൽ ശമ്പളം കിട്ടുന്ന പണി പുരോഹിതർക്കും കന്യാസ്ത്രീകൾക്കും നൽകേണ്ടിയിരിക്കുന്നു എന്ന പുണ്യചിന്തയും ഇത്തരം ചോദ്യപേപ്പർ തയ്യാറാക്കുന്നതിനു പിന്നിലുണ്ടാവാം. അതാണല്ലോ ന്യൂനപക്ഷാവകാശം!

അധ്യാപനം ഇന്നൊരു സേവനം മാത്രമല്ല; ഒരു തൊഴിൽ കൂടിയാണ്. ലഭിക്കുന്ന പ്രതിഫലംകൊണ്ട് ഒരു കുടുംബം പോറ്റുക ഓരോ ഉദ്യോഗാർഥിയുടെയും സ്വപ്നമാണ്. ശമ്പളം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നാണത്. കുടുംബജീവിതം നയിക്കാത്തവർ ആ മാനദണ്ഡമനുസരിച്ചുള്ള പ്രതിഫലം പററുന്നത് ലളിതമായി പറഞ്ഞാൽ അന്യായമല്ലേ? എല്ലാറ്റിനുമുപരി, ഇവർ സന്ന്യാസം സ്വീകരിക്കുന്നത് പൊതുസ്വത്ത് പോക്കറ്റിലാക്കി ജീവിച്ചുകൊള്ളാം എന്ന വ്രതവാഗ്ദാനത്തിലാണോ?!

ആർജിതവിജ്ഞാനം കൈമാറുക (വിവരവിനിമയം) മാത്രമല്ല വിദ്യാഭ്യാസം. വിജ്ഞാനോൽപാദനപ്രക്രിയ (process) ശീലിക്കലും പ്രധാന കാര്യമാണ്. കൂപമണ്ഡൂകങ്ങളായാൽ ഇതെങ്ങനെ കഴിയും? ഇവിടെയാണ് കതിരും പതിരും തിരിയുന്നത്. പക്ഷേ, വേദപാഠത്തിന്റെ അടിസ്ഥാനത്തിൽമാത്രം തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പാഠ്യപദ്ധതിയിലെ വെല്ലുവിളിയുയർത്തുന്ന പ്രവർത്തനങ്ങൾ സർഗാത്മകമായി നിർവഹിക്കാൻ എങ്ങനെ കഴിയും? അവർക്കതിനു കഴിയില്ലതന്നെ. അതിന്റെ പ്രതിഫലനമായിവേണം ➔

# പരമ്പരാഗത ക്രൈസ്തവസങ്കല്പങ്ങൾക്ക് മാർപ്പാപ്പാ എതിരു നിൽക്കുന്നുവോ?

['മറുനാടൻ മലയാളി' എന്ന 'ഓൺലൈൻ' പ്രസിദ്ധീകരണത്തിൽ, 2012 നവംബർ 22-ന് പ്രസിദ്ധീകരിച്ച ലേഖനത്തിൽനിന്ന്. അന്നത്തെ 'അത്മായശബ്ദം' ബ്ലോഗിലും ഇതുകൊടുത്തിരുന്നു - എഡിറ്റർ]




**യേ**ശുക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനപ്പെടുത്തിയാണ് മനുഷ്യചരിത്രം എ.ഡി, ബി.സി എന്നിങ്ങനെ രണ്ടായി തിരിഞ്ഞത് എന്ന് അഭിമാനത്തോടെ സുവിശേഷകർ പ്രസംഗിക്കുന്നത് നുണയാണെന്ന് പറഞ്ഞാൽ വിശ്വാസികൾക്കു ദേഷ്യം വരില്ലേ ? യേശു ക്രിസ്തു ജനിച്ചപ്പോൾ മാലാഖമാർ അടുത്തുവന്ന് സംഗീതം പൊഴിച്ചു എന്ന മിത്ത് നിഷേധിച്ചാൽ വിശ്വാസികൾക്ക് കലി വരില്ലേ? യേശു ജനിച്ചപ്പോൾ കഴുത ഇല്ലായിരുന്നുവെന്നും ക്രിസ്മസ്കരോൾ ഒരു സങ്കല്പം മാത്രമാണെന്നുമൊക്കെ പറഞ്ഞാൽ ഒരു പൊട്ടിത്തെറിക്കാവശ്യമായ വെടിമരുന്നായില്ലേ ? എങ്കിൽ കേട്ടോളൂ, ഇതൊക്കെ പറയുന്നത് സാക്ഷാൽ ബനഡിക്ട് 16-ാമൻ മാർപ്പാപ്പാ തന്നെയാണ്. അദ്ദേഹം രചിച്ച 'Jesus of Nazareth, The Infacy Narratives' എന്ന പുതിയ പുസ്കതത്തിലാണ് വർഷങ്ങളായി ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന പല സങ്കല്പങ്ങളും ശരിയല്ലെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്!

യേശുവിന്റെ ജനനത്തെ അടിസ്ഥാനപ്പെടുത്തിയ ആധുനിക കലണ്ടറിലെ കാലഗണന അപ്പാടെ തെറ്റാണെന്നാണ് ബെനഡിക്ട് പതിനാറാമൻ പുതിയ പുസ്തകത്തിൽ വാദിക്കുന്നത്. യഥാർഥത്തിൽ ഇപ്പോൾ വിശ്വസിക്ക



പ്പെടുന്നതിനേക്കാൾ വളരെ വർഷങ്ങൾക്കു മുമ്പാണ് യേശു ജനിച്ചതെന്ന് ഈ പുസ്തകത്തിൽ പോപ്പ് പറയുന്നു. യേശു ജനിച്ച വർഷത്തെപ്പറ്റിയുള്ള തെറ്റുവരുത്തിയത് ആറാം നൂറ്റാണ്ടിലെ ഒരു സന്ന്യാസിയായിരുന്ന ദിനോഷ്യസ് എക്സിഗ്യൂസാണെന്നും പോപ്പ് പറയുന്നു. ക്രിസ്ത്യൻ കലണ്ടറിന് രൂപം നൽകിയതും 'ആനോ ദോമിനി' (എ.ഡി.) എന്ന സങ്കല്പം അവതരിപ്പിച്ചതും ദിനോഷ്യസാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. വർഷങ്ങളുടെ വ്യത്യാസമാണ് കാലഗണനയിൽ ദിനോഷ്യസ് വരുത്തിയതെന്നു പോപ്പ് പറയുന്നു.

ഇക്കഴിഞ്ഞ നവംബർ 21, ബുധനാഴ്ചയാണ് 'ഇൻഫൻസി നറേറ്റീവ്സ്' വിപണിയിലെത്തിയത്. പത്തുലക്ഷത്തിലേറെ കോപ്പികളാണ് വിൽപനയ്ക്കായി തയ്യാറായിട്ടുള്ളത്. യേശുവിന്റെ ജീവിതത്തെ സംബന്ധിച്ച് പോപ്പ് എഴുതിയ മൂന്ന് വാല്യങ്ങളുള്ള ഗ്രന്ഥപരമ്പരയിലെ അവസാന പുസ്തകമാണിത്. ➔

പാഠ്യപദ്ധതിയെപ്പറ്റിയുള്ള ഇവരുടെ കുറ്റംപറച്ചിലിനെയും പൊതുവിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്കിനെയും കാണാൻ? പ്രഗത്ഭരായ അധ്യാപകരെ ഒഴിവാക്കുക മാത്രമല്ല, മറ്റൊരു ഹിഡൻ അജണ്ട കൂടിയുണ്ട് ഈ പരീക്ഷയിൽ. പുതിയ തലമുറയിൽ സംശയിക്കുന്ന, ചോദ്യം ചോദിക്കുന്ന, ശാസ്ത്രീയമനോഭാവം രൂപപ്പെടുന്നത് പുരോഹിതവർഗത്തെ ഭയപ്പെടുത്തുന്നുണ്ട്. അതിനെ അട്ടിമറിക്കുകകൂടിയാണ് ഏതു വിഷയത്തിലുമുള്ള ഈ വേദപാഠപരീക്ഷയുടെ ലക്ഷ്യം. പക്ഷേ, ഭാവിതലമുറയുടെ ഭാഗധേയംകൊണ്ടാണ് ഇവരുടെ ഈ വിളയാട്ടം എന്ന തിരിച്ചറിവ് നാം നേടേണ്ടിയിരിക്കുന്നു. അവിടെ സമൂഹമനഃസാക്ഷിയുടെ പ്രതികരണം ഇക്കാര്യത്തിൽ ഉണ്ടായേ തീരൂ. വഞ്ചനയ്ക്കും വേണ്ടേ ഒരറുതി? ●

ക്രിസ്തുവർഷം കണക്കാക്കിയതിൽ പിശകുണ്ടെന്ന് പല ചരിത്രകാരന്മാരും നേരത്തെ തന്നെ അവകാശപ്പെട്ടിട്ടുണ്ട്. ഭൂരിപക്ഷത്തിന്റെയും അഭിപ്രായത്തിൽ, ബി.സി.ഏഴിനും ബി.സി. രണ്ടിനും മധ്യേയാണ് യേശു ജനിച്ചത്. എന്നാൽ, ഇത്തരമൊരു വ്യത്യാസം കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻതന്നെ ഉന്നയിച്ചതാണ് ശ്രദ്ധേയമായി മാറിയിരിക്കുന്നത്.

കാലങ്ങളായി നിലനിൽക്കുന്ന മറ്റു പല വിശ്വാസങ്ങളെയും പോപ്പ് ഈ പുസ്തകത്തിൽ നിരാകരിക്കുന്നു. തിരുപ്പിറവിയുടെ ദൃശ്യങ്ങളിൽ കാണുന്നതുപോലെ, യേശു പിറന്ന തൊഴുത്തിൽ കഴുതകളോ മറ്റേതെങ്കിലും മൃഗങ്ങളോ ഉണ്ടായിരുന്നില്ലെന്നും പോപ്പ് പറയുന്നു. യേശുവിന്റെ ജനനത്തെ ഉദ്ഘോഷിച്ചുകൊണ്ട് മാലാഖമാർ ഇടയന്മാർക്കായി പാട്ടുപാടിയിട്ടില്ലെന്നും പുസ്തകത്തിൽ പറയുന്നു. ഈ പാട്ടുകളെ അടിസ്ഥാനപ്പെടുത്തിയാണ് ക്രിസ്മസ് കരോൾ എന്ന സങ്കൽപമുണ്ടായത്. ഇടയന്മാരോട് യേശുവിന്റെ ജനനത്തെക്കുറിച്ച് പറയുക മാത്രമാണ് മാലാഖമാർ ചെയ്തതെന്നും, മാലാഖമാരുടെ പറച്ചിലിനെ ഗാനമായി വ്യാഖ്യാനിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും പോപ്പ് പറയുന്നു. ക്രിസ്മസ് അടുത്തിരിക്കെ, അതുമായി ബന്ധപ്പെട്ട വിശ്വാസങ്ങളെ പാടേ നിരാകരിക്കുന്ന പോപ്പിന്റെ അവകാശവാദങ്ങളെ ആഗോളതലത്തിൽ ക്രിസ്ത്യൻസമൂഹം എങ്ങനെ സ്വീകരിക്കുമെന്ന് കണ്ടറിയണം.

ലോകമെമ്പാടുമുള്ള പള്ളികളിൽ രേഖപ്പെടുത്തിയിട്ടുള്ള തിരുപ്പിറവിദൃശ്യങ്ങളിൽ ഒട്ടേറെ മൃഗങ്ങളെയും കാണാം. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിലുള്ള തിരുപ്പിറവിദൃശ്യത്തിലും ഇതുണ്ട്. എന്നാൽ, സുവിശേഷങ്ങളിലൊന്നും മൃഗങ്ങളെപ്പറ്റി സൂചനയില്ലെന്നു പോപ്പ് പുസ്തകത്തിൽ പറയുന്നു. പഴയനിയമത്തിലെ എട്ടാമത്തെ പ്രവാചകനായ ഹബാക്കുക്കിനെ അധികരിച്ച് പിന്നീടുണ്ടായ കൂട്ടിച്ചേർക്കലാകാം ഇതെന്നും പോപ്പ് പറയുന്നു. തിരുപ്പിറവിയെക്കുറിച്ച് പ്രവചിച്ച പ്രവാചകനായാണ് ഹബാക്കുക്കിനെ കാണുന്നത്.

തിരുപ്പിറവി ദൃശ്യത്തിലെ മൃഗസാന്നിധ്യം തള്ളിപ്പറയുന്നുവെങ്കിലും, വിശ്വാസങ്ങളിൽ തുടർന്നും അത് തുടരുമെന്നു പോപ്പ് പറയുന്നു. തിരുപ്പിറവിദൃശ്യത്തിലെ കാളയെയും കഴുതയെയും മാറ്റേണ്ടതില്ലെന്നും അദ്ദേഹം പറയുന്നു.

2005-ൽ പോപ്പായി ചുമതലയേറ്റശേഷമാണ് ബെനഡിക്ട് പതിനാറാമൻ യേശുവിന്റെ ജീവിതത്തെ അധികരിച്ചുള്ള പുസ്തകങ്ങൾ രചിക്കാൻ തുടങ്ങിയത്. നേരത്തെ പുറത്തിറങ്ങിയ രണ്ടു പുസ്തകങ്ങളും ഇറ്റലി യിൽ വിൽപനയിൽ റിക്കോർഡിട്ടിരുന്നു. 50 രാജ്യങ്ങളിലായി പുറത്തിറങ്ങിയ പുതിയ പുസ്തകം ആഗോളതലത്തിൽത്തന്നെ പുസ്തകശാലകളെ കീഴടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ●

# മാർ ആൻഡ്രൂസ് താഴത്തിനു താഴിട്ടു!



**കെ. ജോർജ് ജോസഫ്**
(ചെയർമാൻ, കെ.സി.ആർ.എം.)

**കേ**രളത്തിലെ കത്തോലിക്കാ സഭാധികാരത്തിന് ഈയിടെയായി തിരിച്ചടികളുടെ കാലമാണെന്നു തോന്നുന്നു. ജീവൻ ടിവി ചാനലിന്റെ ഡയറക്ടർബോർഡിൽനിന്നു രണ്ടു മെത്രാന്മാരെ പുറത്താക്കുന്നതു തടയണമെന്നാവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതി തള്ളിയതാണ് ഏറ്റവുമൊടുവിലത്തെ തിരിച്ചടി. സഭ മുൻകൈയെടുത്താരംഭിച്ച ജീവൻ ടിവിയുടെ ഉടമസ്ഥരായ ജീവൻ ടെലികാസ്റ്റിങ് കോർപ്പറേഷന്റെ ഷെയർഹോൾഡർമാരുടെ അസാധാരണ പൊതുയോഗത്തിൽ വെച്ച് ചെയർമാനായ തൃശൂർ ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്തിനെ ഉടൻ പുറത്താക്കാൻ

# ജീവൻ ടി.വി. തർക്കത്തി

**ക**മ്പനിനിയമപ്രകാരം രജിസ്റ്റർചെയ്ത് പ്രവർത്തിച്ചുവരുന്ന സ്വകാര്യകമ്പനിയായ ജീവൻ ടി.വി.യുടെ നിയന്ത്രണം സംബന്ധിച്ച തർക്കങ്ങളിലേക്ക് കത്തോലിക്കാവിശ്വാസികളെ വലിച്ചിഴക്കേണ്ടതില്ലെന്ന്, നവംബർ, 18-നു കൂടിയ 'കേരള കാത്തലിക് ഫെഡറേഷ'ന്റെ നിർവാഹകസമിതി അഭിപ്രായപ്പെട്ടു. കമ്പനികളുടെ നടത്തിപ്പും നിയന്ത്രണവും കമ്പനിനിയമമനുസരിച്ചാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഈ നിയമപ്രകാരം കമ്പനികളുടെ ഓഹരിയുടമകളുടെ പൊതുയോഗത്തിൽ ഭൂരിപക്ഷതീരുമാനപ്രകാരമാണ് ഡയറക്ടർമാരെ നിയമിക്കുക. ജീവൻ ടി.വി.യുടെ ഓഹരിയുടമകളുടെ പൊതുയോഗം, ഭൂരിപക്ഷതീരുമാനത്തിനനുസരിച്ചാണ് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിനെ

തീരുമാനിച്ചതോടെയാണ് ഡയറക്ടർ ബോർഡിലെ യുദ്ധം നാടകീയ വഴിത്തിരിവിൽ എത്തിയത്. റിട്ടയർ ചെയ്ത ആർച്ചുബിഷപ്പ് ജേക്കബ് തൂങ്കുഴിയെ വൈസ് ചെയർമാൻ സ്ഥാനത്തുനിന്നും മാറ്റി. മെത്രാന്മാരെ പിന്തുണയ്ക്കുന്ന ഒരു വിഭാഗം ഷെയർഹോൾഡർമാരാണ് ഈ തീരുമാനം തടയണമെന്നാവശ്യപ്പെട്ടു ഹൈക്കോടതിയെ സമീപിച്ചത്. എന്നാൽ ഡിവിഷൻ ബെഞ്ച് കേസ് തള്ളിയതിനെത്തുടർന്ന് തീരുമാനത്തിനു നിയമസാധുതയും ലഭിച്ചു.

10 വർഷം മുൻപ് അന്നത്തെ ആർച്ചുബിഷപ്പ് തൂങ്കുഴി സ്ഥാപകചെയർമാനായി തൃശൂർ അതിരൂപത ആരംഭിച്ച ചാനൽ സാമ്പത്തികപ്രതിസന്ധിയെത്തുടർന്ന്, ഷെയർ വിറ്റ് 250 കോടിരൂപാ മൂലധനമുള്ള പബ്ലിക് കമ്പനിയായി മാറുകയായിരുന്നു.

കേരള ടൂറിസംമേഖലയിലെ പ്രമുഖനായ ബേബി മാത്യു, ജീവൻ ടിവിയുടെ മാനേജിങ്ങ് ഡയറക്ടറായി കമ്പനി ഏറ്റെടുക്കാൻ ശ്രമിച്ചതോടെയാണ് പുരോഹിതപ്രമാണിമാരും സാധാരണക്കാരായ ഡയറക്ടർമാരും തമ്മിലുള്ള വടംവലി ആരംഭിച്ചത്. ചാനലിന്റെ പ്രൊഫഷണൽ നിലവാരം ഉറപ്പാക്കാനാണ് മെത്രാന്മാരെ പുറത്താക്കാൻ 98.74 ശതമാനം ഷെയർഹോൾഡർമാർ പങ്കെടുത്ത പൊതുയോഗം തീരുമാനിച്ചതെന്നും, തനിക്ക് 60 % ഷെയർ ഉണ്ടെന്നും ശ്രീ. ബേബി മാത്യു പ്രസ്താവിച്ചു.

എന്തായാലും സീറോ-മലബാർ സഭാധികാരികളുടെ നേതൃത്വത്തിലുള്ള അൽമായ കമ്മീഷൻ സെക്രട്ടറി വി. സി. സെബാസ്റ്റ്യൻ പറയുന്നത്, ഏകപക്ഷീയവും നിയമവിരുദ്ധവുമായ ഈ നടപടിക്കെതിരെ തങ്ങൾ നിയമയുദ്ധത്തിനൊരുങ്ങുകയാണെന്നാണ്. മെത്രാന്മാരുടെ പുറത്താക്കലിനെതിരെ നിയമത്തിന്റെ എല്ലാ തലത്തിലും പോരാടുമെന്നും അദ്ദേഹം പറയുന്നു. (കടപ്പാട്: 'The Guardian' പത്രം, ലണ്ടൻ)

*- ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശം ചാനലുകളിലും തങ്ങൾക്കു വേണമെന്നായിരിക്കും മെത്രാന്മാരും മെത്രാൻനിയന്ത്രിത 'അൽമായ'ക്കമ്മീഷനും വാദിക്കാൻ പോകുന്നത്!*

■

# ലേക്ക് വിശ്വാസികളെ വലിച്ചിഴക്കേണ്ടതില്ല

*കേരള കാത്തലിക് ഫെഡറേഷൻ*

ചെയർമാൻ സ്ഥാനത്തുനിന്ന് നീക്കംചെയ്തത്. ഇത് കമ്പനി നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുതന്നെയാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കമ്പനികളുടെ ഭരണസമിതികളിലേക്ക് പ്രൊഫഷണൽ വൈദഗ്ധ്യവും പരിചയസമ്പത്തും കണക്കിലെടുത്താണ് അംഗങ്ങളെ നിയമിക്കാറുള്ളത്. അതിനുപകരം, മെത്രാപ്പോലീത്തായും മെത്രാനുമാണെന്ന അവകാശവാദത്തിൽ കമ്പനികളിൽ ഡയറക്ടറും ചെയർമാനുമാകണമെന്ന നിലപാട് അംഗീകരിക്കാനാകില്ല. ചെയർമാൻസ്ഥാനത്തുനിന്നും ഡയറക്ടർസ്ഥാനത്തുനിന്നും നീക്കംചെയ്യപ്പെട്ടതിൽ ആക്ഷേപമുള്ളവർ നിയമകോടതിയെ സമീപിക്കുകയാണ് വേണ്ടത്. അതിനുപകരം, തൃശ്ശൂർ അതിരൂപതയിലെ ഏതാനും പോക്കറ്റ്സംഘടനകളെയും സീറോ-മലബാർ മെത്രാന്മാരുടെ ആജ്ഞാനുവർത്തികളായ അൽമായകമ്മീഷൻ ഭാരവാഹികളെയും ഇളക്കിവിട്ട് തെരുവിൽ പ്രക്ഷോഭം നടത്താനുള്ള മാർ ആൻഡ്രൂസ് താഴത്തിന്റെ നീക്കം ദുരുപദിഷ്ടമാണ്. സ്വകാര്യകമ്പനിയായ ജീവൻ ടി.വി.യിലെ അധികാരത്തർക്കത്തിൽ വിശ്വാസികളെ ഭാഗഭാക്കാക്കാൻ നടത്തുന്ന ഹീനശ്രമങ്ങൾക്കെതിരെ വിശ്വാസികൾ ജാഗ്രതപുലർത്തണമെന്നും, കമ്പനിയുടെ തലപ്പത്ത് നിയമവിരുദ്ധമായി പുരോഹിതമേധാവികളെ കെട്ടിയേൽപ്പിക്കാൻ നടത്തുന്ന പ്രക്ഷോഭണങ്ങളിൽനിന്ന് മുഴുവൻ വിശ്വാസികളും വിട്ടുനിൽക്കണമെന്നും കേരള കാത്തലിക് ഫെഡറേഷൻ അഭ്യർത്ഥിച്ചു.

യോഗത്തിൽ കേരള കാത്തലിക് ഫെഡറേഷന്റെ സംസ്ഥാനപ്രസിഡണ്ട് ജോയി പോൾ പുതുശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വി.കെ.ജോയി, ബി. സി. ലോറൻസ്, ഐ.വി. തരകൻ, ജയിംസ് അടമ്പുകുളം എന്നിവർ പ്രസംഗിച്ചു.

**ജോയി പോൾ പുതുശ്ശേരി,**
സംസ്ഥാനപ്രസിഡണ്ട്,
കേരള കാത്തലിക് ഫെഡറേഷൻ.

19-11-2012
തൃശ്ശൂർ

●

# സാരാംശം

## (അദ്ധ്യായം 6)



ജോസഫ് മറ്റപ്പള്ളി

*[സാരാംശം എഴുതിത്തുടങ്ങിയത് ഗഹനമായ ഒരു വിഷയവും ആഴത്തിൽ സ്പർശിക്കാൻ ഉദ്ദേശിച്ചല്ല. ഇത്തരം കാര്യങ്ങൾക്ക് സ്പഷ്ടമായ വിശദീകരണങ്ങൾ തരാൻ എളുപ്പമല്ലായെന്നതും, സ്വന്തം അറിവിനുതന്നെ പരിമിതി ഉണ്ടെന്നുള്ളതും മതിയായ കാരണങ്ങളുമായിരുന്നു. എങ്കിലും, നിരവധി വായനക്കാർ ആവശ്യപ്പെടുമ്പോൾ പോകാവുന്നിടത്തോളം ഉള്ളിലേക്ക് പോവാൻ ശ്രമിക്കാതിരിക്കാനും കഴിയുന്നില്ല. പോരായ്മകൾ സദയം ക്ഷമിക്കുക- ലേഖകൻ]*

# വളർച്ചയുടെ രഹസ്യം

**സ്വ**ന്തം ശരീരം ഊർജ്ജവത്തായി നിലനിർത്താനുള്ള വ്യഗ്രത/കഴിവ് ഓരോ വ്യക്തിയോടും ബന്ധപ്പെട്ട ഉപബോധമനസ്സിനുണ്ട്. നാമറിയുന്ന സാമാന്യമനസ്സിന്റെ അപ്പുറത്തുള്ള തലങ്ങൾക്ക് അപാരമായ സിദ്ധിവൈഭവവും ഉണ്ട്. ഒരു ശരീരത്തിനാവശ്യമായ ഊർജ്ജം മറ്റു ശരീരങ്ങളിൽനിന്ന് ബോധമനസ്സ് അറിയാതെ ചോർത്തിയെടുക്കാനുള്ള ശേഷിയും ഉപബോധ തലങ്ങൾക്കുണ്ട്; അതായത്, സൂക്ഷിച്ചില്ലെങ്കിൽ നാം ആർജ്ജിച്ചിരിക്കുന്ന സൂക്ഷ്മോർജ്ജം, നാമറിയാതെ, മറ്റൊരാളുടെ ഉപബോധമനസ്സ് ചോർത്തിയെടുത്തേക്കാം എന്നർത്ഥം. ചന്തയിൽപോയി മടങ്ങുന്ന ഒരുവനും, പള്ളിയിൽപോയി മടങ്ങുന്ന ഒരുവനും തമ്മിലുള്ള ഉന്മേഷ വ്യത്യാസം ശ്രദ്ധിക്കുക. രോഗിക്ക് കൂട്ടിരിക്കാൻ ഏറെ നേരം ചെലവിടുന്നവർ ക്ഷീണിതരായി മടങ്ങുന്നത് ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. കുട്ടികളെ അപരിചിതരുടെ കൈയിൽ കൊടുക്കരുതെന്നു നിഷ്കർഷിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

യാതൊരു ഭൗതികഭക്ഷണവുമില്ലാതെയും, കുറഞ്ഞ ഭക്ഷണത്തിലും മനുഷ്യനു ജീവിക്കാൻ കഴിയുന്നതിന്റെയും രഹസ്യമിതാണ്. അങ്ങനെ ജീവിക്കുന്നവർ പക്ഷേ, സ്വന്തം ഉപബോധമനസ്സുപയോഗിച്ചു മറ്റുള്ളവരുടെ ഊർജ്ജം മോഷ്ടിക്കുകയല്ല, പകരം സർവ്വോർജ്ജകേന്ദ്രമായ ദൈവവുമായി, മനസ്സിന്റെ ഉത്തുംഗതലങ്ങളിലൂടെ സദാ ബന്ധപ്പെടുകയാണു ചെയ്യുന്നത്. അത്തരക്കാർക്കു യാതൊന്നിന്റെ കുറവും ഉണ്ടായിരിക്കുകയുമില്ല. ഇത് മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം 'അപ്പം കൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നത്' എന്ന് യേശു സൂചിപ്പിച്ചത്. എവിടെയൊക്കെ ജീവന്റെ അപ്പം എന്നോ, അന്നന്നത്തെ അപ്പമെന്നോയൊക്കെ യേശു പറഞ്ഞിട്ടുണ്ടോ, അവിടെയൊക്കെ ഈ സൂക്ഷ്മോർജ്ജ ഭക്ഷണത്തിന്റെ കാര്യംകൂടി നാം ഓർമ്മിക്കേണ്ടതുണ്ട്. 'ഇതെന്റെ ശരീരമാകുന്നു നിങ്ങൾ ഇതുവാങ്ങി ഭക്ഷിക്കുവിൻ' എന്ന് പറഞ്ഞപ്പോൾ യേശു ഉദ്ദേശിച്ചത് ഈ മൗതികശരീര(mystical body)ത്തെ ആയിരുന്നിരിക്കണം എന്നു ഞാൻ വിശ്വസിക്കുന്നു. ഈ മൗതികശരീരം മരിക്കുന്നില്ല. ഭൗതികശരീരം നിശ്ചലമാവുമ്പോൾ ഈ ഊർജ്ജശരീരം നിർജ്ജീവമായ ശരീരകോശങ്ങളിൽ നിന്നു പിൻവലിയുന്നു. ഈ മൗതിക ഊർജ്ജശരീരത്തെയാണ് ആത്മാവ്, അരൂപി എന്നൊക്കെ വിളിക്കുന്നത്.

എന്തായാലും, ജീവൻ എന്നു വിശേഷിപ്പിക്കുന്ന ഒരു വസ്തു മരിക്കുന്ന ഏതൊരാളെയും വിട്ടുപോവുന്നുണ്ട്. ജീവന്റെ ബഹിർഗ്ഗമനം നവദ്വാരങ്ങളിലൂടെയായിരിക്കും എന്നാണു പറയപ്പെടുന്നത്. ജീവൻ, നവദ്വാരങ്ങളിൽ ഒന്നായ മൂർദ്ധാവിലൂടെ പിൻവലിയുമ്പോഴാണ് കണ്ണുകൾ മേൽപ്പോട്ടു മറിയുന്നത് എന്നും കരുതപ്പെടുന്നു. മരിച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ കാലുകൾ മുതൽ മേൽപ്പോട്ടു തണുപ്പ് വ്യാപിക്കുന്നുവെന്നത് ആർക്കും അറിയില്ലാത്ത കാര്യമല്ലല്ലോ.

ഒരു വ്യക്തിയും ആത്മാവും തമ്മിലുള്ള ബന്ധം ബൈബിളിൽ പരാമർശിക്കപ്പെടുന്നുണ്ട്. ഞാനാരാണെന്നാണ് മറ്റുള്ളവർ പറയുന്നതെന്ന് യേശു ശിഷ്യന്മാരോടു ചോദിച്ചപ്പോൾ, അവർ പറഞ്ഞ ഉത്തരങ്ങൾ ശ്രദ്ധിക്കുക. അതിൻപ്രകാരം, ആത്മാക്കൾ പുനർജ്ജന്മം, പരകായപ്രവേശം ഇവയൊക്കെ നടത്തുന്നതായി സൂചനയുണ്ട്. നീ ജീവനുള്ള ദൈവത്തിന്റെ ജീവനുള്ള പുത്രനാണെന്നുള്ള പത്രോസിന്റെ മറുപടി അംഗീകരിച്ച യേശു, പക്ഷേ, പരാമർശിക്കപ്പെട്ട മറ്റു സാദ്ധ്യതകൾ തള്ളിക്കളഞ്ഞതായോ, അത്തരം വിശ്വാസങ്ങൾ തെറ്റാണെന്നു പറഞ്ഞതായോ ബൈബിൾ പറയുന്നില്ല. എകാത്മാവും ഏക മരണവും എന്ന വാദഗതി മുന്നോട്ടുവച്ചവരും, പക്ഷേ, സ്നാപകയോഹന്നാൻ ഏലിയാ പ്രവാചകന്റെ രണ്ടാം വരവാണെന്ന ബൈബിൾ വചനത്തെ നിഷേധിക്കാൻ ശ്രമിച്ചിട്ടില്ല. അപ്പോൾ ആത്മാവിന്റെ അവസ്ഥ വ്യാഖ്യാനിക്കപ്പെട്ടതും ശുദ്ധീകരണസ്ഥലം നിർവ്വചിക്കപ്പെട്ടതും മാനുഷികമായ നിഗമനങ്ങളായിമാത്രമേ കാണാനാവൂ. പുനർജന്മം നിഷിദ്ധമായത് ആദ്യകാല ഭരണാധികാരികളുടെ ഭൂരിപക്ഷപ്രകാരമുള്ള ഒരു തീരുമാനപ്രകാരമായിരുന്നു.

സ്രോതസ്സുമായി (ദൈവവുമായി) ബന്ധപ്പെടാൻ ഒരുവൻ മനസ്സുകൊണ്ട് ആഗ്രഹിക്കുകയും അങ്ങനെ സംഭവിക്കുമെന്ന് ഉറച്ചു വിശ്വസിക്കുകയും ചെയ്താൽ ആ വ്യക്തിയിലേക്ക് ഈ സ്നേഹോർജ്ജത്തിന്റെ ഒരു തീവ്രപ്രവാഹംതന്നെ ഉണ്ടാവാം. അത് അത്ഭുതരോഗശാന്തിക്കു കാരണവുമാകും. രക്തസ്രാവക്കാരി സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചപ്പോൾ സമാനമായ ഒരനുഭവമാണ് ഉണ്ടായത്.

സ്രോതസ്സുമായുള്ള ഈ ബന്ധപ്പെടൽ അല്പംകൂടി വിശദീകരിക്കാം. ഒരു വ്യക്തിയെന്ന സംവിധാനം, ഇങ്ങേ അറ്റത്തു നാം കാണുന്ന, അല്ലെങ്കിൽ അനുഭവിക്കുന്ന, ജീവനുള്ള ഒരു ഭൗതികവസ്തു മാത്രമല്ല. അതിനു ചുറ്റുമുള്ള ഊർജ്ജശരീരം നേർത്തു നേർത്ത്അതിശക്തമായ ഒരു തീവ്രബോധതലത്തിൽ നിത്യതയായി ലയിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, നിത്യശക്തിയായ ദൈവത്തിൽനിന്ന് ആരംഭിച്ച് ശരീരമായിത്തീർന്ന വ്യക്തികളാണ് മനുഷ്യർ. ഭൗതികശരീരത്തിൽനിന്ന് ഊർജ്ജശരീരം വേർപെട്ടാൽ പിന്നെ അവശേഷിക്കുന്നത് ആത്മാവ്/ ഊർജ്ജശരീരം മാത്രം. പക്ഷേ, നമ്മുടെ ജീവന്റെ കേന്ദ്രം എന്നത് നിത്യത മുതൽ ഇങ്ങു മനുഷ്യശരീരം വരെ ഏതു ഭാഗത്തും ആവാം. അത് എവിടെയാണെന്നുള്ളത് തിരിച്ചറിഞ്ഞാൽ ഒരാൾ എത്രമാത്രം വളർന്നു എന്നും കാണാം.

ഈ ജീവകേന്ദ്രം ഉയർത്താൻ മനുഷ്യജീവിതത്തിൽ കിട്ടുന്ന ഇരട്ട ബോധതലം വളരെ പ്രയോജനപ്പെടും. അതുകൊണ്ടാണ് മനുഷ്യജീവിതം ഓരോ വ്യക്തിയും ശ്രദ്ധാപൂർവം പ്രയോജനപ്പെടുത്തണം എന്നു പറയുന്നത്. സർവ്വതും സൃഷ്ടിക്കാൻ കെല്പ്പുള്ള ദൈവത്തോട് ഈ ജീവകേന്ദ്രം അടുക്കുന്നതിനനുസരിച്ച്, ദൈവത്തിനു ചേർന്ന ആനുപാതികമായ ശക്തി ഈ ഊർജ്ജശരീരങ്ങളോടു ചേർന്നുനില്ക്കുന്ന ബോധതലത്തിനും ഉണ്ടാവും. അങ്ങനെയുള്ള മനുഷ്യരാണ് വിസ്മയിപ്പിക്കുന്ന അത്ഭുതങ്ങൾ ചെയ്യുന്നത്. അതായത്, സാമാന്യ ബോധതലത്തിനപ്പുറത്തേക്ക് ജീവകേന്ദ്രത്തെ മാറ്റാൻ കഴിഞ്ഞാൽ പ്രവചനവരം മുതൽ ഭാഷാവരംവരെയുള്ള സിദ്ധികൾ സാദ്ധ്യമാവും എന്നർത്ഥം.

ഇതു സാധിക്കാൻ രണ്ടു മാർഗ്ഗങ്ങളുണ്ട്– കൃത്രിമവും സ്വാഭാവികവും. ആദ്യം കൃത്രിമ മാർഗ്ഗങ്ങളെപ്പറ്റി ചുരുക്കത്തിൽ പറയാം. ഇത് തിരിച്ചറിയാൻ, ഈ വളർച്ചയ്ക്ക് എന്തെങ്കിലും മാധ്യമങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ എന്നുമാത്രം നോക്കിയാൽമതി. സാമാന്യമതാനുഷ്ഠാനങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്ന, പഞ്ചേന്ദ്രിയങ്ങളിൽ ഏതിനെയെങ്കിലും (പ്രകാശം, ശബ്ദം, ഗന്ധം, രുചി, സ്പർശം) ഉത്തേജിപ്പിക്കുന്ന സർവ്വസാമഗ്രികളും props-ന്റെ, ഗണത്തിൽപ്പെടും. മനസ്സിനെ ഉത്തേജിപ്പിക്കുന്ന ചിന്തകൾ (ഉദാ: പ്രഭാഷണങ്ങൾ) koans-ന്റെ ഗണത്തിൽപ്പെടും. ഇതുപോലെതന്നെയാണ് മരുന്നുകളും നമ്മുടെ ശരീരത്തിൽ പ്രവർത്തിക്കുന്നത്. ഒരു ധ്യാനാനുഭവം തരാൻ പോന്ന മരുന്നുകളുണ്ട്; കഞ്ചാവ് അത്തരം ഒരു വസ്തുവാണ്. ഒരു തീവ്രധ്യാനം കഴിഞ്ഞു വരുന്നവർ ബോധതലത്തിൽനിന്നും അല്പം മാറി നില്ക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. Props-ഉം Koans-ഉം ഉപയോഗിച്ച് വളർച്ച സാദ്ധ്യമല്ലായെന്നല്ല പറയുന്നത്; പക്ഷേ ലോകത്തിന്റെ തലം വിട്ടുകഴിഞ്ഞാൽപ്പിന്നെ മുന്നോട്ട് ഒരു മാദ്ധ്യമത്തെയും കൊണ്ടുപോവാൻ കഴിയില്ല. അവിടെയാണ് സ്വാഭാവിക അഭ്യാസങ്ങളുടെ പ്രസക്തി. അങ്ങേയറ്റംവരെ ഒപ്പം കൊണ്ടുപോകാൻ ഇതിനു കഴിയും. അതിനുള്ള പരിശീലനം ഇവിടെ തുടങ്ങേണ്ടതുമുണ്ട്. ഇത് തിരിച്ചറിയുകയാണ് ആത്മീയവളർച്ചക്കുള്ള ആദ്യപടി. ഈ പടിയിലെത്താൻ ധീരന്മാർക്കേ കഴിയൂ; അതു തരുന്ന സ്വാതന്ത്ര്യം അവരുടെമാത്രം കുത്തകയുമാണ്.

സ്വാഭാവികവളർച്ച ലക്ഷ്യമാക്കിയാണ് യേശു പറഞ്ഞതും പ്രവർത്തിച്ചതും. പക്ഷേ, ഇതിൽ മാദ്ധ്യമങ്ങളെ ഇട്ടു കുഴച്ചപ്പോളാണ്






# സഭയുടെ കിരാതനിയമംമൂലം മരിച്ചുവീഴുന്ന ഗർഭിണികൾ

**ജോസഫ് പടന്നമാക്കൽ**

ഗർഭനിരോധനവിരുദ്ധനിയമങ്ങളിൽ അയവും ഭേദഗതിയും വരുത്തണമെന്ന് ഐറീഷ് സർക്കാരിനുമേൽ ആഗോളതലത്തിൽ സ്വാധീനം മുറുകുന്നു. ഗാൾവേ ഹോസ്പിറ്റലിൽ ഗർഭച്ഛിദ്രം നിഷേധിച്ചത് സവിതയെന്ന ഇന്ത്യൻയുവതിയുടെ മരണത്തിന് കാരണമായി. അത് രാജ്യമാകമാനം പ്രതിഷേധത്തിനു കാരണമാക്കി.

ദന്തഡോക്ടർ ആയിരുന്ന മുപ്പത്തിയൊന്നുകാരി സവിത മരിച്ചത് പതിനേഴ് ആഴ്ച ഉദരത്തിലുണ്ടായിരുന്ന ഭ്രൂണത്തെ നീക്കം ചെയ്യുവാൻ ഡോക്ടർമാർ സമ്മതം കൊടുക്കാഞ്ഞതിനാലായിരുന്നു. ഉദരത്തിൽ ഉണ്ടായിരുന്ന ശിശുവിനെ രക്ഷിക്കുവാൻ സാധിക്കുകയില്ലെന്ന് ഡോക്ടർമാർക്ക് നൂറു ശതമാനവും അറിയാമായിരുന്നു. സവിതയും ഭർത്താവും അനേകതവണ കുഞ്ഞിനെ നീക്കംചെയ്ത് അമ്മയുടെ ജീവൻ രക്ഷിക്കുവാൻ ആവശ്യപ്പെട്ടിട്ടും ഹോസ്പിറ്റൽ അധികൃതർ അവരുടെ അപേക്ഷകൾ പരിഗണിച്ചില്ല. ഇതൊരു കത്തോലിക്കാ രാജ്യമാണെന്നും ഉദരത്തിലെ ഭ്രൂണത്തിന്റെ ഹൃദയമിടിപ്പു തുടരുവോളം അവർക്ക് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ലെന്നും പറഞ്ഞ് സവിതയുടെ ജീവനുവേണ്ടിയുള്ള യാചന നിരസിച്ചു. മൂന്നു ദിവസത്തെ കഠിനമായ വേദനകൾക്കുശേഷം സവിത മരിച്ച ഒരു കുഞ്ഞിനെ പ്രസവിച്ചു.

---

പ്രസ്ഥാനങ്ങൾക്കു പിഴച്ചത്. എല്ലാ വചനങ്ങളിൽനിന്നും സ്വാഭാവികത അടർത്തി മാറ്റി, പ്രസ്ഥാനങ്ങളുടെ നിലനിൽപ്പുംകൂടി മനസ്സിൽ കണ്ട്, തന്ത്രങ്ങൾ കുത്തിനിറച്ചപ്പോൾ ആകെ അങ്കലാപ്പിലായെന്നും പറയാം. സ്വാഭാവിക വളർച്ചയാണ് ശരി എന്നു തിരിച്ചറിഞ്ഞവർ നിശ്ശബ്ദതയുടെ ലോകത്തേക്ക് മാറി. പഞ്ചകോശങ്ങളിൽ ഓരോന്നിനെയും കീഴടക്കി പരമമായ ആനന്ദത്തിലേക്ക് അവർ അതിവേഗം അടുക്കുകയും ചെയ്യുന്നു. ഈ മാർഗ്ഗത്തിലൂടെ ഏറെ സഞ്ചരിച്ചവരെയാണ് മിസ്റ്റിക്കുകൾ എന്നു വിളിക്കുന്നത്. ബുദ്ധികൊണ്ട് അറിയാത്തത് അവർ കാണുകയും അറിയുകയും ചെയ്യുന്നു. പുറംലോകത്തു നടക്കുന്നത് മുഴുവൻ ഒരു ദൈവിക പദ്ധതിയുടെ ഭാഗമായി അവർ കാണുന്നു. യാതൊന്നിനോടും പ്രതികരിക്കാതെ നിശ്ശബ്ദതയിൽ ജീവിതം ചെലവിടുന്ന ഇത്തരം വിശുദ്ധരുടെ ഒരു സമൂഹം ക്രൈസ്തവസഭകളിൽ രൂപമെടുത്തെങ്കിലും, അവരുടെ നിഷേധാത്മകമെന്നു വ്യാഖ്യാനിക്കാവുന്ന പ്രതികരണമില്ലായ്മ പുറംലോകത്ത് സഭാസമൂഹങ്ങൾ ചെയ്യുന്നത് മുഴുവൻ ശരിയെന്നു കരുതപ്പെടാനും കാരണമായി. ●

**അറിയിപ്പ്:** ഇപ്പന്റെ 'വിശുദ്ധമറിയക്കുട്ടി'യും മറ്റു പല പ്രമുഖരുടെയും രചനകളും സ്ഥലപരിമിതി മൂലം ഈ ലക്കത്തിൽ ചേർക്കാൻ കഴിയാതെപോയതിൽ ഖേദിക്കുന്നു. അവ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും - എഡിറ്റർ

പിന്നീട് സവിതയും മരിച്ചു. ഗർഭച്ഛിദ്രം നടത്തി രക്ഷിക്കണമെന്ന സവിതയുടെയും ഭർത്താവിന്റെയും അഭ്യർഥനകൾ സംബന്ധിച്ചുള്ള റെക്കോർഡുകൾ ഹോസ്പിറ്റൽ അധികൃതർ നശിപ്പിച്ചു കളയുകയുണ്ടായി.

കത്തോലിക്കാസഭയുടെ കിരാതനിയമത്തിനെതിരെ ആയിരക്കണക്കിന് ജനങ്ങൾ പ്രതിഷേധങ്ങളുമായി രംഗത്തുണ്ട്. ഡോക്ടർമാർക്ക് നിയമപരിരക്ഷ നൽകിയിരുന്നുവെങ്കിൽ, അവർ സവിതയുടെ ജീവൻ രക്ഷിക്കാൻ തയ്യാറാകുമായിരുന്നുവെന്നു പ്രതിഷേധക്കാർ പറയുന്നു. കാരണം, ഹോസ്പിറ്റലിലെ ഡോക്റ്റർമാർ നിയമത്തെ ഭയപ്പെട്ടിരുന്നു.

ആയിരക്കണക്കിന് ഐറീഷ്കാർ ഗർഭം അലസിപ്പിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ വിമാനം കയറി പോവുന്നുണ്ട്. ഓരോ വർഷവും ഏകദേശം നാലായിരംപേർ ബ്രിട്ടനിൽത്തന്നെ ഭ്രൂണഹത്യയ്ക്ക് എത്താറുണ്ടെന്നു സ്ഥിതിവിവരകണക്കുകൾ പറയുന്നു. അയർലൻഡിലെ 1983 -ലെ ഭരണഘടനയനുസരിച്ച്, ഗർഭം അലസിപ്പിക്കൽ (അബോർഷൻ) നിരോധിച്ചിരിക്കുകയാണ്. എങ്കിലും, 1992-ലെ സുപ്രീംകോടതി നിയമം അനുസരിച്ച് അമ്മയുടെ ജീവൻ രക്ഷിക്കുവാൻ അബോർഷൻ ആവാമെന്നുണ്ട്.

മതമൗലികവാദികൾ ചിന്തിക്കുന്നത്, ഗർഭത്തിലെ ശിശുവിന്റെ ഉത്തരവാദിത്വം സ്വർഗത്തിലെ ദൈവത്തിനാണെന്നാണ്. ബലാൽസംഗത്തിൽക്കൂടി ഗർഭം ധരിച്ചാലും അബോർഷൻ പാടില്ല എന്ന് ഐർലണ്ടിൽ നിയമമുണ്ട്. അമേരിക്കയിലെ കത്തോലിക്കാ ഹോസ്പിറ്റലുകളിലും ഇങ്ങനെയുള്ള കഥകൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

അയർലൻഡിലെ പതിന്നാലു വയസുള്ള ഒരു കുട്ടി ബലാൽസംഗത്തിൽക്കൂടി ഗർഭിണിയായ കഥ ഇന്നു വാർത്തയാണ്. അവളുടെ മാതാപിതാക്കൾ അവളെ ബ്രിട്ടനിൽ കൊണ്ടുപോയി ഗർഭം അലസിപ്പിച്ചതിന്റെ പേരിൽ കുട്ടിയെ ജയിലിൽ അടയ്ക്കണമെന്ന് മതഭ്രാന്തന്മാർ മുറവിളികൂട്ടുന്നു. മടങ്ങിവന്ന കുട്ടിക്കെതിരായി തെരുവുകൾതോറും അബോർഷൻ വിരുദ്ധവാദികൾ മുദ്രാവാക്യങ്ങളും മുഴക്കുന്നുണ്ട്.

സ്ത്രീകളുടെ ജീവന്റെ രക്ഷയ്ക്ക് ആവശ്യമെങ്കിൽ, ഗർഭം അലസിപ്പിക്കുവാൻ നിയമഭേദഗതി കൊണ്ടുവരണമെന്നു പ്രതിഷേധക്കാർ ആവശ്യപ്പെടുന്നു. ഇപ്പോഴും കിരാതനിയമങ്ങൾ നിലനിർത്തുന്ന ഈ രാജ്യത്തെ വിനോദസഞ്ചാരികൾ ബഹിഷ്ക്കരിക്കണമെന്നും അവർ

> രണ്ടു ജീവിതങ്ങളിൽ ഒന്നിനെയെങ്കിലും രക്ഷിക്കുവാൻ അനുവദിക്കാത്ത മതഭ്രാന്തരെ ജയിലിൽ അടക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. 'വോട്ടുതെണ്ടിരാഷ്ട്രീയക്കാർ' മതം കല്പിക്കു ന്നതേ അനുസരിക്കുകയുള്ളൂ. കത്തോലിക്കാ സഭാധികാരത്തിന് അലോസരമുണ്ടാക്കുന്ന നിയമഭേദഗതികൾക്ക് അവർ ധൈര്യപ്പെടില്ല.

ആവശ്യപ്പെടുന്നു. കാരണം, അയർലൻഡിന്റെ സാമ്പത്തികഭദ്രതതന്നെ ടൂറിസത്തെ ആശ്രയിച്ചാണ്.

സ്വത്ത് സമ്പാദിക്കൽ, വോട്ടു ചെയ്യൽ, സ്വത്തവകാശം, വേതനം, വിദ്യാഭ്യാസ അവസരങ്ങൾ എന്നീ കാര്യങ്ങളിലെല്ലാം ഈ രാജ്യത്തെ നിയമങ്ങളിൽ സ്ത്രീയും പുരുഷനും ഒന്നുപോലെയാണ്. എന്നാൽ സ്വന്തം ശരീരത്തിൽമാത്രം സ്ത്രീക്ക് അവകാശമില്ല. പുരുഷൻ ഗർഭം ധരിക്കുമായിരുന്നെങ്കിൽ ഓരോ കവലകളിലും ഗർഭം അലസിപ്പിക്കുന്ന ക്ലിനിക്കുകൾ കണ്ടേനെ.

രണ്ടു ജീവിതങ്ങളിൽ ഒന്നിനെയെങ്കിലും രക്ഷിക്കുവാൻ അനുവദിക്കാത്ത മതഭ്രാന്തരെ ജയിലിൽ അടക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. 'വോട്ടുതെണ്ടിരാഷ്ട്രീയക്കാർ' മതം കല്പിക്കുന്നതേ അനുസരിക്കുകയുള്ളൂ. കത്തോലിക്കാ സഭാധികാരത്തിന് അലോസരമുണ്ടാക്കുന്ന നിയമഭേദഗതികൾക്ക് അവർ ധൈര്യപ്പെടില്ല. ഫലത്തിൽ, ഒരു ബാർബേറിയൻ മതരാഷ്ട്രഭരണകൂടമാണ് അയർലൻഡിലുള്ളത്. ബ്രിട്ടൻ എന്ന പരിഷ്കൃതരാജ്യത്തിനു തൊട്ടടുത്താണ് ഈ രാജ്യം. ഇവരുടെ കുടുംബാസൂത്രണവിരുദ്ധ നിയമങ്ങൾ ആധുനികയുഗത്തിനുതന്നെ കളങ്കമാണ്. അസാന്മാർഗികവും യാഥാസ്ഥിതികവുമായ ഇവരുടെ നിയമസംഹിതയാണ് സവിത എന്ന യുവതിയുടെ ജീവൻ നഷ്ടപ്പെടുവാൻ കാരണമായത്. ലോകമനഃസാക്ഷിയെത്തന്നെ ഞെട്ടിപ്പിച്ച ദുഃഖകരമായ ഈ യാഥാർത്ഥ്യം ആധുനിക സമൂഹത്തിനെങ്ങനെ അംഗീകരിക്കുവാൻ സാധിക്കും?

സഭയുടെ ഈ കടുംപിടുത്തനിലപാടിന്റെ പേരിൽ നിഷ്ക്കളങ്കരായ ആയിരക്കണക്കിനു സ്ത്രീകൾ ലോകത്ത് മരിക്കുന്നുണ്ട്. ഒരു രാജ്യം, സഭയുടെ അഭിപ്രായങ്ങൾ മാനിച്ചുമാത്രം നിയമങ്ങൾ ഉണ്ടാക്കുന്നതു കഷ്ടംതന്നെ. ●

## കുമാരീകുമാരന്മാരുടെമേൽ അടിച്ചേൽപ്പിക്കുന്ന നിത്യവ്രതവാഗ്ദാനം മനുഷ്യാവകാശലംഘനം

**- C.V സെബാസ്റ്റ്യൻ മ്ലാട്ടുശ്ശേരിൽ. ഗാന്ധിനഗർ പി.ഒ. കോട്ടയം**

**ലോ**കമെന്തെന്നും ജീവിതമെന്തെന്നും തിരിച്ചറിയാനുള്ള പ്രായവും പക്വതയും എത്താത്ത കൗമാരക്കാരെ പ്രലോഭിപ്പിച്ചും തെറ്റിദ്ധരിപ്പിച്ചും, സെമിനാരിയിലേക്കും കോൺവെന്റിലേക്കും ആട്ടിത്തെളിച്ച് നിത്യവ്രതവാഗ്ദാനമെന്ന 'രാവണൻകോട്ട'യിൽ ആയുഷ്കാലം മുഴുവൻ തളച്ചിടുന്ന സമ്പ്രദായത്തിനെതിരെ പരസ്യപ്രചാരണവും പ്രക്ഷോഭവും നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പ്രായപൂർത്തിയാകാത്തവരുമായുള്ള ലൈംഗികവേഴ്ച പീഡനവും കുറ്റകരവുമാണെങ്കിൽ, പ്രായപൂർത്തിയായാലും ആയതു നിഷേധിക്കുന്നതു പീഡനംതന്നെയാണ്; കുറ്റകരവും. ഇപ്പറഞ്ഞ പീഡനത്തിന് വിധേയരാകുന്നത് പുരോഹിതരും കന്യാസ്ത്രീകളുമാണ്; അത് നടപ്പാക്കുന്നതോ, കത്തോലിക്കാസഭയും. പ്രാഥമികജൈവധർമ്മങ്ങളായ, 'ആഹാര, നീഹാര, മൈഥുന, നിദ്രകളി'ൽ ഏതിന്റെ നിഷേധവും മനുഷ്യാവകാശധ്വംസനംതന്നെ.

അതിനാൽ, മനുഷ്യാവകാശകമ്മീഷനെയോ നീതിന്യായകോടതികളെയോ ഇക്കാര്യത്തിൽ സമീപിക്കേണ്ടിയിരിക്കുന്നു. 'കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം' (KCRM) അതിനു മുൻകൈ എടുക്കണം എന്നഭ്യർത്ഥിക്കുന്നു.

*- 'വിളവധികം, വേലക്കാരോ ചുരുക്കം' എന്ന അവസ്ഥ എല്ലായിടത്തുമെന്നതുപോലെ 'നവീകരണപ്രസ്ഥാന'ത്തിലും ഉണ്ട്. കൂടുതൽ കാര്യങ്ങൾ ഏറ്റെടുക്കാൻ പോയാൽ, നടത്തിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾപോലും അവതാളത്തിലായേക്കാം. അതുകൊണ്ട്, ശരിയെന്നു ബോധ്യമുള്ള കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ കൂടുതൽ ആൾക്കാർ രംഗത്തുവരട്ടെ; കൂടുതൽ പ്രസ്ഥാനങ്ങളുണ്ടാകട്ടെ. ഓരോ കാര്യത്തിനും ഓരോ പ്രസ്ഥാനംതന്നെ രൂപംകൊള്ളട്ടെ. വ്യക്തികളെന്ന നിലയിലും ആൾക്കാർ പ്രതികരിക്കുകയും പ്രവർത്തിക്കുകയും ചെയ്യട്ടെ. അത്തരം സംരംഭങ്ങളെയെല്ലാം പിന്തുണച്ചുകൊണ്ട്, 'നവീകരണപ്രസ്ഥാന'വും 'സത്യജ്വാല'യും നിലകൊള്ളുന്നതായിരിക്കും.*

## 'വൃത്തികെട്ട മാസിക, നിങ്ങൾ കർത്താവിനു മുമ്പിൽ കണക്കു കൊടുക്കേണ്ടിവരും'

**-അനു ട്രീസാ ജോസഫ്, കോട്ടയം**

**'സ**ത്യജ്വാല' എന്ന മാസികയും അതുമായി ബന്ധപ്പെട്ട പ്രസ്ഥാനത്തിന്റെ പ്രവർത്തകരും അറിയുന്നതിന്,

ഒരിക്കൽ യാദൃശ്ചികമായി ഈ മാസിക വായിക്കുവാൻ ഇടയായി. സത്യം പറയാമല്ലോ, വളരെ ദുഃഖം തോന്നി. കത്തോലിക്കാസഭയുടെ വിശ്വാസങ്ങളെയും പ്രവർത്തനങ്ങളെയും ഇത്രയും വൃത്തികെട്ട രീതിയിൽ നിങ്ങൾ വളച്ചൊടിച്ചിരിക്കുന്നത് എത്ര ഖേദകരമാണ്! നിങ്ങൾ വികൃതമാക്കി പ്രദർശിപ്പിച്ചിരിക്കുന്ന എല്ലാക്കാര്യങ്ങൾക്കും ചോദ്യങ്ങൾക്കും കൃത്യമായ മറുപടി കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ ഉണ്ട്. സാത്താൻ നിങ്ങളുടെ കണ്ണുകളെ അസത്യത്തിന്റെ ഇരുൾകൊണ്ട് മറച്ചിരിക്കുന്നു. വൈദികർക്കും സന്യസ്തർക്കും കുറവുകൾ ഉണ്ടാകാം. എന്നാൽ അവരെ വിധിക്കാനോ, അവർക്കെതിരെ കുറ്റം പറയാനോ ഒരുത്തർക്കും, എന്റെ അഭിഷിക്തരെ തൊട്ടുപോകരുത്' എന്ന തിരുവചനത്തിലൂടെ അരുൾചെയ്ത കർത്താവ്, അധികാരം കൊടുത്തിട്ടില്ല. പാവപ്പെട്ട മനുഷ്യരുടെ ഹൃദയ

## നിയമപരിഷ്കരണകമ്മീഷൻ ശിപാർശ നടപ്പാക്കേണ്ടത് അനിവാര്യമാണെന്ന് ഹൈക്കോടതി വിധികൾ തെളിയിക്കുന്നു.

**- ജോയിന്റ് ക്രിസ്റ്റ്യൻ കൗൺസിൽ**

**കൊല്ലം** ശക്തികുളങ്ങര മുക്കാട് തിരുക്കുടുംബ പള്ളിയിലെ വിശ്വാസികളും പള്ളിയധികാരികളും തമ്മിൽ പള്ളിസ്വത്തിനെ സംബന്ധിച്ചുണ്ടായ കേസിൽ, 9/10/2012 ലെ കേരള ഹൈക്കോടതി വിധിയും, തൃശ്ശൂർ സ്വദേശി ജോൺസൻ ദത്തെടുത്ത കുട്ടിയുടെ അവകാശം സംബന്ധിച്ച കേസ്സിൽ ദത്തെടുക്കപ്പെട്ട കുട്ടിക്ക് സ്വാഭാവിക ജനനത്തിലെ കുട്ടികളെപ്പോലെയുള്ള എല്ലാ അവകാശങ്ങളുമുണ്ടെന്ന 7/11/12-ലെ ഹൈക്കോടതി വിധിയും, ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ ചെയർമാനായിരുന്ന നിയമപരിഷ്കരണ കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കേണ്ടതുണ്ടെന്നു തെളിയിച്ചിരിക്കുകയാണെന്ന്, തൃശൂർ സാഹിത്യ അക്കാദമി, വൈലോപ്പിള്ളി ഹാളിൽ 'ജോയിന്റ് ക്രിസ്ത്യൻ ➔

ങ്ങളെ വഞ്ചിക്കുന്ന, അവർക്കിടർച്ച വരുത്തുന്ന, ഇത്തരം വൃത്തികെട്ട മാസികകളും പ്രവർത്തനങ്ങളും പുറപ്പെടുവിക്കുന്ന നിങ്ങൾ വിചാരിച്ചാൽ തകരുന്നതല്ല, കർത്താവിന്റെ 2000-ൽ അധികം വർഷം ഉറപ്പുള്ള സഭ. നിങ്ങൾ ചെയ്യുന്നത് വളരെ ഗുരുതരമായ തെറ്റാണ്. നിങ്ങൾ അനുതപിച്ച് സഭയോടുചേർന്ന് പ്രവർത്തിക്കുവിൻ. അതല്ലെങ്കിൽ നിങ്ങൾ വിധിദിവസം കർത്താവിനുമുമ്പിൽ കണക്കുകൊടുക്കേണ്ടിവരും. ദയവുചെയ്ത് കത്തോലിക്കാ വിശ്വാസികളെ ഉലയ്ക്കുന്ന ഇത്തരം പൈശാചികമായ പ്രസിദ്ധീകരണങ്ങൾ ഇറക്കരുത്. ദൈവത്തിന്റെ കോപാഗ്നിക്ക് പ്രിയ സഹോദരരേ, നിങ്ങൾ ഇരയാകരുത്. നിങ്ങൾ ചെയ്യുന്നത് എത്ര മാരകമായ തെറ്റാണ് എന്നു നിങ്ങൾ അറിയുന്നില്ല....

*-കത്തു മുഴുവൻ ചേർത്തിട്ടില്ല. അഭിഷിക്തരെ തൊടുന്ന 'സത്യജ്വാല'യ്ക്കെതിരെ കോപിഷ്ഠനാകുന്ന ദൈവത്തെ ചൂണ്ടിക്കാട്ടിയുള്ള ഭയപ്പെടുത്തലുകൾ കത്തിൽ ഇനിയുമുണ്ട്.*

*'അനു ട്രീസാ ജോസഫ്, കോട്ടയം'എന്ന ചുരിദാറിൽ പൊതിഞ്ഞുനിൽക്കുന്ന ഒരു യാഥാസ്ഥിതിക ളോഹധാരിയെ ഈ വാക്കുകൾക്കു പിന്നിൽ ആർക്കും കാണാനാകും. മുമ്പൊക്കെ വിശ്വാസികളായിരുന്നു, സഭാകാര്യങ്ങളെന്തെങ്കിലുമൊക്കെ എഴുതുമ്പോൾ പേരോ വിലാസമോ വെളിപ്പെടുത്താൻ ഭയന്നിരുന്നത്. ഇന്നവർ ഫോട്ടോസഹിതം, വിലാസവും ഫോൺനമ്പറും വച്ചെഴുതുന്നു. വികലപൗരോഹിത്യമാകട്ടെ, മുഖംമൂടി വച്ചും.... വിശ്വാസികളുടെ മുന്നേറ്റത്തിന്റെയും പൗരോഹിത്യത്തിന്റെ പിന്മാറ്റത്തിന്റെയും ഒരു തെളിവായി ഇതിനെ കാണാമെന്നു തോന്നുന്നു.*

*ദൈവത്തിന്റെ അഭിഷിക്തരെന്നു ഭാവിച്ചിരുന്ന പൗരോഹിത്യത്തെ 'തൊട്ട്' മാതൃകകാട്ടിയത് പ്രവാചകപ്രമുഖരും ഞങ്ങളുടെ ഗുരുനാഥനായ യേശുതന്നെയും ആയതിനാൽ, ഈ ഭയപ്പെടുത്തലും ശാപവചനങ്ങളുമൊന്നും'സത്യജ്വാല' യെ സ്പർശിക്കുന്നേയില്ല.... എല്ലാകാര്യങ്ങൾക്കും കൃത്യമായ മറുപടി സഭയുടെ മതബോധനഗ്രന്ഥത്തിൽ ഉണ്ടത്രെ! എന്നാൽപ്പിന്നെ അതുവച്ച് വിശ്വാസികളുടെ ചോദ്യങ്ങൾക്ക് മറുപടി തന്നുകൂടേ? ദൈവത്തിന്റെ ഈ അഭിഷിക്തർ അതിനു തയ്യാറാകാത്തതെന്താണ്?*

# പുൽക്കൂട്ടിൽ പിറന്ന യേശുവും റോമിൽ കൊട്ടാരം പണിയുന്ന മാർ ആലഞ്ചേരിയും

**ജോസ് പൗലോസ്, ബാംഗ്ലൂർ**
ഫോൺ: 9663874232.

**മാ**ർ ആലഞ്ചേരി ജർമ്മനിയിലുള്ള തന്റെ പ്രിയപ്പെട്ട ടോമിക്ക് എഴുതിയ കത്ത് വായിച്ചു. പുൽക്കൂട്ടിൽ പിറന്നുവീണ യേശുവിന്റെ പരമ്പരാനുയായികൾക്കു വന്നുപെട്ട ഒരു യോഗം!

പരിമിതികളിൽനിന്നു പെട്ടെന്നാരെങ്കിലും സമ്പന്നരാകുമ്പോൾ അത്തരം വ്യക്തികളെ പ്രശംസിക്കുകയെന്നത് ഒരു പതിവാണല്ലോ. ഈ എഴുത്തു വായിച്ചപ്പോൾ മനുഷ്യന്റെ ഈ ദൗർബല്യത്തെക്കുറിച്ചാണു ഞാനോർത്തുപോയത്. നമ്മളിൽ പലരുടെയും പൂർവ്വികർ മുണ്ടുമുറുക്കിയുടുത്ത് പട്ടിണികിടന്നുണ്ടാക്കിയിട്ടുള്ളതല്ലേ നാമിപ്പോൾ സുഖമായിട്ടനുഭവിക്കുന്നത്? പിന്നെയിപ്പോൾ യേശുവും ശിഷ്യരും ദരിദ്രരായിരുന്നെന്നു പറയുന്നതിലെന്തർത്ഥം? ലോകത്തിൽ ഉണ്ണാനും ഉടുക്കാനുമില്ലാതെ അലയുന്ന ലക്ഷക്കണക്കിന് സഹോദരീ-സഹോദരങ്ങൾ ഉണ്ടെങ്കിൽ അതവരുടെ വിധിയത്രെ! അല്ലെങ്കിൽ ദൈവത്തിന്റെ പദ്ധതി! നിനക്കു രണ്ടുള്ളതിൽ ഒന്ന് ഇല്ലാത്തവനു കൊടുക്കാൻ പറഞ്ഞത് യേശുവിന്റെ വെറും ഭോഷത്വം!

എന്റെ ചെറുപ്പത്തിൽ അപ്പൻ പാടുമായിരുന്ന (ഞങ്ങളും ഏറ്റുപാടിയിരുന്നു) ഒരു പ്രാർത്ഥനാഗീതം ഓർമ്മ വരുന്നു: "എളിമയെന്ന പരമ പുണ്യം തരണമെന്നമ്മേ, നിന്റെ ചെറിയ മക്കൾക്ക്, നിന്റെ ചെറിയ മക്കൾക്ക്, നിന്റെ ചെറിയ മക്കൾക്ക്".

*-ഈ എളിമയുടെ മാതൃകകളാകാൻ നമ്മുടെ സഭാധികാരികൾക്ക് ഇനി എന്നാണാവോ കഴിയുക?*

---

➔ കൗൺസിൽ' സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു.

വിശ്വാസികൾക്ക് സ്വന്തമായോ, കമ്മിറ്റി എന്ന നിലയിലോ പള്ളിയെ പ്രതിനിധാനം ചെയ്യാനും പള്ളിസ്വത്തുക്കളുടെമേൽ അധികാരം അവകാശപ്പെടാനും കഴിയുമെന്ന്, 1980 മുതൽ നടന്നുവന്ന കേസ് 32 വർഷങ്ങൾക്കുശേഷം തീർപ്പാക്കിക്കൊണ്ട് ഹൈക്കോടതി വിധിച്ചിരിക്കുകയാണ്. പള്ളിയും പള്ളിസ്വത്തുക്കളും മാർപ്പാപ്പായിലും മെത്രാന്മാരിലും നിക്ഷിപ്തമാണെന്ന വാദം നിലനിൽക്കുന്നതല്ലെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു. സഭാനിർമ്മിതമായ കാനോൻനിയമം രാഷ്ട്രത്തിന്റെ സിവിൽ നിയമത്തിന് മേലെയല്ലെന്നും ഇത്തരം വ്യക്തിനിയമങ്ങൾക്ക് നിലനിൽപില്ലെന്നും ഹൈക്കോടതി നിരീക്ഷിച്ചു.

'കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് & ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബില്ലും', 'ക്രിസ്ത്യൻ അഡോപ്ഷൻ ബില്ലും' നിയമപരിഷ്ക്കരണകമ്മീഷൻ ശിപാർശ ചെയ്തത് സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബില്ലുകളെക്കുറിച്ച് കെ.സി.ബി.സി.യും പുരോഹിതസമൂഹവും മൗനംവെടിയണമെന്നും, ക്രൈസ്തവസഭകൾ ജനാധിപത്യം സ്വീകരിക്കണമെന്നും, ഇന്ത്യൻ സിവിൽനിയമത്തിനുകീഴിൽ ജനങ്ങൾക്ക് പൗരാവകാശങ്ങൾ നൽകിക്കൊണ്ട് നിയമാനുസൃതം പ്രവർത്തിക്കാൻ തയ്യാറാകണമെന്നും സെമിനാർ അഭിപ്രായപ്പെട്ടു.

**-ആന്റോ കോക്കാട്ട്** (ജന.സെക്രട്ടറി, ജെ.സി.സി.)

ചുമ്മാ!

# ഒരു കത്തോലിക്കാ വിശ്വാസിയുടെ സംശയങ്ങൾ



കെ. കുര്യാക്കോസ് ഏലിയാസ് S

എന്റെ കർത്താവായ യേശുവേ, സംശയിക്കുന്ന തോമ്മായുടെ പാരമ്പര്യം മൂലമാണോ, അതോ സംശയിക്കാതെ വിശ്വസിക്കാൻ കഴിയാത്തവിധം കത്തോലിക്കാസഭയും ഞങ്ങളുടെ സീറോ-മലബാർ സഭയും കാര്യങ്ങളെ വല്ലാതെ മാറ്റിമറിച്ചതുകൊണ്ടാണോ, എന്നിൽ സംശയങ്ങൾ പെരുകുന്നത് എന്നു ഞാൻ സംശയിക്കുന്നു. ഞങ്ങളുടെ മെത്രാന്മാർ, 'പ്രബോധനാധികാരം', 'അപ്രമാദിത്വം' എന്നൊക്കെപ്പറഞ്ഞു തടിതപ്പുന്നതല്ലാതെ, ഞങ്ങളുടെ ഒരു സംശയത്തിനും ചോദ്യത്തിനും ഉത്തരം തരുന്നില്ല, കർത്താവേ. അതുകൊണ്ട്, അങ്ങേ സത്യവചനത്തിന്റെ തിരുവില്ലാവിൽ എന്റെ വിരലുകൾ തൊടുവിച്ച് എനിക്ക് സംശയനിവൃത്തി വരുത്തിത്തരണമേ!

1. അങ്ങു പറഞ്ഞു, 'ദൈവത്തെ പൂർണ്ണഹൃദയത്തോടും മറ്റുള്ളവരെ തന്നെത്തന്നെയെന്നപോലെയും സ്നേഹിച്ചു ജീവിച്ചാൽ മതി; ദൈവകല്പനകളുടെയെല്ലാം പാലനം അതിൽ അടങ്ങിയിരിക്കുന്നു' എന്ന്. അപ്പോൾപ്പിന്നെ, തിരുസഭയുടെ അഞ്ചു കല്പനകളും കാനോൻനിയമവുമൊക്കെ പാലിക്കേണ്ടതുണ്ടോ, കർത്താവേ?
2. കർത്താവേ, പരദ്രോഹം ചെയ്യുന്നവനോ, അതോ തിരുസഭയുടെ കല്പനകൾ ലംഘിക്കുന്നവനോ, പാപി?
3. പന്തിയോസ് പീലാത്തോസിന്റെ കാലത്തുതന്നെയാണ് അങ്ങു പീഡകൾ സഹിച്ചു കുരിശിൽ മരിച്ചതെന്നുംമറ്റും വിശ്വസിച്ചാലേ ആത്മരക്ഷ പ്രാപിക്കാനാവൂ എന്നുണ്ടോ കർത്താവേ? അതുപോലെതന്നെ, സഭ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന അവിശ്വസനീയങ്ങളായ 'വിശ്വാസസത്യ'ങ്ങളിലുമൊക്കെ ഞങ്ങളുടെ തലച്ചോർ മരവിപ്പിച്ച് വിശ്വസിക്കേണ്ടതുണ്ടോ, കർത്താവേ?
4. അങ്ങു സ്ഥാപിച്ചതായി 4-ാം നൂറ്റാണ്ടിൽ സഭ കണ്ടുപിടിച്ച കുർബാന കണ്ടാൽ, അതു ദൈവസ്നേഹമോ പരസ്നേഹമോ ആകുമോ, കർത്താവേ?
5. ഓസ്തിയും വീഞ്ഞും കുർബാനയിൽ അങ്ങേ ശരീരവും രക്തവുമായി മാറുന്നുണ്ടെന്ന തിരുസഭയുടെ 13-ാം നൂറ്റാണ്ടിലെ കണ്ടുപിടുത്തം ശരിയാണോ, കർത്താവേ?
6. കൂദാശകളിലൂടെയാണു മനുഷ്യർക്കു ദൈവവരപ്രസാദം ലഭിക്കുന്നതെന്ന സഭയുടെ പഠിപ്പിക്കലിനെ അങ്ങ് അംഗീകരിക്കുന്നുണ്ടോ, കർത്താവേ?
7. സഭയുടെ 7 കൂദാശകളിൽ ഒന്നെങ്കിലും അങ്ങ് യഥാർത്ഥത്തിൽ സ്ഥാപിച്ചതാണോ എന്നും, ആർക്കെങ്കിലും കൂദാശകൾ സൃഷ്ടിക്കാൻ അങ്ങ് അധികാരം കൊടുത്തുവോ എന്നും എനിക്കു വെളിവാക്കിത്തരണേ, കർത്താവേ.
8. വെള്ളിയാഴ്ചകളിലെ ഇറച്ചിവിലക്കു ലംഘിച്ചതിന്റെ പേരിൽ മുമ്പ് നിത്യനരകത്തിൽ തള്ളിയവരെ, തിരുസഭ ആ വിലക്കു മാറ്റിയപ്പോൾ എന്തു ചെയ്തു, കർത്താവേ?
9. സ്നേഹസ്വരൂപനായ കർത്താവേ, അങ്ങേക്കെങ്ങനെ തീനരകവും ശുദ്ധീകരണസ്ഥലവുമൊക്കെ സൃഷ്ടിക്കാൻ തോന്നി? സൃഷ്ടിയുടെ എത്രാംദിവസമായിരുന്നു കർത്താവേ, ഈ സൃഷ്ടികർമ്മം? 7-ാം ദിവസവും അങ്ങു വിശ്രമിച്ചില്ലെന്നോ?
10. കാലുകഴുകലിന്റെയും അന്ത്യഅത്താഴമേശയുടെയും ആചരണത്തിൽ എങ്ങനെയാണു കർത്താവേ ബലി കടന്നുകൂടിയത്? ശുശ്രൂഷകരുടെയും പ്രബോധകരുടെയും സ്ഥാനത്ത്, അധികാരികളും പുരോഹിതരും കടന്നുവന്നതെങ്ങനെ, കർത്താവേ?
11. 'മലമുകളിലോ, പള്ളികളിലോ അല്ല, സത്യത്തിലും അരൂപിയിലുമാണ് ദൈവത്തെ ആരാധിക്കേണ്ടത്' എന്നങ്ങു പഠിപ്പിച്ചു: അങ്ങനെയെങ്കിൽ, മലമുകളിൽ പള്ളികളും കുരിശടികളും തീർത്ഥാടനകേന്ദ്രങ്ങളുമുണ്ടാക്കി ദൈവാരാധനയ്ക്കായി ഞങ്ങളെ അവിടേക്ക് ആട്ടിത്തെളിക്കുന്ന സഭാധികാരികൾ, മനുഷ്യരെ ദൈവത്തിൽനിന്നകറ്റുകയല്ലേ കർത്താവേ ചെയ്യുന്നത് ? കർത്താവേ, കുറേ സംശയങ്ങൾകൂടി:
12. സഭയാണോ ആരാധനക്രമമാണോ മൂത്തത്? ആരാധനക്രമമാണെന്നും വിശ്വാസികൾ ആരാധനാക്രമികൾ ആയാൽ മതിയെന്നും സഭ പഠിപ്പിക്കുന്നു. കർത്താവേ, ഞങ്ങളെന്തു ചെയ്യണം?
13. മനുഷ്യരെല്ലാം ദൈവപുത്രരാണെന്നു പഠിപ്പിച്ച അങ്ങെങ്ങനെ ദൈവത്തിന്റെ ഏകജാതനായി എന്നു വെളിപ്പെടുത്തിത്തരണമേ.
14. ദൈവത്തെയും മാമോനെയും ഒരുമിച്ചു സേവിക്കാനാവില്ല എന്ന് അങ്ങു പറഞ്ഞതുപോലെ, അങ്ങയെയും കത്തോലിക്കാസഭയെയും ഒരുമിച്ചു വിശ്വസിക്കാൻ കർത്താവേ; ഞങ്ങൾക്കാകുന്നില്ലല്ലോ; യേശുവേ, ഞങ്ങളാരെയാണു വിശ്വസിക്കേണ്ടത്?

ഫോൺ: 9747304646



*Edited and Published by George Moolechalil on behalf of the 'Kerala Catholic church Reformation Movement' (KCRM) & Printed at Print House Pala Ph:04822 213163 (For Private Circulation Only)*

# മോണിക്കായുടെ സമരപരിപാടികൾക്ക്
## ജെ.സി.സി– യുടെ പൂർണ്ണപിന്തുണ

(2012 നവംബർ 24–ന് പാലാ ടോംസ് ചേമ്പർ ഹാളിൽ ചേർന്ന ചർച്ചാസമ്മേളനത്തിലെ ദൃശ്യങ്ങൾ. റിപ്പോർട്ട് 5–ാം പേജിൽ)



സർവ്വശ്രീ ആന്റോ കോക്കാട്ട്, ഇന്ദുലേഖാ ജോസഫ്, ലാലൻ തരകൻ, ജോസഫ് വെളിവിൽ, മോണിക്കാ തോമസ്, ഇ.ആർ. ജോസഫ്



പ്രസംഗിക്കുന്നത് ജോസഫ് വെളിവിൽ



മോണിക്കാ തോമസ് സംസാരിക്കുന്നു



സദസ്സ്



ആന്റോ കോക്കാട്ടിന്റെ പ്രസംഗം



'നവീകരണത്തിലേക്ക് ഒരു വഴി' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ശ്രീ. ലാലൻ തരകൻ നിർവ്വഹിക്കുന്നു.

# 'സത്യജ്വാല' വിതരണംചെയ്യുന്ന പുസ്തകങ്ങൾ

| പുസ്തകം | ഗ്രന്ഥകാരൻ | വില |
|---|---|---|
| **സഭാനവീകരണത്തിലേക്ക് ഒരു വഴി** | **ചാക്കോ കളരിക്കൽ** | **Rs.150** |
| **പരിപാവനങ്ങളായ അസംബന്ധങ്ങൾ** | **സേവ്യർ വില്യം** | **Rs.130** |
| **പുതിയലോകം പുതിയവഴി** | **ഡി.പങ്കജാക്ഷൻ** | **Rs.70** |
| **ആസ്തികൃവാദം** | **എം.പി.പോൾ** | **Rs.60** |
| **ശാസ്ത്രയുഗത്തിലെ വേദാന്തപഠനം** | **വയലാർ മൈക്കിൾ** | **Rs.80** |
| നസ്രായനും നാറാണത്തുഭ്രാന്തനും | ഇപ്പൻ | Rs.20 |
| അവബോധത്തിലേക്ക് (ഭാഗം I: ചിന്താപഥം) | സക്കറിയാസ് നെടുങ്കനാൽ | Rs.100 |
| അവബോധനത്തിലേക്ക് (ഭാഗം II: ഭാവ്യതാപഥം | സക്കറിയാസ് നെടുങ്കനാൽ | Rs.100 |
| മതാധിപത്യം കത്തോലിക്കാസഭയിൽ | ചാക്കോ കളരിക്കൽ | Rs.80 |
| ലൈംഗികതയും പൗരോഹിത്യവും | ചാക്കോ കളരിക്കൽ | Rs.80 |
| ഇടയൻ (നോവൽ) | ചാക്കോ കളരിക്കൽ | Rs.110 |
| മോചനകാഹളം (കവിത) | റവ. ഡോ.ജയിംസ് ഗുരുദാസ് CMI | Rs.90 |
| മതങ്ങളും പുരോഹിതമേധാവിത്വവും | പ്രൊഫ.കെ.എം.എബ്രാഹം | Rs.80 |
| കുപ്രസിദ്ധരായ മാർപ്പാപ്പാമാർ | പ്രൊഫ. കെ.എം. എബ്രഹാം | Rs.80 |
| ആദ്ധ്യാത്മികത ഉണർത്തുന്ന ചോദ്യങ്ങൾ | ജോർജ് മൂലേച്ചാലിൽ | Rs.50 |
| നവോത്ഥാനം നവനാഗരികതയിൽ | ജോർജ് മൂലേച്ചാലിൽ | Rs.90 |

## 'ഓശാനയിൽനിന്നുള്ള ഗ്രന്ഥങ്ങൾ'

| | | |
|---|---|---|
| യേശുവും സഭയും | ജോർജ് മൂലേച്ചാലിൽ | Rs.80 |
| Acts and Decrees of the Synod of Diamper | (Editor, Dr.Scaria Zacharia) | Rs.150 |
| ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ | (എഡിറ്റർ:ഡോ.സ്കറിയ സക്കറിയ) | Rs.100 |
| മാനിക്കേയൻ കുരിശുവിവാദം – | വിവിധ ലേഖകർ | Rs.50 |
| ഉദയംപേരൂർ സൂനഹദോസ്– ഒരു ചരിത്രവിചാരണ | വിവിധ ലേഖകർ | Rs.50 |
| പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ | ജോസഫ് പുലിക്കുന്നേൽ | Rs.80 |
| കേരളക്രൈസ്തവചരിത്രം – വിയോജനക്കുറിപ്പുകൾ | ജോസഫ് പുലിക്കുന്നേൽ | Rs.70 |
| കാനോൻ നിയമത്തിലെ കാണാച്ചരടുകൾ | ജോസഫ് പുലിക്കുന്നേൽ | Rs.80 |
| Identity of Nazrani Church of Kerala | ജോസഫ് പുലിക്കുന്നേൽ | Rs.75 |
| ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ | ജോസഫ് പുലിക്കുന്നേൽ | Rs.125 |
| പേപ്പസി– ചരിത്രപരമായ ഒരു പഠനം | ജോസഫ് പുലിക്കുന്നേൽ | Rs.50 |
| RSS- Christian Perspective Meet | Team of Speakers | Rs.100 |
| The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-Portuguese period- a study | ജോസഫ് പുലിക്കുന്നേൽ | Rs.25 |
| ഓശാനയുടെ എഡിറ്റോറിയലുകൾ | ജോസഫ് പുലിക്കുന്നേൽ | Rs.120 |
| ഓശാനയുടെ എഡിറ്റോറിയലുകൾ | ജോസഫ് പുലിക്കുന്നേൽ | Rs.80 |
| ഓശാനയുടെ 25 വർഷം–വിലയിരുത്തലുകൾ | വിവിധ ലേഖകർ | Rs.80 |

(ആവശ്യമുള്ള ഗ്രന്ഥങ്ങളുടെ ലിസ്റ്റ് അറിയിച്ചുകൊണ്ട്, തുക 'സത്യജ്വാല'യുടെ സർക്കുലേഷൻ മാനേജർക്ക് അയയ്ക്കുക. സാധാരണ തപാലിൽ, പുസ്തകം അയച്ചുതരുന്നതാണ്. പോസ്റ്റേജ് സൗജന്യം. 500 രൂപയിൽ കൂടിയ തുകയ്ക്ക് പുസ്കങ്ങൾ വാങ്ങുന്നവർക്ക് വിലയിൽ 10% ഡിസ്ക്കൗണ്ട് ഉണ്ടായിരിക്കും)